# കത്തോലിക്കാസഭ

The Monthly Newspaper in Malayalam from the Archdiocese of Trichur

സത്യം നിങ്ങളെ സ്വതന്ത്രരാക്കും

03 മാർച്ച് 2024

Established: 1977

പുസ്തകം 48 | ലക്കം 03
പേജ് 12 | വില: 4.25 |

www.catholicasabha.org
www.catholicasabha.org/e_paper
catholicasabha@gmail.com
fb.com/catholicasabhanews

RNI. No. 29451/1977
Registered - KL/TCR/274/2024-2026
Licence No. KL/CR/TCR/WPP-04/2024-26
Licensed to Post Without Prepayment
Date of Publication: 01.03.2024




തൃശൂർ അതിരൂപത സംഘടിപ്പിച്ച സമുദായ ജാഗ്രതാ സമ്മേളനം സെന്റ് തോമസ് കോളജിലെ മാർ കുണ്ടുകുളം നഗറിൽ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്നു. കേരള കാത്തലിക് ഫെഡറേഷൻ പ്രസിഡന്റ് പ്രൊഫ. കെ. എം ഫ്രാൻസീസ്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന, മാതൃവേദി ഗ്ലോബൽ പ്രസിഡന്റ് ബീന ജോഷി, സി.ആർ.ഐ. പ്രസിഡന്റ് സിസ്റ്റർ സോഫി പേരേപ്പാടൻ എസ്. എ. ബി. എസ്., കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ജനറൽ സെക്രട്ടറി രാജീവ് കൊച്ചുപറമ്പിൽ, സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, ദീപിക സർക്കുലേഷൻ ജനറൽ മാനേജർ ഫാ. ജിനോ പുന്നമറ്റത്തിൽ, കത്തോലിക്കാ കോൺഗ്രസ് അതിരൂപത പ്രസിഡന്റ് ജോഷി വടക്കൻ, മോൺ. ജോസ് വല്ലൂരാൻ, മോൺ. ജോസ് കോനിക്കര, ഫാ. ഫ്രാൻസീസ് പള്ളിക്കുന്നത്ത് എന്നിവർ മുൻനിരയിൽ


## പാലയൂർ മഹാതീർത്ഥാടനം മാർച്ച് 17ന്

തൃശൂർ: പാലയൂർ മഹാതീർത്ഥാടനം മാർച്ച് 17ന് ഞായറാഴ്ച നടത്തും. അന്ന് പുലർച്ചെ 4.30ന് ലൂർദ്ദ് കത്തീഡ്രലിൽ നിന്ന് വിശുദ്ധ കുർബാനയ്ക്ക് ശേഷം മുഖ്യ പദയാത്ര ആരംഭിക്കും. ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ലൂർദ്ദ് വികാരി ഫാ. ഡേവീസ് പുലിക്കോട്ടിലിന് പേപ്പൽ പതാക കൈമാറി പദയാത്രയുടെ ഉദ്ഘാടനം നിർവഹിക്കും. മുഖ്യ പദയാത്ര ഉച്ചയ്ക്ക് പാലയൂർ പള്ളിയിലെത്തും.

മുഖ്യ പദയാത്രയിൽ പങ്കുചേരാൻ കഴിയാത്തവരുടെ രണ്ടാംഘട്ട പദയാത്ര പാവറട്ടി പള്ളിയിൽ നിന്ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് ആരംഭിക്കും. മറ്റു ഉപപദയാത്രകൾ പതിവുപോലെ രാവിലെ വിശുദ്ധ കുർബാനയ്ക്കുശേഷം അതതുമേഖലകളിൽ നിന്ന് പാലയൂർ പള്ളിയിലേക്ക് പുറപ്പെടും. വൈകീട്ട് നാലിന് പാലയൂർ പള്ളിയിൽ പൊതു സമ്മേളനം നടത്തും. മദ്രാസ് മൈലാപൂർ ആർച്ച്ബിഷപ് റവ. ഡോ. ജോർജ് അന്തോണിസാമി ഉദ്ഘാടനം ചെയ്യും. മാർ ആൻഡ്രൂസ് താഴത്ത്, മാർ ടോണി നീലങ്കാവിൽ തുടങ്ങിയവർ പങ്കെടുക്കും. പദയാത്രയ്ക്ക് ജനറൽ കൺവീനർ ഫാ. ജോസഫ് വൈക്കാടൻ, വികാരി ജനറാൾമാരായ മോൺ. ജോസ് വല്ലൂരാൻ, മോൺ. ജോസ് കോനിക്കര തുടങ്ങിയവർ നേതൃത്വം നൽകും.

മരണത്തെ കീഴടക്കി യേശുക്രിസ്തു മഹത്വത്തിലേക്കു പ്രവേശിച്ചതിന്റെ ഓർമ്മ പുതുക്കി ഉത്ഥാന തിരുനാൾ ആഗതമാകുന്നു. എല്ലാ വായനക്കാർക്കും

**ഈസ്റ്റർ ആശംസകൾ**



## സിബിസിഐയെ നയിക്കാൻ വീണ്ടും മാർ താഴത്ത്



ബെഗളൂരു: കാത്തലിക് ബിഷപ്സ് കോൺഫ്രൻസ് ഓഫ് ഇന്ത്യ (സി.ബി.സി.ഐ)യെ അടുത്ത രണ്ടു വർഷത്തേക്ക് ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് നയിക്കും. ബെംഗളൂരു സെന്റ് ജോൺസ് നാഷണൽ അക്കാഡമി ഓഫ് ഹെൽത്ത് സയൻസിൽ ചേർന്ന സി.ബി.സി.ഐ 36–ാം ജനറൽ ബോഡി യോഗമാണ് മാർ താഴത്തിനെ പ്രസിഡന്റായി തെരഞ്ഞെടുത്തത്.

ഇത് രണ്ടാം തവണയാണ് മാർ താഴത്ത് സി.ബി.സി.ഐ. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുന്നത്.

ഒന്നാം വൈസ് പ്രസിഡന്റായി മദ്രാസ് – മൈലാപ്പൂർ ആർച്ച് ബിഷപ്ഡോ. ജോർജ് അന്തോണിസാമിയേയും, രണ്ടാം വൈസ് പ്രസിഡന്റായി ബത്തേരി ബിഷപ് ജോസഫ് മാർ തോമസിനേയും തെരഞ്ഞെടുത്തിട്ടുണ്ട്. ഡൽഹി ആർച്ച് ബിഷപ് ഡോ. അനിൽ ജോസഫ് തോമസ് കുട്ടോയാണ് സെക്രട്ടറി ജനറൽ.

# നീതിക്കായി ജാഗ്രത

**സ്വന്തം ലേഖകൻ**

### ഭരണ നേതൃത്വങ്ങൾക്ക് മുന്നറിയിപ്പുമായി അതിരൂപതാ ജാഗ്രതാ സമ്മേളനം

തൃശൂർ: തൃശൂർ അതിരൂപത സംഘടിപ്പിച്ച സമുദായ ജാഗ്രതാ സമ്മേളനം ഭരണഘടനാ മൂല്യങ്ങൾ നിരാകരിക്കുന്നതിനെതിരെ, മതസ്വാതന്ത്ര്യ നിഷേധത്തിനെതിരേ മതേതരത്വം കൈവെടിഞ്ഞ് മതരാഷ്ട്ര നിർമാണത്തിനെതിരേ നടത്തിയ സിംഹ ഗർജ്ജനമായി. ഭരണനേതൃത്വങ്ങൾ അഴിമതിയുടെയും രാഷ്ട്രീയത്തിന്റെയും പ്രതീകങ്ങളാകുന്നതിൽ സമ്മേളനം ശക്തമായ മുന്നറിയിപ്പു നൽകി.


രാജ്യത്തെ മതഭാഷാ ന്യൂനപക്ഷങ്ങളും ദളിത് പിന്നോക്ക ജനവിഭാഗങ്ങളും കടുത്ത അരക്ഷിതാവസ്ഥയിലൂടെ മുന്നോട്ടുപോകുന്നത് സമ്മേളനം ചർച്ച ചെയ്തു. സ്വാതന്ത്ര്യത്തിനുശേഷം പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഭരണഘടനാ വിധാതാക്കളും സ്വാതന്ത്ര്യസമരസേനാനികളും സ്വപ്നം കണ്ട ലക്ഷ്യങ്ങളിൽ നിന്ന് ഇന്ത്യ ബഹുദൂരം വ്യതിചലിച്ചുകൊണ്ടിരിക്കുന്നതിന്റെ നേർചിത്രങ്ങൾ സമ്മേളനം പങ്കുവെച്ചു. മതേതര ഇന്ത്യയിൽ ക്രിസ്ത്യാനിയായി ജനിച്ചതിന്റെ പേരിൽ മാത്രം നിരവധി പേർ ആക്രമണങ്ങൾക്കിടയാവുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. ക്രൈസ്തവ ദേവാലയങ്ങൾക്കുനേരെയും സ്ഥാപനങ്ങൾക്കുനേരെയും ആക്രമണങ്ങൾ തുടരുന്നു. മതപരിവർത്തന നിരോധന നിയമത്തിൻ മറവിൽ പുരോഹിതരെയും സന്യാസിനികളെയും അറസ്റ്റ് ചെയ്യുന്നു. ക്രൈസ്തവർ പീഡിപ്പിക്കപ്പെട്ട മണിപ്പൂരിനുശേഷം വിദ്വേഷത്തിന്റെ വക്താക്കൾ യുപിയിലും ആസാമിലും ഛത്തീസ്ഗഢിലും ക്രൈസ്തവരെ ദ്രോഹിക്കാൻ രംഗത്തിറങ്ങിയിരിക്കുന്നു. ആസാമിൽ ക്രൈസ്തവർ നടത്തുന്ന സ്കൂളുകളിലെ ക്രിസ്തുവിന്റേയും കന്യാമറിയത്തിന്റേയും രൂപങ്ങളും കുരിശും ഉടൻ മാറ്റണമെന്നാണ് അന്ത്യശാസനം നൽകിയിരിക്കുന്നു. ആസാമിന്റെ വിദ്യാഭ്യാസ ആതുര ശുശ്രൂഷ മേഖലകളിൽ വലിയ സംഭാവന ചെയ്ത ക്രൈസ്തവ സമൂഹത്തെ മണിപ്പൂരിലെപ്പോലെ ആട്ടിയോടിക്കാൻ ആസൂത്രിത ശ്രമങ്ങൾ നടക്കുന്നു. ഛത്തീസ്ഗഢിൽ ക്രിസ്ത്യൻ മിഷനറിമാർ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ സജീവമാകുന്നുണ്ടെന്നും ഇതെല്ലാം ഉടനെ അവസാനിപ്പിക്കണമെന്നുമാണ് ഒരു ഹിന്ദു തീവ്രവാദ നേതാവ് ഭീഷണി മുഴക്കിയത്. സമാനമായ ഭീഷണികൾ മറ്റു ചില സംസ്ഥാനങ്ങളിൽനിന്ന് ഉയർന്നു. കേരളത്തിലെ ക്രൈസ്തവ ദേവാലയങ്ങളെ കുറിച്ച് ചിലർ നടത്തുന്ന പ്രസ്താവനകളും ഇതിനോട് ചേർത്തു വായിക്കേണ്ടതാണ്. ഈ ഭീഷണികൾക്കും പോർവിളികൾക്കുമെതിരെ സമുദായ ജാഗ്രതാ സമ്മേളനം മുന്നറിയിപ്പു നൽകി.

വോട്ട് ബാങ്ക് ലക്ഷ്യം വെച്ച് വിവിധ രാഷ്ട്രീയപാർട്ടികൾ ക്രൈസ്തവരുടെ ന്യൂനപക്ഷാവകാശങ്ങൾക്കു മുൻപിൽ മുഖം തിരിച്ചു നിൽക്കുന്നു. ന്യൂനപക്ഷ സ്കോളർഷിപ്പുകൾ ജനസംഖ്യാനുപാതികമായി വിതരണം ചെയ്യണമെന്ന ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയെ സമീപിച്ചിരിക്കുകയാണ് ഇടതുപക്ഷ സർക്കാർ. കേരളത്തിലെ വലിയ ന്യൂനപക്ഷത്തിനെ പ്രീണിപ്പിക്കാനാണ് ഈ നീക്കമെന്ന് സഭ മുന്നറിയിപ്പ് നൽകുന്നുണ്ട്. ക്രൈസ്തവർക്ക് നീതി ലഭ്യമാകുന്നതിനു വേണ്ടി സമർപ്പിച്ച ജെബി കോശി കമ്മീഷൻ റിപ്പോർട്ടിൽ സർക്കാർ മൗനം പാലിക്കുന്നു.

അമേരിക്കയിലും ഓസ്ട്രേലിയയിലും അബുദാബിയിലുമൊക്കെ ഹൈന്ദവക്ഷേത്രങ്ങളാകാം. ഇന്ത്യയിലെ നൂറുകണക്കിന് ക്രൈസ്തവ ആരാധനാലയങ്ങൾ നശിപ്പിക്കപ്പെടുമ്പോൾ സർക്കാർ മൗനംപാലിക്കുന്നു. കാർഷികോൽപന്നങ്ങളുടെ വില യഥാസമയം നൽകാതെ കർഷകരെ ദ്രോഹിക്കുന്നു. കാർഷിക രംഗത്ത് ന്യായവില ഉറപ്പിക്കാനോ വന്യജീവി ആക്രമണം തടയാനോ സർക്കാർ രംഗത്ത് വരുന്നില്ല. ഈ പ്രശ്നങ്ങളെല്ലാം മറന്നു രാഷ്ട്രീയനേട്ടം കൈവരിക്കാൻ പാർട്ടികൾ മോഹന വാഗ്ദാനങ്ങൾ നൽകി തെരഞ്ഞെടുപ്പ് രംഗത്താണ്. സമുദായം നേരിടുന്ന അവഗണനയും ആശങ്കകളും രാഷ്ട്രീയനേതൃത്വങ്ങൾക്ക് മുമ്പിൽ ശക്തമായി അവതരിപ്പിക്കാൻ ജാഗ്രതാ സമ്മേളനം വേദിയായി. നീതിക്ക് വേണ്ടിയുള്ള മുറവിളി അവഗണിക്കുന്നവരെ പൊതു തിരഞ്ഞെടുപ്പിൽ തിരിച്ചറിയണമെന്ന് ഉദ്ഘോഷിച്ചുകൊണ്ടാണ് സമ്മേളനം പിരിഞ്ഞത്.



*മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ സന്ദർശിച്ചപ്പോൾ. തികച്ചും സൗഹൃദ സന്ദർശനമായിരുന്നുവെന്നും മറ്റു വിഷയങ്ങളൊന്നും ചർച്ച ചെയ്തില്ലെന്നും മാർ തട്ടിൽ അറിയിച്ചു.*



## കർദിനാൾ ഫിലിപ് നേരി ഏഷ്യൻ ബിഷപ്സ് കോൺഫ്രൻസ് പ്രസിഡന്റ്

ബാങ്കോക്ക്: ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫ്രൻസ് പ്രസിഡന്റായി ഗോവ ആർച്ച്ബിഷപ് കർദിനാൾ ഫിലിപ് നേരി ഫെറാവൊ തെരഞ്ഞെടുക്കപ്പെട്ടു.

ഫിലിപ്പീൻസിലെ കലൂക്കാൻ ബിഷപ് പാബ്ലോ വിർജീലിയോ സയങ്കോ ഡേവിഡിനെ വൈസ് പ്രസിഡന്റായി തെരഞ്ഞെടുത്തു. ടോക്കിയോ ആർച്ച്ബിഷപ് ടാർസിഷ്യോ ഇസാവോ കികുചി സെക്രട്ടറി ജനറലായി തുടരും. അടുത്ത ജനുവരിയിൽ നിലവിലെ പ്രസിഡന്റ് യങ്കൂൺ ആർച്ച്ബിഷപ് കർദിനാൾ ചാൾസ് മോംഗ് ബൊയുടെ കാലാവധി കഴിയുമ്പോഴായിരിക്കും കർദിനാൾ ഫിലിപ് നേരി ഫെറാവൊ സ്ഥാനമേറ്റെടുക്കുക.

## അടിയന്തിര ആവശ്യങ്ങളുമായി സഭ

തൃശൂർ: ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്, സംസ്ഥാന ഇ ഡബ്ല്യൂ എസ് മാനദണ്ഡങ്ങളുടെ പരിഷ്കരണം, വന്യമൃഗ ശല്യ നിയന്ത്രണം എന്നീ വിഷയങ്ങളിൽ ലോകസഭാ തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറത്തു വരുന്നതിനു മുമ്പായി അടിയന്തര പ്രാധാന്യത്തോടെ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ നടപടിയെടുക്കണമെന്ന് സീറോ മലബാർ സഭ ആവശ്യപ്പെട്ടു. സഭയ്ക്കുവേണ്ടി പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ മാർ ആൻഡ്രൂസ് താഴത്താണ് ആവശ്യങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളത്.

ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ട് ഒമ്പതു മാസങ്ങൾ കഴിഞ്ഞു. രണ്ടു വർഷത്തെ പഠനം പൂർത്തിയാക്കിയാണ് കേരളത്തിലെ ക്രൈസ്തവരുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥയെക്കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ട് 2023 മെയ് 17ന് സർക്കാരിന് സമർപ്പിച്ചത്. എന്നാൽ, ഈ റിപ്പോർട്ട് പുറത്തുവിടാനോ നടപടിയെടുക്കാനോ സർക്കാർ തയ്യാറായിട്ടില്ല എന്ന് സീറോ മലബാർ സഭ വ്യക്തമാക്കി.

സംവരണ രഹിത വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കായുള്ള സംവരണം (ഇ ഡബ്ല്യൂ എസ്) മാനദണ്ഡങ്ങൾ പരിഷ്കരിക്കാൻ സംസ്ഥാന സർക്കാർ ഇതുവരെ നടപടി എടുത്തിട്ടില്ല. 2020 ജനുവരി മൂന്നിന് പ്രഖ്യാപിച്ച മാനദണ്ഡങ്ങൾ മൂന്നുവർഷം കൂടുമ്പോൾ പരിഷ്കരിക്കുമെന്ന് ഉറപ്പുനൽകിയിരുന്നു. എന്നാൽ, നാലുവർഷം പൂർത്തിയായിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. നിലവിലുള്ള മാനദണ്ഡങ്ങൾ പലതും അശാസ്ത്രീയവും അപര്യാപ്തവും ആണെന്ന് സീറോ മലബാർ സഭ വ്യക്തമാക്കി.

കേന്ദ്രസർക്കാരിന്റെ ഇ ഡബ്ല്യു എസ് മാനദണ്ഡങ്ങൾ പ്രകാരം പഞ്ചായത്തുകളിലെ റസിഡൻഷ്യൽ പ്ലോട്ടിന് 4.13 സെന്റും മുനിസിപ്പാലിറ്റികളിൽ 2.1 സെന്റുമാണ്. കേരളത്തിൽ പുരയിടമായി രേഖപ്പെടുത്തിയിരിക്കുന്ന കൃഷിഭൂമികളെയെല്ലാം റസിഡൻഷ്യൽ പ്ലോട്ടുകളായി കണക്കാക്കിയിരിക്കുന്നതിനാൽ പലർക്കും കേന്ദ്ര ഇ ഡബ്ല്യു എസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. ഇതുമൂലം അനേകായിരങ്ങൾക്ക് അർഹമായ തൊഴിലവസരങ്ങളും ഉന്നത വിദ്യാഭ്യാസ അവസരങ്ങളും നഷ്ടമാവുകയാണ്. ഇ ഡബ്ല്യൂ എസ് മാനദണ്ഡങ്ങൾ സംബന്ധിച്ച കേന്ദ്രസർക്കാർ നിർദേശം സംസ്ഥാന സർക്കാർ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ ചട്ടം അനുസരിച്ചുള്ള റസിഡൻഷ്യൽ പ്ലോട്ടിന് പുറത്ത് കൃഷി ആവശ്യത്തിനു ഉപയോഗിക്കുന്ന ഭൂമി കൃഷിഭൂമിയായി തന്നെ കണക്കാക്കേണ്ടതാണ്. 2022 സെപ്റ്റംബർ 19ന് കേന്ദ്രസർക്കാർ ഇത് സംബന്ധിച്ച് വ്യക്തമായ മാർഗനിർദേശം പുറപ്പെടുവിക്കുകയും അത് നടപ്പിലാക്കാൻ സംസ്ഥാന ചീഫ് സെക്രട്ടറിമാർക്ക് കത്ത് നൽകുകയും ചെയ്തിരുന്നു. ഈ നിർ

(ശേഷം പേജ് 11)


## നവീകരണത്തിലേക്കുള്ള യാത്ര: മാർപാപ്പ

വത്തിക്കാൻസിറ്റി: പാപത്തിന്റെ ബന്ധനത്തിൽ നിന്ന് ആത്മീയ നവീകരണത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും നടത്തുന്ന യാത്രയുടെ കാലമാണ് നോമ്പുകാലം എന്ന് ഫ്രാൻസിസ് മാർപാപ്പ. വലിയ നോമ്പിനോടനുബന്ധിച്ച് പുറപ്പെടുവിച്ച സന്ദേശത്തിലാണ് മാർപാപ്പ ഇക്കാര്യം വ്യക്തമാക്കിയത്.



**നോമ്പുകാലം**

പുറപ്പാട് പുസ്തകത്തെ കേന്ദ്രീകരിച്ചാണ് മാർപാപ്പ നോമ്പുകാല സന്ദേശം നൽകിയത്. ഇന്ന് ദൈവജനത്തിന്റെ മുമ്പോട്ടുള്ള യാത്രയെ തടയുന്നത് പ്രത്യാശയുടെ അഭാവമാണെന്ന് മാർപാപ്പ പറഞ്ഞു. പാപത്തിന്റെ അടിമത്വത്തിലേക്ക് ഇനിയും വീഴില്ലെന്നുള്ള വ്യക്തിപരമായ തീരുമാനത്തിലേക്ക് നയിക്കുന്ന വിധത്തിൽ സ്വാതന്ത്ര്യം പക്വത പ്രാപിക്കുന്ന സമയമാണ് നോമ്പുകാലം. നിരവധി പ്രലോഭനങ്ങൾ കടന്നുവരുന്ന വ്യക്തിപരമായ പോരാട്ടത്തിന്റെ കാലമാണിത്. ഈ തിരിച്ചറിവ് പ്രാർത്ഥനയോടെ ദൈവവചനം സ്വീകരിക്കാൻ നമ്മെ ക്ഷണിക്കുന്നു. നോമ്പുകാലത്തിന്റെ മൂന്നു സ്തംഭങ്ങളായ പ്രാർത്ഥന, ദാനധർമ്മം, ഉപവാസം എന്നിവ വേറിട്ട പ്രവർത്തികളല്ല. ഇവയുടെ കൂട്ടായ്മയിലൂടെ മാത്രമേ നമ്മെ ഭാരപ്പെടുത്തുന്നതും തടവിലാക്കിയിരിക്കുന്നതുമായ താല്പര്യങ്ങളെ ബഹിഷ്കരിക്കാനും തുറവിയുടെയും സ്വയം ശൂന്യവൽക്കരണത്തിന്റെയും അനുഭവത്തിലേക്ക് കടന്നുവരുവാനും സാധിക്കുകയുള്ളൂവെന്നും പാപ്പാ വ്യക്തമാക്കി.













# മദ്യവിരുദ്ധസമിതി കർമ്മപദ്ധതി പ്രകാശനം

തൃശൂർ: അതിരൂപത കെസിബിസി മദ്യവിരുദ്ധ സമിതിയുടെ വാർഷിക കർമ്മപദ്ധതി പ്രകാശന യോഗം പാസ്റ്ററൽ സെന്ററിൽ വികാരി ജനറൽ മോൺ. ജോസ് വല്ലൂരാൻ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡന്റ് വി.എം. അഗസ്റ്റിൻ അധ്യക്ഷത വഹിച്ചു. ഡയറക്ടർ റവ.ഡോ. ദേവസി പന്തല്ലൂക്കരൻ ആമുഖപ്രഭാഷണം നടത്തി. ബ്രദർ ആന്റോ പുതിയേടത്ത് എംഎംബി വാർഷിക കർമ്മ പദ്ധതി പ്രകാശനം ചെയ്തു.

മുൻവർഷത്തെ പ്രവർത്തനത്തിന് ബെസ്റ്റ് യൂണിറ്റ് അവാർഡ് കരസ്ഥമാക്കിയ പതിയാരം സെന്റ് ജോസഫ് ഇടവക മദ്യവിരുദ്ധ സമിതി യൂണിറ്റിനെ കാഷ് അവാർഡ് നൽകി ആദരിച്ചു. മഞ്ഞളി ജ്വല്ലേഴ്സ് വരന്തരപ്പിള്ളി വൃക്കരോഗികൾക്ക് നൽകുന്ന ഡയാലിസിസ് ധനസഹായം ഫാ. ഡേവിസ് ചക്കാലയ്ക്കൽ വിതരണം ചെയ്തു. മധ്യമേഖല പ്രസിഡന്റ് സാബു എടാട്ടുകാരൻ, മഞ്ഞളി ജ്വല്ലേഴ്സ് ഉടമ മോനി ജോർജ്, അതിരൂപത സെക്രട്ടറി സിജോ ഇഞ്ചോടിക്കാരൻ, കൊച്ചുവർക്കി തരകൻ, സിസ്റ്റർ എൻസ്വീഡ്, ലിന്റോ ഫ്രാൻസിസ്, ലിജിൻ ബാബു, ഷീന ജോസ് തുടങ്ങിയവർ നേതൃത്വം നൽകി.



*അതിരൂപത കെസിബിസി മദ്യവിരുദ്ധ സമിതിയുടെ വാർഷിക കർമ്മപദ്ധതി പ്രകാശനം ബ്രദർ ആന്റോ പുതിയേടത്ത് എംഎംബി നിർവഹിക്കുന്നു*

## ടീച്ചേഴ്സ് ഗിൽഡ് സുവർണ ജൂബിലി

# അധ്യാപകരുടെ പങ്ക് നിസ്തുലം: മാർ താഴത്ത്

തൃശൂർ: അതിരൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. സമൂഹ നിർമിതിയിൽ അധ്യാപകരുടെ പങ്ക് നിസ്തുലമാണെന്ന് മാർ താഴത്ത് പറഞ്ഞു. അതിരൂപത പ്രസിഡന്റ് എ.ഡി. സാജു അദ്ധ്യക്ഷത വഹിച്ചു. ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്ന 117 അധ്യാപകർക്ക് സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ മെമന്റോ സമ്മാനിച്ചു. ഗിൽഡ് ബെസ്റ്റ് യൂണിറ്റ് അവാർഡിന് കണ്ടശ്ശാങ്കടവ് സേക്രഡ് ഹാർട്ട് ഓഫ് മേരീസ് കോൺവെന്റ് ഹൈസ്കൂളും, ബെസ്റ്റ് ഗിൽഡ് ടീച്ചർ ആയി വടക്കാഞ്ചേരി സെന്റ് പയസ് കോൺവെന്റ് സ്കൂളിലെ മോളിപീറ്റർ ടീച്ചറും അർഹരായി.

മുൻകാല ഡയറക്ടർമാരെ ആദരിച്ചു. ഡയറക്ടർ ഫാ. ജോയ് അടമ്പുകുളം അധ്യാപക അവാർഡുകൾ പ്രഖ്യാപിച്ചു.

വികാരി ജനറാൾ മോൺ. ജോസ് കോനിക്കര, ഫാ. ലോറൻസ് ഒലക്കേങ്കിൽ, ഫാ. തോമസ് വടക്കേത്തല, ഫാ. തോമസ് കാക്കശ്ശേരി, വിവിധ കോർപ്പറേറ്റ് മാനേജർമാരായ സിസ്റ്റർ റാണി കുരിയൻ, സിസ്റ്റർ സ്റ്റെല്ല റോസ്, സിസ്റ്റർ ശാന്തി, ജനറൽ സെക്രട്ടറി ജോഫി സി. മഞ്ഞളി, ജനറൽ കൺവീനർ ജോഷി വടക്കൻ എന്നിവർ പ്രസംഗിച്ചു. ബിജു പി. ആന്റണി, പി.ഡി ആന്റോ, എൻ.പി ജാക്സൻ, ബെസി ടീച്ചർ എന്നിവർ നേതൃത്വം നൽകി.



*തൃശൂർ അതിരൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് സുവർണ്ണ ജൂബിലി സമാപന സമ്മേളനം ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്നു.*



*ജീസസ് യൂത്ത് തൃശൂർ സോണിന്റെ നേതൃത്വത്തിൽ നടത്തിയ 'റേമ' ബൈബിൾ ക്വിസ് മത്സരത്തിൽ പങ്കെടുത്തവർ*

## റേമ ബൈബിൾ ക്വിസ്

തൃശൂർ: ജീസസ് യൂത്ത് തൃശൂർ സോണിന്റെ നേതൃത്വത്തിൽ ദൈവ വചനം പഠിക്കുക എന്ന ലക്ഷ്യത്തോടെ 'റേമ' എന്ന പേരിൽ ബൈബിൾ ക്വിസ് മത്സരം നടത്തി. ആദ്യ റൗണ്ടിൽ നിന്നു വിജയിച്ച മൂന്ന് പേർ ഉൾപ്പെട്ട പത്തു ടീമുകൾ ഫാമിലി അപ്പസ്തൊലേറ്റിൽവച്ച് ഫൈനൽ റൗണ്ടിൽ പങ്കെടുത്തു. ഒന്നാം സ്ഥാനം എരുമപ്പെട്ടി ഹൗസ് ഹോൾഡും, രണ്ടാം സ്ഥാനം വേലൂർ ഹൗസ് ഹോൾഡും, മൂന്നാം സ്ഥാനം പാലയൂർ ഹൗസ് ഹോൾഡും കരസ്ഥമാക്കി.

## അതിരൂപത ഫെലിസിറ്റേഷൻ സെന്റർ

### നേതൃത്വ പഠന പരിശീലന കളരി



*അതിരൂപത മാതൃവേദിയുടേയും എ എഫ് സി യുടേയും നേതൃത്വത്തിൽ നടത്തിയ നേതൃത്വ പഠന പരിശീലന കളരി മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്നു*

തൃശൂർ: അതിരൂപത മാതൃവേദിയുടേയും എ എഫ് സിയുടേയും നേതൃത്വത്തിൽ അമ്മമാരെ ഇടവകയിലും സഭയിലും സമൂഹത്തിലും രാഷ്ട്രീയത്തിലും മുൻനിരയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഒരു വർഷം നീണ്ടുനിൽക്കുന്ന നേതൃത്വ പഠന പരിശീലന കളരി ആരംഭിച്ചു. അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. എ എഫ് സി, മാതൃവേദി അതിരൂപത ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, മാതൃവേദി അതിരൂപത പ്രസിഡന്റ് എൽസി വിൻസെന്റ്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റജീന എന്നിവർ നേതൃത്വം നൽകി.

### ന്യൂനപക്ഷ വിദ്യാഭ്യാസ സെമിനാർ

തൃശൂർ: അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ (എ.എഫ്.സി) നേതൃത്വത്തിൽ തൃശൂർ സെന്റ് മേരീസ് കോളേജിൽ അവസാന വർഷ ഡിഗ്രി & പി.ജി വിദ്യാർത്ഥിനികൾക്കായി പി.എസ്.സി. രജിസ്ട്രേഷൻ ഡ്രൈവ് നടത്തി. ഇ.ഡബ്ല്യു.എസ്. റിസർവേഷൻ, സ്കോളർഷിപ്പുകൾ, വിദ്യാഭ്യാസ ലോണുകൾ എന്നിവ സംബന്ധമായ ക്ലാസ് നയിക്കുകയും ചെയ്തു. എ.എഫ്.സി അതിരൂപത ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ ഉദ്ഘാടനം ചെയ്തു. സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പാൾ സി. നമിത റോസ് സി.എം.സി., എ എഫ് സി അതിരൂപത കൺവീനർ ജോമി ജോൺസൻ, അഡ്വൈസറി ബോർഡ് മെമ്പർ റോണി അഗസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.



*അതിരൂപത ഫെസിലിറ്റേഷൻ സെന്ററിന്റെ (എ.എഫ്.സി) നേതൃത്വത്തിൽ തൃശൂർ സെന്റ് മേരീസ് കോളേജിൽ അവസാന വർഷ ഡിഗ്രി & പി.ജി വിദ്യാർത്ഥിനികൾക്കായി നടത്തിയ സെമിനാറിൽ നിന്ന്*

# അല്മായരുടെ ദൈവശാസ്ത്ര പഠനം ഇന്നിന്റെ ആവശ്യം: മാർ താഴത്ത്

തൃശൂർ: അല്മായരുടെ ദൈവശാസ്ത്ര പഠനം കാലഘട്ടത്തിന്റെ അത്യന്താപേക്ഷിത ഘടകമാണെന്ന് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്. അതിരൂപത തിയോളജി അവാർഡ് ഡേ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ബിഷപ് മാർ ടോണി നീലൻകാവിൽ മുഖ്യപ്രഭാഷണം നടത്തി.

വികാരി ജനറാൾ മോൺ. ജോസ് കോനിക്കര ആശംസകൾ നേർന്നു. ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആളൂർ അധ്യക്ഷത വഹിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്രിസ്ത്യൻ ചെയർ ഡയറക്ടറായ ഡോ. പോൾ പുളിക്കൽ, മേരിമാതാ മേജർ സെമിനാരി റെക്ടർ ഡോ. സെബാസ്റ്റ്യൻ ചാലക്കൽ, ബൈബിൾ അപ്പോസ് തോലേറ്റ് മുൻ ഡയറക്ടർ ഫാ. ലിൻസൻ തട്ടിൽ, ഡയറക്ടർ ഡോ. ദിജോ ഒലക്കേങ്കിൽ, ഡോ. അലക്സ് മരോട്ടിക്കൽ, തിയോളജി ഇൻസ്റ്റിറ്റ്യൂട്ട് ഡീൻ ഡോ. ലിജോ ചാലിശ്ശേരി, ടിൽമ ഷെൽബി എന്നിവർ പ്രസംഗിച്ചു. മൂന്ന് വർഷത്തെ ബെൽജിയം സർട്ടിഫിക്കറ്റ് നേടിയ അനിൽ ഡേവിസിനെ ആദരിച്ചു.

മൂന്നുവർഷത്തെ ദൈവശാസ്ത്ര കോഴ്സ് പൂർത്തിയാക്കിയ നീന കോച്ചേരി, ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിയവർ, ഫാമിലി തിയോളജി സർട്ടിഫിക്കറ്റ് നേടിയവർ, ബൈബിൾ കോഴ്സ് സർട്ടിഫിക്കറ്റ് നേടിയവർ എന്നിവർക്കുള്ള സർട്ടിഫിക്കറ്റുകൾ നൽകി.



*അതിരൂപതയുടെ തിയോളജി അവാർഡ് ഡേയുടെ ഉദ്ഘാടനം ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് നിർവഹിക്കുന്നു*



*ജ്ഞാനദീപ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫിലോസഫി വിഭാഗം ഡീൻ റവ. ഡോ. നിഷാന്ത് അൽഫോൻസിൽ നിന്നു കാൽവരി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മോഡറേറ്റർ റവ. ഡോ. ജയ്സൻ കാളൻ ഔദ്യോഗിക രേഖകൾ സ്വീകരിക്കുന്നു.*

## കാൽവരി ഫിലോസഫി ഇൻസ്റ്റിറ്റ്യൂട്ടിന് അംഗീകാരം

പൂത്തോൾ: കാൽവരി കപ്പൂച്ചിൻ ആശ്രമത്തിലെ കാൽവരി ഫിലോസഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് സെമിനാരിയെ റോമിൽ നിന്ന് കാനോനിക അംഗീകാരമുള്ള ഹയർ എജ്യൂക്കേഷൻ സ്ഥാപനമായി ഉയർത്തി. ഇതോടൊപ്പം പൂനെ ജ്ഞാനദീപ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുമായുള്ള അഫീലിയേഷനും നടന്നു. കാൽവരി ആശ്രമത്തിൽ നടന്ന ചടങ്ങുകളിൽ ബിഷപ് മാർ ടോണി നീലങ്കാവിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ജ്ഞാനദീപ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫിലോസഫി വിഭാഗം ഡീൻ റവ. ഡോ. നിഷാന്ത് അൽഫോൻസിൽ നിന്നു കാൽവരി ഇൻസ്റ്റിറ്റ്യൂട്ടിന്റെ മോഡറേറ്റർ റവ. ഡോ. ജയ്സൻ കാളൻ ഔദ്യോഗിക രേഖകൾ സ്വീകരിച്ചു. തുടർന്ന് 'മനസ്സും അവബോധവും: ഒരു തത്വശാസ്ത്ര അവലോകനം' എന്ന വിഷയത്തിൽ നടന്ന ഫിലോസഫി സെമിനാറിൽ നാല് പ്രബന്ധാവതരണങ്ങളും ചർച്ചയും നടന്നു. ഡോ. കെ. എസ്. ജ്യോതി, റവ. ഡോ. കുരുവിള പാണ്ടിക്കാട്ട് എസ്.ജെ., റവ.ഡോ. ഗ്രിഗറി മാത്യു മലയിൽ സി.എം.ഐ., റവ. ഡോ. ജോൺ പീറ്റർ വല്ലഭദാസ് കപ്പൂച്ചിൻ എന്നിവരാണ് പ്രബന്ധങ്ങൾ അവതരിപ്പിച്ചത്. കാൽവരി ഫിലോസഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറകടർ റവ. ഡോ. ജയ്സൻ വടക്കൻ, പ്രിഫെക്ട് ഓഫ് സ്റ്റഡീസ് റവ. ഡോ. ട്രീജോ ചക്കാലയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

# സമുദായ ജാഗ്രത ദിനം

തൃശൂർ ഇടവകതല സമുദായ ജാഗ്രത ദിനാചരണത്തിന്റെ ഉദ്ഘാടനം ബിഷപ് മാർ ടോണി നീലങ്കാവിൽ, കിള്ളിമംഗലം സെന്റ് ആന്റണീസ് പള്ളിയിൽ നിർവഹിച്ചു. കത്തോലിക്ക കോൺഗ്രസ് അതിരൂപത പ്രസിഡന്റ് ജോഷി വടക്കൻ അധ്യക്ഷനായിരുന്നു. വികാരി ഫാ. ആൻസൻ നീലങ്കാവിൽ, കത്തോലിക്ക കോൺഗ്രസ് ഭാരവാഹികളായ റോണി അഗസ്റ്റിൻ, അനൂപ് പുന്നപ്പുഴ, കുടുംബ കൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ജോർജ് പുന്നപ്പുഴ, സജി മംഗലത്ത് എന്നിവർ പ്രസംഗിച്ചു. പള്ളി ട്രസ്റ്റിമാരായ ആൻറണി പുത്തിരി, ഷിജൻ ചിറമ്മൽ എന്നിവർ നേതൃത്വം നൽകി.




*അതിരൂപത സമുദായ ജാഗ്രത ദിനത്തിനു മുന്നോടിയായുള്ള ഇടവകതല ജാഗ്രതാദിനത്തിന്റെ ഉദ്ഘാടനം ബിഷപ് മാർ ടോണി നീലങ്കാവിൽ കിള്ളിമംഗലം ദൈവാലയത്തിൽ നിർവഹിക്കുന്നു.*



*ഇരുപത്തി ഏഴാം പാലയൂർ മഹാതീർത്ഥാടനത്തിനൊരുക്കമായി തൃശൂർ പുത്തൻപള്ളി ബസിലിക്കയിൽ നിന്ന് പാലയൂരിലേക്ക് ആരംഭിച്ച ജാഗരണപദയാത്ര ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്ത് നയിക്കുന്നു.*



*ബ്രഹ്മകുളം പാലിയേറ്റീവ് കെയർ ട്രസ്റ്റിന്റെ നേതൃത്വത്തിലുള്ള ഫിസിയോതെറാപ്പി സെന്റർ വികാരി ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ ആശിർവദിക്കുന്നു.*

## അതിരൂപത സി.സി.ഡബ്ല്യു.ഐ. ഭാരവാഹികൾ



സിങ്കമ്മ കള്ളിയത്ത്
പ്രസിഡന്റ്



റോഷൻ ആന്റണി
സെക്രട്ടറി



റോസ് പോൾ
ട്രഷറർ

## അതിരൂപത പ്രോലൈഫ് ഭാരവാഹികൾ



ജയിംസ് ആഴ്ചങ്ങാടൻ
പ്രസിഡന്റ്



ജോജു അമ്മാടം
സെക്രട്ടറി



ശോഭ ജോൺസൻ
ട്രഷറർ

മറ്റു ഭാരവാഹികൾ: ഷീബ ബാബു & രാജൻ ആന്റണി (വൈസ് പ്രസിഡന്റുമാർ), ബാബു മണലൂർ & റോഷൻ ആന്റണി (ജോ. സെക്രട്ടറിമാർ), ജോൺ ജെയിംസ് (യൂത്ത് കോഡിനേറ്റർ)

## അതിരൂപത ഗായകസംഘം ഭാരവാഹികൾ



ഫെലിക്സ് ജോസ്
പ്രസിഡന്റ്



സി.ജെ.സ്റ്റീഫൻ
സെക്രട്ടറി



പി.സി.ജോസ്
ട്രഷറർ

മറ്റു ഭാരവാഹികൾ: പി.എഫ്. ലിൻസൻ കൊട്ടേക്കാട് & പി.വി. ഡെൽവിയ എരുമപ്പെട്ടി(വൈസ് പ്രസിഡന്റുമാർ), കെ.ജി. പോളി പുതുക്കാട് & ലിസി ജോസ് അമ്മാടം(ജോ. സെക്രട്ടറിമാർ)

# അർണോസ് കലാകേന്ദ്രയിൽ നൃത്ത അരങ്ങേറ്റം

വേലൂർ: അർണോസ് കലാകേന്ദ്രയുടെ ആഭിമുഖ്യത്തിൽ നടന്ന നൃത്ത അരങ്ങേറ്റം അതി രൂപത ആർട്സ് ആൻഡ് മീഡിയ കോർഡിനേറ്റർ ഫാ. ഫിജോ ആലപ്പാടൻ ഉദ്ഘാടനം ചെയ്തു. 19 പേർ അരങ്ങേറ്റം നടത്തി.

ഫൊറോന വികാരി ഫാ. റാഫേൽ താണിശേരി അധ്യക്ഷത വഹിച്ചു. സിനി ആർട്ടിസ്റ്റ് വിനീഷ് വിജയൻ മുഖ്യാതിഥിയായി. വിൻസെന്റ് പാടൂർ ചാലയ്ക്കൽ, പി.പി. യേശുദാസ്, ഫാ. ജീൻ ചിറയത്ത്, ഫാ. ഫ്രാൻസിസ് പുത്തൂക്കര, ജസ്റ്റിൻ നീലങ്കാവിൽ, ലീന ആന്റണി, സുമിതാ സന്തോഷ് പ്രസംഗിച്ചു.



*അർണോസ് കലാകേന്ദ്രയുടെ ആഭിമുഖ്യത്തിൽ വേലൂരിൽ നടന്ന നൃത്ത അരങ്ങേറ്റം ഫാ. ഫിജോ ആലപ്പാടൻ ഉദ്ഘാടനം ചെയ്യുന്നു*

# കുരിയച്ചിറയിലെ പോപ് ജോൺ എൽ.പി. സ്കൂൾ വാർഷികാഘോഷം

കുരിയച്ചിറ: പോപ്പ് ജോൺ എൽ.പി. സ്കൂൾ വാർഷികവും സർവീസിൽ നിന്ന് വിരമിക്കുന്ന പ്രധാന അധ്യാപിക വി.പി. ഷോളിക്കുള്ള യാത്രയയപ്പും നടത്തി. ഡെപ്യൂട്ടി മേയർ എം.എൽ. റോസി ഉദ്ഘാടനം ചെയ്തു.

ചടങ്ങിൽ മാനേജർ ഫാ. തോമസ് വടക്കൂട്ട് അധ്യക്ഷത വഹിച്ചു. കോർപ്പറേറ്റ് മാനേജർ ഫാ. ജോയ് അടമ്പുകളം ഫോട്ടോ അനാച്ഛാദനം നിർവഹിച്ചു. സിനി ആർട്ടിസ്റ്റ് ലിഷോയ്, കൗൺസിലർ ആൻസി ജേക്കബ് പുലിക്കോട്ടിൽ, പിടിഎ പ്രസിഡണ്ട് നിമിതജോസ്, സി. ഷാലോം, പി.ആർ. വിൽസൺ, ജോൺസൺ പാലിയേക്കര എന്നിവർ പ്രസംഗിച്ചു.

വിദ്യാലയത്തിലെ എല്ലാ കുട്ടികളെയും ഉൾകൊള്ളിച്ചുകൊണ്ടുള്ള 'മേരാ ഭാരത്' ഉം അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും നൃത്തചുവടുകളും അരങ്ങേറി. സമ്മാനദാനവുമുണ്ടായിരുന്നു.



*കുരിയച്ചിറ പോപ്പ് ജോൺ എൽ.പി. സ്കൂൾ വാർഷികം ഡെപ്യൂട്ടി മേയർ എം.എൽ. റോസി ഉദ്ഘാടനം ചെയ്യുന്നു*

# കോട്ടപ്പടി ആർ.സി.യു.പി. സ്കൂൾ വാർഷികാഘോഷം

കോട്ടപ്പടി : ആർ.സി.യു.പി. സ്കൂളിന്റെ വാർഷിക ആഘോഷം ഗുരുവായൂർ നഗരസഭ ചെയർമാൻ എം. കൃഷ്ണദാസ് ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. ഷാജി കൊച്ചുപുരയ്ക്കൽ അധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ സി. എഫ്. റോബിൻ, ഗുരുവായൂർ നഗരസഭ വൈസ് ചെയർപേഴ്സൺ അനീഷ്മ ഷനോജ് മുഖ്യാതിഥിയായി. എ. എസ്. മനോജ് എൻഡോവ്മെന്റ് വിതരണം നടത്തി. സി.ഡി. ജെസ്സി, കെ.എം. മുകേഷ്, നസീമ സഫ്രൂദ്ദീൻ, ജോർജ് ഡാർവിൻ, വി.കെ. സോഫി എന്നിവർ പ്രസംഗിച്ചു. കലാപരിപാടികളുമുണ്ടായിരുന്നു



*കോട്ടപ്പടി ആർ.സി.യു.പി. സ്കൂളിന്റെ വാർഷിക ആഘോഷം ഗുരുവായൂർ നഗരസഭ ചെയർമാൻ എം. കൃഷ്ണദാസ് ഉദ്ഘാടനം ചെയ്യുന്നു*

# എളിയവരുടെ മോഹങ്ങൾക്കും ചിറകുകൾ നൽകണം

അവന് 16 വയസാണ്. പത്താം ക്ലാസിൽ തോറ്റു. തന്നെക്കൊണ്ട് കൂട്ടിയാൽ കൂടുന്നതല്ല പഠനം എന്ന് അവനു മനസിലായി. മാതാപിതാക്കൾ പറഞ്ഞിട്ടൊന്നും അവൻ തീരുമാനം മാറ്റാതിരുന്നപ്പോൾ അച്ഛൻ അവനോട് കടയിൽ വന്നിരിക്കാൻ പറഞ്ഞു. വഴിക്കച്ചവടമാണ്. സ്ഥിരം തൊഴിലായി കണക്കാക്കാൻ കഴിയില്ലെന്ന് അവനറിയാം. അതുകൊണ്ട് ഒരു തൊഴിൽ പഠിക്കാൻ വർക്ക് ഷോപ്പിൽ ഒരു സഹായിയായി ചേർന്നു. പിന്നീടൊരിക്കൽ കണ്ടപ്പോൾ അവൻ പറഞ്ഞു: 'ജെസിബിയിൽ ക്ലീനർ ആയി പോവുകയാണ്'. ജെസിബിയിൽ ക്ലീനറോ...? എനിക്കത്ഭുതമായി. 'ജെസിബിയിൽ ക്ലീനർക്ക് എന്താണ് പണി....?' 'ഗ്രീസ് കൊടുക്കണം... വണ്ടിയുടെ സൈഡ് പറഞ്ഞുകൊടുക്കണം...' അവൻ ആവേശത്തിലാണ്. ജെസിബി ഡ്രൈവർമാർക്ക് വിദേശത്ത് നല്ല ശമ്പളമുള്ള ജോലി ലഭിക്കുമെന്ന് അവനോട് ആരോ പറഞ്ഞിട്ടുണ്ട്. ക്ലീനറിൽ നിന്ന് ഡ്രൈവറിലേക്കുള്ള കയറ്റം അവൻ സ്വപ്നം കാണുന്നു. 'നിന്നെക്കൊണ്ട് ജോലി ചെയ്യിച്ചാൽ ബാലവേലയാകു'മെന്ന് ഞാൻ പറഞ്ഞില്ല. അവന്റെ സന്തോഷം കെടുത്തേണ്ടെന്ന് തോന്നി.

ഇങ്ങനെയുള്ളവരെ പറ്റിയ തൊഴിലുകൾ പഠിപ്പിച്ച് ജോലി ലഭ്യമാക്കത്തക്ക പഠന സമ്പ്രദായമല്ല ഇന്നു നിലവിലുള്ളത്. വർഷങ്ങളോളം പഠിച്ച് ജീവിതഗന്ധിയല്ലാത്ത വിഷയങ്ങളിൽ ഡിഗ്രി ലഭിക്കുന്ന പുരാതന രീതിയാണ് ഇവിടെ ഇന്നും. അതുകൊണ്ടാണ് സാമ്പത്തികശേഷിയുള്ളവരും സ്ഥലംവിറ്റും പണം കടംവാങ്ങിയും സാമ്പത്തികം ശേഖരിക്കാൻ കഴിവുള്ളവരും കിടപ്പാടം പണയം വയ്ക്കുന്നവരും പ്ലസ് ടു കഴിഞ്ഞ് മക്കളെ വിദേശരാജ്യങ്ങളിലേക്ക് അയയ്ക്കുന്നത്.

അവിടെ ഹ്രസ്വകാല കോഴ്സുകൾ പഠിച്ച് അവർ വിവിധ ജോലികളിൽ വ്യാപൃതരാകുന്നു. വിദേശത്ത് വലിയ ജോലി അവർ സ്വപ്നം കാണുന്നില്ല.

വിദേശ സർവകലാശാലകൾ വരുന്നുവെന്നു കേൾക്കുമ്പോൾ അതിനെയും ചിലർ വിലകുറഞ്ഞ രാഷ്ട്രീയത്തിന് കരുവാക്കുകയാണ്. വിദേശ സർവകലാശാലകൾ വരട്ടെ... അവ നമ്മുടെ വിദ്യാഭ്യാസ രംഗത്തെ നവീകരിക്കട്ടെ... തൊഴിലധിഷ്ഠിതമാക്കട്ടെ... നിലവിലുള്ള സ്ഥാപനങ്ങൾ ആ മാറ്റത്തിനനുസൃതമായി സ്വയംമാറട്ടെ. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന അറിവും തൊഴിൽ നേടാൻ വേണ്ട അറിവും തമ്മിൽ ഇന്ന് വലിയ വിടവുണ്ട്. അതു നികത്താനുള്ള ശ്രമങ്ങൾ അരങ്ങേറട്ടെ.




ഇവിടെയാണ് 'മൈക്രോ ക്രെഡൻഷ്യൽസ്' പ്രസക്തമാകുന്നത്. ജീവിതത്തിൽ ആവശ്യാനുസരണം നീളുന്ന ഒരു പഠന സമ്പ്രദായമാണത്. തൊഴിൽ സാധ്യതകളിൽ ഊന്നിയുള്ളത്. തൊഴിൽ ജീവിതത്തിലും വ്യക്തിജീവിതത്തിലും ആവശ്യമായ കഴിവുകളും യോഗ്യതകളും വികസിപ്പിക്കാൻ പരിശീലിപ്പിക്കുന്നത്. ലോകം മുഴുവൻ ഇത് യാഥാർത്ഥ്യമായിക്കഴിഞ്ഞു. കൂടുതൽ വഴക്കമുള്ളതും വിദ്യാർത്ഥി കേന്ദ്രീകൃതവും പരിശീലനാധിഷ്ഠിതവുമാണ് ഈ ഹ്രസ്വകാല കോഴ്സുകൾ. ദുർബല വിഭാഗങ്ങളായ വിദ്യാർഥികൾക്ക് ഇവ ജീവിതവിജയം നൽകുന്നു. തൊഴിൽ മേന്മ ഉറപ്പാക്കുന്നതിനായി വിവിധ കാലയളവിൽ ഇത്തരം കോഴ്സുകൾ പഠിക്കുന്നതിലൂടെ തൊഴിലാളികളുടെ വിലപേശൽ ശേഷി വർദ്ധിക്കുന്നു. അങ്ങനെ മികച്ച പ്രതിഫലം എന്ന സ്വപ്നത്തിലേക്ക് നടന്നടുക്കാൻ കഴിയുന്നു.

കേരളത്തിൽ 15 നും 29 നും വയസിനിടയിലുള്ളവരുടെ തൊഴിലില്ലായ്മ 28.7 ശതമാനം ആണെന്ന് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം വ്യക്തമാക്കുന്നു. ദേശീയ ശരാശരി 10% മാത്രമാണ്. താരതമ്യേന ഉന്നത വിദ്യാഭ്യാസമുള്ള കേരളത്തിലെ ചെറുപ്പക്കാരുടെ വെള്ളക്കോളർ മനോഭാവമാണ് പ്രശ്നം. കൈത്തൊഴിലെന്നും ചിലപ്പോൾ കൂലിപ്പണിയെന്നും വിളിക്കപ്പെടുന്ന വിവിധ ജോലികൾ ചെയ്യാൻ അവർക്ക് താല്പര്യമില്ല. അവ അന്യസംസ്ഥാന തൊഴിലാളികൾക്കു സംവരണം ചെയ്തിരിക്കുകയാണ്. അവർ 30 ലക്ഷം പേർ കേരളത്തിൽ തൊഴിലെടുത്ത് ജീവിക്കുന്നു. 30 ലക്ഷം പേർ ഒരു ദിവസം കേരളത്തിൽ നിന്നും സമ്പാദിക്കുന്നത് എത്ര രൂപയായിരിക്കും? ഒരാൾക്ക് 800 രൂപ കൂലി കൂട്ടിയാൽ 240 കോടി! തൊഴിലില്ലായ്മയുടെ കാര്യത്തിൽ ഇവരുടെ സംസ്ഥാനങ്ങളുടെ നില കേരളത്തേക്കാൾ ഭേദമാണ്. നാം കരുതുന്നതുപോലെ തീരെ പിന്നാക്ക പ്രദേശമല്ല ഇവരുടേത് എന്നറിയുമ്പോൾ അത്ഭുതപ്പെടേണ്ട.

വിദേശരാജ്യങ്ങളിൽ തൊഴിലെടുത്ത് ജീവിക്കുന്ന കേരളീയരുടെ സംഖ്യ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. എന്നാൽ സംസ്ഥാനത്തെ തൊഴിലില്ലായ്മയുടെ ശതമാനം കുറയ്ക്കാൻ അതു പര്യാപ്തമല്ല. ഐക്യരാഷ്ട്രസഭ മുന്നോട്ടുവയ്ക്കുന്ന സുസ്ഥിര വികസനത്തിന്റെ ഒരു ലക്ഷ്യം തുല്യതയുള്ളതും മികച്ചതുമായ വിദ്യാഭാസവും ജീവിതം മുഴുവൻ നീളുന്ന പരിശീലന അവസരങ്ങളും എല്ലാവർക്കും ലഭ്യമാവുക എന്നതാണ്. ആ മാനദണ്ഡം വച്ച് കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ വിലയിരുത്തുമ്പോൾ ഖേദിക്കാതെ വയ്യ. ജെസിബിയിൽ കിളിയാവാൻ പോകുന്ന കുട്ടിയെപ്പോലെയുള്ളവരുടെ മോഹങ്ങൾക്ക് ചിറകുകൾ നൽകാൻ കഴിഞ്ഞാലേ തുല്യഅവസരമുള്ള വിദ്യാഭ്യാസവും പരിശീലനവും യാഥാർത്ഥ്യമാകൂ.

ജീവിതം മുഴുവൻ നീളുന്ന അറിവ് സംമ്പാദനം (ലൈഫ് ലോങ് ലേണിംഗ്) ഒരു വ്യക്തിയുടെ ജീവിത സമീപനത്തിന്റെ ഭാഗമാകാം. ജീവിതത്തിന്റെ പ്രത്യേക ഘട്ടങ്ങളിൽ ആവശ്യമായി വരുന്നതാകാം. അതിനുള്ള അവസരങ്ങൾ ലഭ്യമാക്കുക എന്നത് ഒരു രാജ്യത്ത് നിലനിൽക്കുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിന്റെ അളവുകോലാണ്. പുതിയ കാര്യങ്ങളെപ്പറ്റി മനസിലാക്കാനും ജീവിതത്തിൽ അവ പ്രയോഗിക്കാനും നവജീവിതക്രമങ്ങൾ അനുവർത്തിക്കാനുമുള്ള പരിശീലനമാണ് വ്യക്തികൾ തേടുന്നത്.

ലൈഫ് ലോങ് ലേണിങ്ങിന്റെ കാര്യത്തിൽ അനന്തമായ സാധ്യതകൾ ഉള്ളതാണ് മൈക്രോ ക്രെഡൻഷ്യൽസ്. അവ വഴക്കമുള്ളതും കേന്ദ്രീകൃതവുമായ സമീപനം ഉൾക്കൊള്ളുന്നതായതിനാൽ പ്രത്യേക കഴിവുകൾ ആർജിക്കുന്നതിന് അനുയോജ്യമാണ്. മാറുന്ന കാലത്തിനും അതിവേഗം രൂപമാറ്റം സംഭവിക്കുന്ന തൊഴിൽ മേഖലയ്ക്കും അനുയോജ്യരാവുക എന്ന വെല്ലുവിളി ഏറ്റെടുക്കാൻ അതുവഴി വ്യക്തിക്ക് കഴിയുന്നു.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം തൊഴിൽനേടുക എന്നതാവുമ്പോൾ ധാർമികമായ അറിവുകൾ അന്യമാകില്ലേ എന്ന സംശയം ഉണരാം. സ്കൂൾ വിദ്യാഭ്യാസ കാലത്താണ് സ്വഭാവരൂപവൽക്കരണം മുഖ്യമായും സംഭവിക്കുന്നത്. മാനവിക വിഷയങ്ങൾക്ക് അക്കാലത്ത് കൂടുതൽ ഇടം അനുവദിച്ചാൽ ധാർമിക പഠനങ്ങളുടെ പ്രശ്നം ഒഴിവാകും. വ്യക്തി സമൂഹത്തിൽ ഇടപെടുമ്പോൾ സാമൂഹികമായ പെരുമാറ്റക്രമങ്ങൾ പാലിക്കുന്നുണ്ടല്ലോ. കുടുംബമാണ് ഏറ്റവും വലിയ പാഠശാല എന്ന സത്യം ഓർക്കണം. ധാർമികതയെക്കുറിച്ചും മാനുഷികതയെക്കുറിച്ചും വ്യക്തി കൂടുതൽ മനസിലാക്കുന്നതും അവ പരിശീലിക്കുന്നതും കുടുംബത്തിൽ നിന്നാണ്. മതപഠനത്തിന്റെ പ്രാഥമിക കളരിയും അതാണ്. മാതാപിതാക്കളാണ് അധ്യാപകർ. ചുരുക്കത്തിൽ വിദ്യാഭ്യാസം തൊഴിൽ കേന്ദ്രീകൃതമാകുമ്പോൾ പുതുതലമുറയ്ക്ക് ധർമ്മക്ഷയം സംഭവിക്കുമെന്ന് ഭയപ്പെടേണ്ടതില്ല. മാതാപിതാക്കളും മുതിർന്ന തലമുറയും അധ്യാപകരും അധികാരികളും മതനേതൃത്വവും അവരുടെ ചുമതല കൃത്യമായി നിർവഹിക്കണമെന്നു മാത്രം.

അറിവുകൾക്കു വിലയിട്ടതാണ് നമ്മുടെ നാട്ടിൽ സംഭവിച്ച വലിയ തെറ്റ്. ഡോക്ടറുടെ അറിവ് വലുത്. കൊല്ലപ്പണിക്കാരന്റെ അറിവ് ചെറുത്. എൻജിനീയറുടെ അറിവ് വലുത്. കർഷക തൊഴിലാളിയുടെ അറിവ് ചെറുത് എന്നിങ്ങനെ. സമൂഹത്തിൽ വ്യക്തിയുടെ സ്റ്റാറ്റസ് നിർണയിക്കുന്നത് ഈ വിപണി വിലയാണ്. എല്ലാവരും സമൂഹ ഗാത്രത്തിന്റെ തുല്യഘടകങ്ങൾ ആണെന്ന ചിന്ത തൊഴിലിനെ ജാതികളായി വിഭജിച്ച പുരാതനകാലം മുതൽ ഇല്ലാതായി. ഡോക്ടർ ഓപ്പറേഷൻ നടത്തുന്ന കത്തി കൊല്ലപ്പണിക്കാരന്റെ സൃഷ്ടിയാണ്. അത് ഇന്ന് യന്ത്രമാണ് നിർമിക്കുന്നത്. എങ്കിലും ആത്യന്തികമായി കൊല്ലപ്പണിയാണ്. പാശ്ചാത്യർക്ക് ഈ ബോധമുണ്ട്. അതിനാൽ അവിടെ ഏതു തൊഴിലും മാന്യമാണ്.

വഞ്ചിയിൽ കയറിയ ഉദ്ദണ്ഡനായ കാവി വസ്ത്രധാരി തുഴച്ചിൽകാരനെ പുച്ഛത്തോടെ നോക്കി ചോദിച്ചു: 'തനിക്ക് ബ്രഹ്മത്തെ പറ്റി അറിയാമോ?'

തുഴച്ചിൽക്കാരൻ പറഞ്ഞു: 'ഇല്ല'

ഉദ്ദണ്ഡൻ പറഞ്ഞു: 'തന്റെ ജീവിതത്തിന്റെ കാൽഭാഗം നഷ്ടമായി'

തുഴച്ചിൽകാരൻ തന്റെ പണി തുടർന്നപ്പോൾ അടുത്ത ചോദ്യം വന്നു: 'ബ്രഹ്മസത്യം ജഗന്മിഥ്യ എന്നു കേട്ടിട്ടുണ്ടോ?'. 'ഇല്ല'

ഉദ്ദണ്ഡൻ പറഞ്ഞു: 'തന്റെ ജീവിതത്തിന്റെ പകുതിഭാഗം നഷ്ടമായി'.

പെട്ടെന്ന് കാറ്റും കോളും വന്നു. വഞ്ചി ഉലയാൻ തുടങ്ങി. കനത്ത ഓളങ്ങളിൽ വഞ്ചി മറയുന്ന നിലയായി. തുഴച്ചിൽക്കാരൻ ഉദ്ദണ്ഡനോടു ചോദിച്ചു: 'അങ്ങേയ്ക്ക് നീന്തൽ അറിയാമോ? ഉദ്ദണ്ഡൻ പറഞ്ഞു: 'ഇല്ല'. 'എങ്കിൽ അങ്ങയുടെ ജീവിതം പൂർണമായും നഷ്ടമായി' എന്നു തുഴച്ചിൽക്കാരൻ പറഞ്ഞതും വഞ്ചി മറിഞ്ഞതും ഒരുമിച്ചായിരുന്നു. തുഴച്ചിൽക്കാരൻ നീന്തി കരപറ്റിയപ്പോൾ നീന്തലറിയാത്ത ഉദ്ദണ്ഡൻ വെള്ളത്തിൽ താഴ്ന്നുപോയി.

ജീവിതം എന്ന പാരാവാരം മറികടക്കാൻ ഉതകുന്ന ഒരു അറിവും തൊഴിലും വിലകുറഞ്ഞതല്ല.

manipius59@gmail.com








## അതിരൂപത ഫെലിസിറ്റേഷൻ സെന്റർ

### ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി മാർഗദീപം' സ്കോളർഷിപ്പ്

മാർഗദീപം' എന്ന പേരിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി പുതിയ പ്രീമെട്രിക്ക് സ്കോളർഷിപ്പ് പദ്ധതി പ്രഖ്യാപിച്ച് കേരള സർക്കാർ. ഇതിനായി 20 കോടി രൂപ 2024–25 ബജറ്റിൽ സർക്കാർ വകയിരുത്തി. ന്യൂനപക്ഷ ക്ഷേമത്തിന് 73.63 കോടി രൂപ വകയിരുത്തി. ന്യൂനപക്ഷ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിന് 9.6 കോടിയും ന്യൂനപക്ഷത്തിന്റെ വിവിധ നൈപുണ്യ പദ്ധതികൾക്ക് 7.02 കോടിയും സർക്കാർ അനുവദിച്ചു. മുന്നാക്ക വിഭാഗ സമുദായ ക്ഷേമ കോർപറേഷന്റെ പ്രവർത്തനങ്ങൾക്ക് 35 കോടി രൂപ ബജറ്റിൽ വകയിരുത്തിയെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ വ്യക്തമാക്കി.

### വയോമധുരം

60 വയസ്സു കഴിഞ്ഞ, ബിപിഎൽ വിഭാഗത്തിൽപ്പെട്ട പ്രമേഹ രോഗികൾക്ക് വീട്ടിലിരുന്ന് സ്വയം ഷുഗർ ടെസ്റ്റ് ചെയ്യുന്നതിനാവശ്യമായ ഗ്ലൂക്കോ മീറ്റർ, സ്ട്രിപ്പ് എന്നിവ സൗജന്യമായി ലഭിക്കുന്നതിന് ഇപ്പോൾ അപേക്ഷിക്കാം. മുമ്പ് ഗ്ലൂക്കോമീറ്റർ ലഭിച്ചിട്ടുള്ളവർക്ക് ഇപ്പോൾ സ്ട്രിപ്പ് ആവശ്യമെങ്കിൽ അപേക്ഷ നൽകാവുന്നതാണ്. പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC) ഫാമിലി അപോസ്റ്റോലേറ്റ്, കിഴക്കുംപാട്ടുകര, തൃശൂർ 680005
ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com

### ന്യൂനപക്ഷവകുപ്പ് പിഎസ്സി സൗജന്യ പരിശീലനം


തൃശൂർ അതിരൂപത എക്സൽ അക്കാദമിയിൽ കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ പിഎസ്സി സൗജന്യ പരിശീലന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും രാവിലെ 10.30 മുതൽ 4.00 വരെയാണ് ക്ലാസുകൾ. കൂടുതൽ വിവരങ്ങൾക്ക്: 9744941585/ 9847276657/ 7306952904

## 'ഏകം' ദമ്പതീദർശനം

തൃശൂർ: 'ഏകം' ദമ്പതീ ദർശനം മാർച്ച് 08, 09, 10 തീയതികളിൽ കുറ്റൂരിലെ സിയോൺ സെന്ററിൽ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 9995238683, 9072011773.
youtube : ekam couple enrichment program


















## 5-ാം ചരമവാർഷികം



## കിഴക്കൂട്ട് ഫ്രാൻസീസ് വൈദ്യർ

ചിറളയം, കുന്ദംകുളം

ജനനം 26.04.1930 മരണം 18.03.2019

പ്രാർത്ഥനകളോടെ കുടുംബാംഗങ്ങൾ



ഭിന്നശേഷി വിഭാഗത്തിൽ ഏറ്റവും നല്ല സ്ഥാപനത്തിനുള്ള സംസ്ഥാന അവാർഡ് നേടിയ പോപ്പ് പോൾ മേഴ്സി ഹോമിനെ ആദരിച്ച് തൃശൂർ പൗരാവലി നടത്തിയ പൊതുസമ്മേളനം മേയർ എം. കെ. വർഗീസ് ഉദ്ഘാടനം ചെയ്യുന്നു

# പോപ്പ് പോൾ മേഴ്സി ഹോമിനെ ആദരിച്ച് തൃശൂർ പൗരാവലി

തൃശൂർ: ഭിന്നശേഷി വിഭാഗത്തിൽ ഏറ്റവും നല്ല സ്ഥാപനത്തിനുള്ള സംസ്ഥാന അവാർഡ് നേടിയ പോപ്പ് പോൾ മേഴ്സി ഹോമിനെ തൃശൂർ പൗരാവലി ആദരിച്ചു. മേയർ എം.കെ. വർഗീസ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ചു.

ബിഷപ് മാർ ടോണി നീലങ്കാവിൽ അനുഗ്രഹപ്രഭാഷണം നടത്തി. രമ്യ ഹരിദാസ് എംപി, പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ്, സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ, വടക്കാഞ്ചേരി മുൻസിപ്പൽ ചെയർമാൻ പി.എൻ. സുരേന്ദ്രൻ, ഫാ. ജോൺസൺ അന്തിക്കാട്ട്, കെ.ആർ. പ്രദീപൻ, അജിത് കുമാർ, അനൂപ് കിഷോർ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന, സംഘാടക സമിതി ചെയർമാൻ പി.ജെ. ജോർജുകുട്ടി, ജനറൽ കൺവീനർ മധു അമ്പലപുരം, ചീഫ് കോഡിനേറ്റർ ജോർജ് ചിറമൽ തുടങ്ങിയവർ പ്രസംഗിച്ചു.

## കല്ലൂർ വെസ്റ്റ് ഇടവകയിൽ കേശദാന ക്യാമ്പ്

കല്ലൂർ വെസ്റ്റ്: ഹോളി മേരി റോസറി പള്ളിയിൽ ശതോത്തര സുവർണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ, അമല ഹോസ്പിറ്റലിന്റെ സഹകരണത്തോടെ രണ്ടാമത് കേശദാന ക്യാമ്പ് സംഘടിപ്പിച്ചു. വികാരി ഫാ. ജോസഫ് പൂവത്തുക്കാരൻ ഉദ്ഘാടനം ചെയ്തു. ഫാ. ജയ്സൻ മുണ്ടൻമാണി സി.എം.ഐ. അധ്യക്ഷത വഹിച്ച യോഗത്തിൽ ബ്രദർ ആശിഷ്, ജീസസ് യൂത്ത് കോ ഓർഡിനേറ്റർ ജെഫിൻ ജോസ് എന്നിവർ സന്നിഹിതരായിരുന്നു. അൻപതോളം പേർ കേശദാനം നടത്തി. പ്രവീൺ പനങ്കൂടൻ, ആഷിക് തോമസ്, അജിൽ ഫ്രാൻസിസ്, സാനിയ ഡേവിസ് എന്നിവർ നേതൃത്വം നൽകി.

# ഫിയാത്ത് മിഷൻ കോൺഗ്രസ് ഏപ്രിൽ 10 മുതൽ തലോരിൽ

തൃശൂർ: ഫിയാത്ത് മിഷൻ സംഘടിപ്പിക്കുന്ന ജിജിഎം(ഗ്രേറ്റ് ഗാതറിംഗ് ഓഫ് മിഷൻ) മിഷൻ കോൺഗ്രസ് 2024 ഏപ്രിൽ 10 മുതൽ 14 വരെ തലോർ ജെറുസലേം ധ്യാനകേന്ദ്രത്തിൽ നടക്കും. മിഷനെ അറിയാനും സ്നേഹിക്കാനും വളർത്താനും കേരളസഭയ്ക്ക് ലഭിക്കുന്ന അവസരമാണ് ഈ അന്തർദ്ദേശീയ സംഗമം.



ഫിയാത്ത് മിഷൻ സംഘടിപ്പിക്കുന്ന ജിജിഎം മിഷൻ കോൺഗ്രസ് 2024-ന്റെ ബ്രോഷർ പ്രകാശനം ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് നിർവഹിക്കുന്നു

വിവിധ മിഷൻകേന്ദ്രങ്ങൾ തങ്ങളുടെ മിഷനെ പരിചയപ്പെടുത്തുന്ന സ്റ്റാളുകളോടുകൂടിയ അതിവിപുലമായ എക്സിബിഷൻ, മലയാളത്തിലും ഇംഗ്ലീഷിലും സംഘടിപ്പിക്കുന്ന മിഷൻ ധ്യാനം, വ്യത്യസ്ത സംസ്കാരത്തിലുള്ള മിഷൻ കേന്ദ്രങ്ങൾ അവതരിപ്പിക്കുന്ന 'കൾച്ചറൽ എക്സ്ചേഞ്ച്' പരിപാടികൾ, വിവിധ റീത്തുകളിലുള്ള പിതാക്കന്മാരുമായി തുറന്ന് സംസാരിക്കാൻ വേദിയൊരുക്കുന്ന 'മീറ്റ് ദ ബിഷപ്പ്' തുടങ്ങി നിരവധി പരിപാടികൾ ജിജിഎം മിഷൻ കോൺഗ്രസിൽ ഒരുക്കിയിരിക്കുന്നു. വൈദികർ, സിസ്റ്റേഴ്സ്, അത്മായ ശുശ്രൂഷകർ തുടങ്ങിയവർക്കായി വ്യത്യസ്ത കൂട്ടായ്മകൾ. സീറോ മലബാർസഭ മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ, ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ബിഷപ്പ് മാർ ടോണി നീലങ്കാവിൽ തുടങ്ങി നിരവധി പിതാക്കന്മാർ ദിവ്യബലി അർപ്പിക്കാനും മറ്റു പരിപാടികൾക്ക് നേതൃത്വം നൽകാനും മിഷൻ കോൺഗ്രസിലുണ്ടായിരിക്കും.

ഏപ്രിൽ 12-ന് ദിവ്യകാരുണ്യ സൗഖ്യ ആരാധന, നൈറ്റ് വിജിൽ. 13-ന് കാറ്റികിസം അധ്യാപകരുടെ സംഗമം, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുമുള്ള മ്യൂസിക് ബാൻഡുകൾ. ബൈബിൾ എക്സ്പോ, ഷോർട്ഫിലിം ഫെസ്റ്റ്, മിഷൻ അവാർഡ് സെറിമണി എന്നിവയുമുണ്ടാകും.

2017-ലാണ് ആദ്യത്തെ മിഷൻ കോൺഗ്രസ് നടത്തിയത്. ഇതുവഴി പലരും ജീവിതകാലയളവിൽ കുറച്ചുനാളെങ്കിലും മിഷനിൽ ശുശ്രൂഷ ചെയ്യുവാൻ സന്നദ്ധരായി. നിരവധി ഗ്രാമീണ ദൈവാലയങ്ങൾ നിർമ്മിക്കുന്നതിനും മിഷൻ കോൺഗ്രസുകൾ നിമിത്തമായി.

ബൈബിളില്ലാത്ത ഭാഷകളിൽ ബൈബിൾ നിർമിച്ച് ലോകമെങ്ങുമുള്ള മിഷൻ മേഖലകളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയുള്ള ബൈബിൾ നിർമാണവിതരണ ശുശ്രൂഷ, മധ്യസ്ഥ പ്രാർത്ഥനാശുശ്രൂഷ, മിഷൻ മേഖലകളിലെ ധ്യാനശുശ്രൂഷകൾ എന്നിങ്ങനെ മിഷനെ പരിപോഷിപ്പിക്കാനായി പ്രതിജ്ഞാബദ്ധരായ ഫിയാത്ത് മിഷന്റെ രക്ഷാധികാരികൾ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ, ബിഷപ്പ് ചാക്കോ തോട്ടുമാരിക്കൽ എസ്.വി.ഡി., ബിഷപ്പ് തോമസ് മാർ അന്തോണിയോസ് എന്നിവരാണ്.

ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മിഷൻ എക്സിബിഷൻ സന്ദർശിക്കാൻ വരുന്നവർക്ക് (ബസ്/മിനി ബസ്) യാത്രാ ചിലവിലേക്കായി കിലോമീറ്ററിന് 15 രൂപ നിരക്കിൽ ഡീസൽ അലവൻസും ഡ്രൈവർക്കുള്ള യാത്രാബത്തയായി 250 രൂപയും ഫിയാത്ത് മിഷൻ നൽകുന്നതാണ്. (ആദ്യം രജിസ്റ്റർ ചെയ്യുന്ന 500 വാഹനങ്ങൾക്കു മാത്രം).



വലക്കാവ് സെന്റ് ജോസഫ്സ് ഇടവകയിൽ വിശുദ്ധ കുർബാന ആരംഭിച്ചതിന്റെ സുവർണജൂബിലി ആഘോഷ സമ്മേളനം വികാരി ജനറാൾ മോൺ. ജോസ് കോനിക്കര ഉദ്ഘാടനം ചെയ്യുന്നു. ടി.എൻ.പ്രതാപൻ എം.പി., ഫൊറോനാ വികാരി ഫാ. ജോജു ആളൂർ, നടത്തറ പഞ്ചായത്ത് പ്രസിഡന്റ് ശ്രീവിദ്യ രാജേഷ്, വികാരി ഫാ. സിറിയക് ചാലിശേരി, ഫാ. റാഫേൽ ആക്കാമറ്റത്തിൽ, നവവൈദികൻ ഫാ. നിഥിൻ മറ്റത്തിൽ എം.സി.ബി.എസ്. ജോർജ് മൈലാഡൂർ, രാജു കടുവിനാൽ, വാർഡ് മെമ്പർ ഇ. എൻ. സീതാലക്ഷ്മി തുടങ്ങിയവർ സമീപം.

# സെന്റ് തോമസ് കോളേജിൽ ക്യാമ്പും സെമിനാറും

## കരിയർ ഗൈഡൻസ്

തൃശൂർ: സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സെന്റ് തോമസ് കോളജിലേയും വിമല കോളേജിലെയും മൈനോറിറ്റി സെല്ലിന്റെയും നേതൃത്വത്തിൽ ബിരുദവിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ക്യാമ്പ് 'പാസ് വേഡ്' സംഘടിപ്പിച്ചു. കലക്ടറേറ്റിലെ ന്യൂനപക്ഷ വകുപ്പിന്റേയും കോച്ചിംഗ് സെന്റർ ഫോർ മൈനോരിറ്റി യൂത്ത് തൃശൂരിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച ക്യാമ്പ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് ഉദ്ഘാടനം ചെയ്തു.



സെന്റ് തോമസ് കോളേജിൽ വെച്ചു നടന്ന ന്യൂനപക്ഷക്ഷേമ വകുപ്പിന്റ പാസ് വേഡ് കരിയർ ഗൈഡൻസ് ക്യാമ്പിന്റെ ഉൽഘാടനം, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ശ്രി. വി.എസ്. പ്രിൻസ് നിർവ്വഹിക്കുന്നു.

## അന്താരാഷ്ട്ര സെമിനാർ

The Book of Life: Biblical answers to Existential Questions എന്ന വിഷയത്തിൽ തൃശൂർ സെന്റ് തോമസ് കോളജിൽ അന്താരാഷ്ട്ര സെമിനാർ നടന്നു. കാലിക്കറ്റ് സർവ്വകലാശാലയിലെ ക്രിസ്ത്യൻ സ്റ്റഡീസ് ചെയറുമായി സഹകരിച്ച് മലയാള വിഭാഗവും Value Education കമ്മിറ്റിയുമാണ് സെമിനാർ സംഘടിപ്പിച്ചത്. കോളേജ് പ്രിൻസിപ്പലും ക്രിസ്ത്യൻ ചെയർ പ്രസിഡന്റുമായ റവ.ഡോ. കെ.എ. മാർട്ടിൻ ഉദ്ഘാടനം ചെയ്തു.

## ഇംഗ്ലീഷ് സെമിനാർ

തൃശൂർ: സെന്റ് തോമസ്, കേരളവർമ്മ, വിമല, സെന്റ് അലോഷ്യസ് എന്നീ കോളേജുകളിലെ ഇംഗ്ലീഷ് ഗവേഷണ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ഇംഗ്ലീഷ് ഗവേഷണ വിദ്യാർത്ഥികൾക്കായി 'റീകൺസിഡറിങ് റൊമാന്റിസം' എന്ന വിഷയത്തിൽ വിവിധ കോളേജുകളിലെ ഇംഗ്ലീഷ് ഗവേഷണ വിദ്യാർത്ഥികൾക്കായി സെമിനാർ നടത്തി. സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ പ്രിൻസിപ്പാൾ ഡോ.കെ.എ. മാർട്ടിൻ ഉദ്ഘാടനം ചെയ്തു.



കല്ലൂർ വെസ്റ്റ് പള്ളിയിലെ ശതോത്തര സുവർണ ജൂബിലി സമാപന സമ്മേളനം കെ.കെ. രാമചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

## കല്ലൂർ വെസ്റ്റ് ഇടവകയ്ക്ക് ശതോത്തര സുവർണജൂബിലി

വെസ്റ്റ് കല്ലൂർ: ഹോളി മേരി റോസറി പള്ളിയിലെ ശതോത്തര സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം കെ.കെ. രാമചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു. ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അനുഗ്രഹപ്രഭാഷണം നടത്തി. വികാരി ഫാ. ജോസഫ് പൂവത്തൂക്കാരൻ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് സുന്ദരി മോഹൻദാസ് മുഖ്യാതിഥിയായി. 100 രോഗികൾക്ക് ഡയാലിസിസിനുള്ള തുക ആർച്ച്ബിഷപ്പിനു വികാരി കൈമാറി. അജീഷ് മുരിയാടൻ, ഫാ. ക്രിസ്റ്റി വട്ടക്കുഴി, മദർ സിസ്റ്റർ ക്ലെയർ, ലാൽജോ നമ്പാടൻ, ബിജു ആലപ്പാടൻ, ഈപ്പൻ കരിയാറ്റിൽ, ലിജോ തേക്കാനത്ത്, തോമസ് വട്ടക്കുഴി, ജോവിൻസ് എക്കാടൻ എന്നിവർ പ്രസംഗിച്ചു.

## ദർശനസഭ മെഗാ കൺവെൻഷൻ മാർച്ച് 10ന്

തൃശൂർ: തൃശൂർ അതിരൂപത ദർശനസഭ സമൂഹത്തിന്റെ 13-ാമത് മെഗാ കൺവൻഷൻ മാർച്ച് 10ന് ലൂർദ് കത്തീഡ്രൽ സംഘടിപ്പിക്കുന്നു.

## പഠനമികവിൽ ജൂബിലി മിഷന് പൊൻതിളക്കം

തൃശൂർ: ഇന്ത്യയിലെ പ്രൈവറ്റ് മെഡിക്കൽ കോളേജുകളുടെ പട്ടികയിൽ തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന് എട്ടാം സ്ഥാനം. കേരളത്തിലെ പ്രൈവറ്റ് മെഡിക്കൽ കോളേജുകളുടെ ഇടയിൽ ഒന്നാം സ്ഥാനവും.

നാഷണൽ മെഡിക്കൽ കമ്മീഷന്റെ കണക്കുകൾ പ്രകാരം നീറ്റ് പ്രവേശന പരീക്ഷയിൽ ഉന്നത റാങ്കുകൾ നേടിയ വിദ്യാർത്ഥികൾ പഠനത്തിനായി തിരഞ്ഞെടുക്കുന്ന രാജ്യത്തെ പ്രൈവറ്റ് മെഡിക്കൽ കോളേജുകളുടെ പട്ടികയിലാണ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് മുൻനിരയിൽ സ്ഥാനം പിടിച്ചത്. 'ടൈംസ് ഓഫ് ഇന്ത്യ' ആണ് ഈ വിഷയം പഠനത്തിന് വിധേയമാക്കിയത്.



വടക്കാഞ്ചേരി സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് ഫൊറോന പള്ളിയുടെ മുഖവാര ആശിർവാദം ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവഹിക്കുന്നു.

# ഒളരിക്കരയിൽ പൗരോഹിത്യ രജതജൂബിലി ആഘോഷം



ഫാ. ജോയ് ചിറ്റിലപ്പിള്ളിയുടെ പൗരോഹിത്യ രജത ജൂബിലി അനുമോദന സമ്മേളനം ആർച്ച്ബിഷപ്പ് എമിരറ്റസ് മാർ ജേക്കബ് തൂങ്കുഴി ഉദ്ഘാടനം ചെയ്യുന്നു

ഒളരിക്കര: ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ വികാരി ഫാ. ജോയ് ചിറ്റിലപ്പിള്ളിയുടെ പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ചു. കൃതജ്ഞതാബലിക്കു ശേഷം നടന്ന അനുമോദന സമ്മേളനം ആർച്ച്ബിഷപ്പ് എമിരറ്റസ് മാർ ജേക്കബ് തൂങ്കുഴി ഉദ്ഘാടനം ചെയ്തു. സ്പെഷൽ ബ്രാഞ്ച് ഡിവൈഎസ്പി വി.കെ. രാജു, നവജ്യോതി കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ ആൻ കരോളിൻ, ഡിവിഷൻ കൗൺസിലർ സജിത ഷിബു, കൈക്കാരന്മാരായ റോബർട്ട് ചിറ്റിലപ്പിള്ളി, തോമസ് നീലങ്കാവിൽ, ലിജോ പൊറത്തൂക്കാരൻ, കൺവീനർ ബാബു മാത്യു എന്നിവർ പ്രസംഗിച്ചു. ഇടവകയിലെ ഭക്തസംഘടനകളുടെ നേതൃത്വത്തിൽ നടന്ന ഭക്ഷ്യമേളയും അതിരൂപത കലാസദന്റെ ഗാനസന്ധ്യയും ഉണ്ടായിരുന്നു.

പുറനാട്ടുകര ഇടവക ചിറ്റിലപ്പിള്ളി പരേതനായ ഫ്രാൻസിസ്-മേരി ദമ്പതികളുടെ മകനായ ഫാ. ജോയ് ചിറ്റിലപ്പിള്ളി 1998 ഡിസംബർ 28നാണ് മാർ ജേക്കബ് തൂങ്കുഴിയിൽ നിന്നു പൗരോഹിത്യം സ്വീകരിച്ചത്.

# കൊട്ടേക്കാട് ഇടവകയിൽ വിശ്വാസപരിശീലന ദിനം

കൊട്ടേക്കാട്: സെന്റ് മേരീസ് അസംപ്ഷൻ ഫൊറോന പള്ളിയിൽ വിശ്വാസ പരിശീലനദിനം ആഘോഷിച്ചു. 25 വർഷത്തെ സർവീസ് അവാർഡിന് അർഹനായ വിനേഷ് കോളേങ്ങാടൻ, 10 വർഷത്തെ മുഴുവൻ ഹാജറിനും അർഹയായ ജോസ്ഫീന പോൾസൺ എന്നിവരെ ആദരിച്ചു. കഴിഞ്ഞവർഷം മികച്ച വിജയം നേടിയവരെയും മാതൃക വിദ്യാർത്ഥികളെയും മുഴുവൻ ഹാജറിന് അർഹരായവരെയും ആദരിച്ചു. ഫൊറോന വികാരി ഫാ. ജോജു ആളൂർ, ഫാ. ഡെറിൻ അരിമ്പൂർ, ഫാ. വിൻകോ മുരിയാടൻ, ഫ്രാൻസിസ് ഇമ്മട്ടി, ഡോണി വർഗീസ്, സൈജു കോളേങ്ങാടൻ, വിബിൻ ചാലയ്ക്കൽ എന്നിവർ നേതൃത്വം നൽകി.



വടക്കൻ പുതുക്കാട് ഇടവകയിൽ പുതുതായി നിർമ്മിച്ച് ആശീർവദിച്ച സെമിത്തേരി കപ്പേള.





വെണ്ടോർ സെന്റ് മേരീസ് ഇടവകയുടെ ശതാബ്ദി ആഘോഷം ബിഷപ് മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്യുന്നു



പാവറട്ടി സെന്റ് ജോസഫ്സ് തീർത്ഥകേന്ദ്രം സംക്ഷിപ്ത ചരിത്രവും പ്രാധാന്യവും ഉൾക്കൊള്ളിച്ചുകൊണ്ട് പിൽഗ്രിം ടൂറിസം സർക്യൂട്ടിനായി തയ്യാറാക്കിയ ബ്രൗഷറിന്റെ പ്രകാശനം പാലയൂർ തീർത്ഥകേന്ദ്രം ആർച്ച്പ്രീസ്റ്റ് ഫാ. ഡേവിസ് കണ്ണമ്പുഴ നിർവഹിക്കുന്നു. പാവറട്ടി തീർത്ഥകേന്ദ്രം റെക്ടർ ഫാ. ആന്റണി ചെമ്പകശ്ശേരി ആദ്യപ്രതി ഏറ്റുവാങ്ങി. അസി. വികാരിമാരായ ഫാ. മിഥുൻ ചുങ്കത്ത്, ഫാ. ഡേവിസ് പുലിക്കോട്ടിൽ ജൂനിയർ, ട്രസ്റ്റിമാരായ ബാബു ജോർജ്, വി.ജെ. ജോസി, ആന്റോ വർഗീസ്, ജോയ് ആന്റണി, റാഫി നീലങ്കാവിൽ എന്നിവർ സന്നിഹിതരായിരുന്നു.

## ബ്രഹ്മകുളം ഇടവകയിൽ യുവജനസംഗമം

ബ്രഹ്മകുളം: യുവജന വർഷത്തോടനുബന്ധിച്ചു നടത്തിയ യുവജനസംഗമം വികാരി ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ ഉദ്ഘാടനം ചെയ്തു. സിസ്റ്റർ കീർത്തന ജോസഫ് അധ്യക്ഷത വഹിച്ചു. അതിരൂപത യുവജന വർഷ കോർഡിനേറ്റർ ഫാ. ലിൻസൺ തട്ടിൽ, ഫാ. അനു ചാലിൽ, ഇന്റർനാഷണൽ മോട്ടിവേഷണൽ സ്പീക്കർ പ്രവീൺ ചിറയത്ത് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. തുടർന്ന് സംഗീതനിശയും സംഘടിപ്പിച്ചിരുന്നു.



ബ്രഹ്മകുളം ഇടവകയിലെ യുവജനസംഗമത്തിൽ നിന്ന്

# ദത്ത് കുടുംബ സഹായ പദ്ധതി 2024

മരത്താക്കര: ഇടവകയിലെ ഗുഡ് സമരിറ്റൻ ഹെൽപ്പിന്റെ നേതൃത്വത്തിൽ 'ദത്ത് കുടുംബ സഹായ പദ്ധതി 2024' ക്ക് തുടക്കമായി. മരത്താക്കര ഇടവകയിലെ 100 കുടുംബങ്ങളെ ദത്തെടുത്ത് അവർക്ക് മാസംതോറും ഒരു വർഷത്തേക്ക് 1000 രൂപ നൽകുന്നതാണ് പദ്ധതി. ഇതിന്റെ ഉദ്ഘാടനം വികാരി ഫാ. ജോബ് വടക്കനും അസി. വികാരി ഫാ. സ്റ്റീഫൻ അറയ്ക്കലും ചേർന്ന് നിർവഹിച്ചു. ജോയ് പോൾ, മെൽവി അജിമോൻ, ജോസഫ് പടമാടൻ, ലിജോ ചിറയത്ത്, ജോമോൻ താഴത്തുകുന്നേൽ, ബാബു ചിറയത്ത്, ജോൺ തെക്കുടൻ, ഷാജു പുളിക്കൻ, തോമസ് നീലങ്കാവിൽ, ജെമിൻ അക്കര, ഷാജൻ തട്ടിൽ, ടിറ്റോ ആൻറണി, ജോണി കുറ്റിക്കാടൻ എന്നിവരുടെ നേതൃത്വത്തിൽ കമ്മിറ്റി പ്രവർത്തിച്ചു വരുന്നു.



മരത്താക്കര ഇടവകയിലെ 'ദത്ത് കുടുംബ സഹായ പദ്ധതി 2024' ഫാ. ജോബ് വടക്കനും ഫാ. സ്റ്റീഫൻ അറയ്ക്കലും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു.

## ചെമ്പൂക്കാവിൽ ഇടവക പ്രഖ്യാപന വാർഷികാഘോഷം



ചെമ്പൂക്കാവ് ഇടവക പ്രഖ്യാപന വാർഷികാഘോഷത്തോടനുബന്ധിച്ച് അർപ്പിച്ച കൃതജ്ഞതാബലിയിൽ നിന്ന്. ഇതോടനുബന്ധിച്ച് നവവൈദികർക്ക് സ്വീകരണവും സന്യാസ ജൂബിലേറിയൻമാർക്ക് സ്നേഹാദരവും ഒരുക്കി. 2023ലെ മികച്ച അൾത്താര ബാലനെ അനുമോദിച്ചു. യുവജനപ്രതിഭ അവാർഡ് വിതരണം, ഭക്ഷ്യമേള, ഗാനമേള, സേക്രഡ് വോയിസ് വാർഷിക പത്രപ്രകാശനം, സ്നേഹദൂത് പത്രപ്രകാശനം എന്നിവയും ഉണ്ടായിരുന്നു



വരടിയം സെന്റ് ആന്റണീസ് ദൈവാലയത്തിന്റെ വജ്രജൂബിലി സമാപനാഘോഷം ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്നു

## വരടിയം ഇടവക വജ്രജൂബിലി ആഘോഷിച്ചു

വരടിയം: സെന്റ് ആന്റണീസ് ദൈവാലയത്തിന്റെ വജ്രജൂബിലി സമാപന സമ്മേളനം ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. റവ. ഡോ. ജോൺസൺ ചിറ്റിലപ്പിള്ളി അധ്യക്ഷത വഹിച്ചു. വി.കെ. രാജു എസിപി മുഖ്യാതിഥിയായിരുന്നു. അമല മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ സുവനീയർ പ്രകാശനം ചെയ്തു. പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലീല രാമകൃഷ്ണൻ ആശംസകളർപ്പിച്ചു. ജെയിൻ അറക്കൽ നന്ദി പറഞ്ഞു.

കത്തോലിക്കാസഭ

2024 മാർച്ച് ■ കുംഭം – മീനം 1199

## ജനാധിപത്യത്തിലെ നീതി

സ്വന്തം അഭിപ്രായം സ്വതന്ത്രമായി പ്രകടിപ്പിക്കാനും നിർഭയം ജീവിക്കാനുമുള്ള സ്വാതന്ത്ര്യമാണ് ജനാധിപത്യത്തിന്റെ കാതൽ. ആ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുന്ന ഭരണാധികാരികളെ മാത്രമേ ജനാധിപത്യവാദികളെന്നു വിളിക്കാനാകൂ. ഭരണഘടനയും നിയമസംവിധാനങ്ങളും ഉറപ്പുനൽകുന്ന അവകാശങ്ങൾ ഭരണാധികാരിയുടെ ഇഷ്ടപ്രസാദമല്ല. ജനങ്ങളുടെ അവകാശമാണ്. അവ എല്ലാവർക്കും ലഭ്യമാക്കാൻ ഭരണഘടനയോടു വിശ്വസ്തയും നിയമവാഴ്ചയോട് പ്രതിബദ്ധതയും ഉള്ള ഭരണാധികാരികളുണ്ടാകണം. പക്ഷഭേദമില്ലാതെ എല്ലാവർക്കും നീതി ലഭ്യമാക്കുമ്പോഴാണ് ഭരണം മാതൃകാപരമാകൂ. ഇക്കാര്യത്തിലെ വീഴ്ച ജനാധിപത്യം തകർക്കും. ഇതിനു വിപരീതമായതെല്ലാം ഏകാധിപത്യമാണ്.

ഭൂരിപക്ഷത്തിന്റെ ഏകാധിപത്യമല്ല ജനാധിപത്യം എന്ന് തിരിച്ചറിവുണ്ടായിരുന്നതുകൊണ്ടാണ് നമ്മുടെ രാഷ്ട്രവിധാതാക്കൾ, വർണ, വർഗ, ജാതി, മത, ഭാഷാ, രാഷ്ട്രീയ ഭേദമില്ലാതെ എല്ലാവർക്കും നീതി ലഭിക്കുന്നതിന് ന്യൂനപക്ഷാവകാശങ്ങൾ ഭരണഘടനയിൽ ഉറപ്പുവരുത്തിയത്. ഭൂരിപക്ഷംപേർ തിരഞ്ഞെടുക്കുന്നവരാണ് സർക്കാരുണ്ടാക്കുന്നതെങ്കിലും, ആ സർക്കാർ ന്യൂനപക്ഷങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്തുമ്പോഴാണ് സമാധാനവും സുസ്ഥിതിയും പുരോഗതിയും സംജാതമാവുകയുള്ളൂ. നേരെ മറിച്ചായാൽ കലാപവും അസ്വസ്ഥതകളുമായിരിക്കും.

നമ്മുടെ ഭരണഘടന ജനാധിപത്യത്തിലും മതേതരത്വത്തിലും സോഷ്യലിസത്തിലു(എല്ലാവർക്കും നീതി)മെല്ലാം അടിത്തറയിട്ടത് എല്ലാവരുടെയും മൗലികാവകാശങ്ങളും തുല്യനീതിയും ഉറപ്പുവരുത്താനാണല്ലോ. എന്നാൽ ഇതിൽനിന്നെല്ലാം വിപരീതദിശയിൽ ചരിക്കുന്ന ചില മത, രാഷ്ട്രീയ തീവ്രവാദികളുടെ പിടിയിലാണോ ഭാരതം എന്ന സംശയത്തിന് സമീപകാല സംഭവങ്ങൾ ശക്തിപകരുന്നു. വർഗീയ, പ്രത്യയശാസ്ത്രാടിമത്വത്തിൽ ബുദ്ധിമോശം വരാത്ത എല്ലാവർക്കും ഇത് തിരിച്ചറിയാനാകുന്നുണ്ട്.

ജനാധിപത്യസംസ്കാരമില്ലാത്ത ഭരണത്തിൽ പരാജയം നേരിടുന്നത് സംഘടിത ശക്തിയല്ലാത്ത, സാധാരണക്കാരും ന്യൂനപക്ഷങ്ങളുമാണ്. അവർ കടുത്ത അനീതിക്ക് ഇരയാകുകയും അതുവഴി രാജ്യത്തിന്റെ യശസ്സിനു കളങ്കംവരുകയും ചെയ്യുന്നു.

മനുഷ്യാവകാശബോധവും വിവരസാങ്കേതികവിദ്യയും ഏറെയുള്ള ഈ കാലഘട്ടത്തിൽ ജനങ്ങളെ എല്ലാക്കാലവും കബളിപ്പിച്ചുനിറുത്താൻ സാധിക്കില്ല. ചില സഹകരണസ്ഥാപനങ്ങളിൽ നടന്ന അഴിമതി മൂടിവയ്ക്കാൻ ബന്ധപ്പെട്ട രാഷ്ട്രീയപാർട്ടികൾ സ്വന്തം അണികളെ ഭീഷണിപ്പെടുത്തുന്നത് പുറത്തറിയുന്നത് അതിനുദാഹരണമാണ്. ചണ്ഡിഗഡ് മേയർ തെരഞ്ഞെടുപ്പിൽ നടത്തിയ ക്രമക്കേടും നീതി പുനസ്ഥാപിക്കാൻ സുപ്രീംകോടതി നടത്തിയ ഇടപെടലും മറക്കാറായിട്ടില്ല. കോടതിയുടെ വിധി ജനാധിപത്യത്തിന്റെ വിജയമാണെങ്കിലും ഇത്രയും സംഘടിതരീതിയിൽ ജനാധിപത്യത്തെ അട്ടിമറിക്കുന്നവർ അണിയറയിൽ പ്രവർത്തിക്കുന്നുണ്ട് എന്നത് ഞെട്ടിപ്പിക്കുന്നതുതന്നെ! നീതിന്യായ സംവിധാനങ്ങളെ ഹൈജാക്ക് ചെയ്യുന്നവിധം ഏകാധിപത്യഭരണവിധാതാക്കൾ പണിയെടുക്കുന്നുണ്ടെന്നും സൂചനകളുണ്ട്. മേൽക്കോടതിയുടെ സാന്ദർഭികമായ ചില പരാമർശങ്ങൾ ഇതു സൂചിപ്പിക്കുന്നു.

ഏകാധിപത്യത്തിനെതിരെ ശബ്ദമുയുർത്തുന്നവരെ അവസാനിപ്പിക്കുന്ന ഭരണാധികാരികൾ ഇന്നത്തെ ലോകത്തിലുമുണ്ടല്ലോ. ഭരണസംവിധാനങ്ങളെ ദുരുപയോഗിച്ച് ഏതിരാളികളെ വരുതിയിലാക്കുന്ന സംഭവങ്ങൾ ഇന്ത്യയിലും കുറച്ചൊന്നുമല്ല. ഒരു കറുത്ത തുണിയെപ്പോലും ഭയക്കുന്നവർക്കും പ്രതിപക്ഷബഹുമാനം ലവലേശമില്ലാതെ എതിരാളികളെ പരിഹസിച്ചു നടക്കുന്നവർക്കും മറ്റുള്ളവരുടെ അവകാശങ്ങളെ അംഗീകരിക്കാൻ മനസ്സുണ്ടാകണമെന്നില്ല.

മണിപ്പൂരിൽ ക്രിസ്ത്യാനികൾക്ക് ജീവിക്കാൻ പറ്റാത്ത അവസ്ഥ സംജാതമായിട്ട് 10 മാസമായി. ഭാരതത്തിലെ പല സംസ്ഥാനങ്ങളിലും സ്ഥിതി മറിച്ചല്ല. അവർക്ക് നീതി നൽകാൻ ബാധ്യതയുള്ള സർക്കാർ തിരിഞ്ഞു നോക്കുന്നില്ല. മണിപ്പൂരിൽ ഇപ്പോഴും സർക്കാരിന്റെ അനുഭാവമുള്ളവർക്ക് പോലീസിന്റെ ആയുധങ്ങൾ കവരാൻ ബുദ്ധിമുട്ടില്ലത്രേ! ഭാരതത്തിലെ വിവിധഭാഗങ്ങളിൽ ക്രൈസ്തവരെ പീഡിപ്പിച്ച് അവരുടെ ആരാധനാലയങ്ങളും സ്ഥാപനങ്ങളും വർഗീയ തീവ്രവാദികൾ തകർക്കുമ്പോൾ അതിനു തടയിടാൻ "സബ്കാ സാത്, സബ്കാ വികാസ്, സബ്കാ വിശ്വാസ്, സബ്കാ പ്രയാസ്" (ഓരോരുത്തരുടെയും പിന്തുണ, ഓരോരുത്തരുടെയും പുരോഗതി, ഓരോരുത്തരുടെയും വിശ്വാസം, ഓരോരുത്തരുടെയും പരിശ്രമം) എന്ന ഉരിയിടൽ മാത്രം പോരാ. അത് കണ്ണിൽ പൊടിയിടാനല്ലെങ്കിൽ അതിനനുസരിച്ച നടപടികൾ ഉണ്ടാകണം.

ഇന്ത്യയെ ഒരു ഹിന്ദു രാഷ്ട്രമാക്കുന്നതിന് ഹിന്ദുധ്രുവീകരണം നടത്താൻ വേണ്ടി ക്രൈസ്തവരെയും മറ്റുള്ളവരെയും രാഷ്ട്രശത്രുക്കളായി ചിത്രീകരിക്കുകയും വേട്ടയാടുകയും ചെയ്യുന്ന മതഭ്രാന്തിന് സർക്കാർ കുടപിടിക്കരുത്. ഭൂരിപക്ഷമതസർവാധിപത്യം സ്ഥാപിക്കുന്നതിനുവേണ്ടി ന്യൂനപക്ഷങ്ങളെ ഇല്ലായ്മ ചെയ്യുന്നത് ഭാരതത്തിന്റെ സംസ്കാരമാകില്ല. അവശരുടെയും ന്യൂനപക്ഷങ്ങളുടെയും പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടായാലേ ഭാരതത്തിന് അഭിമാനമുണ്ടാകൂ. എന്നാൽ നീതി ആസൂത്രിതമായി അട്ടിമറിക്കപ്പെടുന്നത് ആവർത്തിക്കപ്പെടുന്നു.

കേരളം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയും അനീതിയുടെ പരിണിതഫലമാണ്. അവശവിഭാഗങ്ങൾക്കുള്ള ക്ഷേമപെൻഷൻ, ജോലിക്കാർക്ക് ശമ്പളം, സർക്കാരാശുപത്രികളിൽ മരുന്ന്, സ്കൂൾ കുട്ടികൾക്ക് ഉച്ചക്കഞ്ഞി, വിദ്യാർത്ഥികളുടെ പരീക്ഷ നടത്തിപ്പ്, കരാറുകാർക്ക് കുടിശിക, പൊതുവിതരണത്തിനുള്ള സാധനങ്ങൾ എന്നിവയ്ക്കൊന്നും സർക്കാരിന്റെ പക്കൽ പണമില്ല. എന്നാൽ നിയമസഭാ മന്ദിരത്തിന്റെ ഭക്ഷണമുറി നവീകരിക്കാൻ മാത്രം 12 കോടി മുടക്കാനുള്ള നീക്കത്തിലാണ് സർക്കാർ! ആശ്രിതർക്കുവേണ്ടി വൻ ചിലവുള്ള പുതിയ തസ്തികകളും ആനുകൂല്യങ്ങളും അനുവദിക്കാൻ മടിയില്ല. അനർഹരെ തിരുകി കയറ്റുമ്പോൾ അർഹരായവർക്കുള്ള നീതിയാണ് നിക്ഷേധിക്കുന്നത്! മുഖ്യമന്ത്രിയുടെ വീട്ടിലെ പുതിയ തൊഴുത്തിലെ ജീവികൾക്ക് ലഭിക്കുന്ന സുരക്ഷയും സൗകര്യവുമുണ്ടാകില്ല കേരളത്തിലെ ആയിരക്കണക്കിന് കർഷകർക്ക്! അധികാരവിനിയോഗം സ്വജനപക്ഷപാതമായി മാറുന്നത് കടുത്ത അനീതിയും ഏകാധിപത്യവും തന്നെയാണ്.

വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി നൽകിയതിന്റെ കാശ് സർക്കാരിൽനിന്ന് കിട്ടാൻ അധ്യാപകർ കോടതി കയറേണ്ടിവന്നിരിക്കുമ്പോഴാണ്, പഠനം ഫലപ്രദമാകണമെന്നും തൊഴിലെടുത്ത് അഭിമാനത്തോടെ ജീവിക്കണമെന്നും ചിന്തിക്കുന്നവർ നാടുവിടുമ്പോഴാണ്, എണ്ണപ്പെട്ട കോളേജുകൾ പലതും അടഞ്ഞുകിടക്കുമ്പോഴാണ്, സർവകലാശാലകളുടെ വികസനത്തിന് കേന്ദ്രത്തിൽനിന്ന് അനുവദിക്കുന്ന തുകവാങ്ങിയെടുക്കാത്തപ്പോഴാണ്, കേരളത്തെ ആഗോള വിദ്യാഭ്യാസത്തിന്റെ ഹബ് ആക്കാനും വിദേശസർവകാലശാലകളും സ്വകാര്യയൂണിവേഴ്സിറ്റികളും കൊണ്ടുവരാനും വെമ്പുന്നത്! അങ്ങനെ തുടങ്ങുന്ന സ്ഥാപനങ്ങളെ ഊറ്റി സർക്കാർ ഖജനാവ് വീർപ്പിക്കാമെന്നതിനേക്കാൾ വലിയ വിദ്യാഭ്യാസവീക്ഷണമൊന്നും ഇതിനുപിന്നിലുണ്ടാകുമെന്ന് കരുതാനാകില്ല. ഉണ്ടെങ്കിൽ, ഇവിടെ നിലവിലുള്ള്ള സ്ഥാപനങ്ങളിൽ കാലത്തിനനുസരിച്ച മികച്ചവിദ്യാഭ്യാസം നൽകാൻ സാഹരചര്യമൊരുക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. ഇവിടെയുള്ളതിനെയെല്ലാം തച്ചുടയ്ക്കുന്നവർക്ക് എങ്ങനെ പുതിയവ വിജയിപ്പിക്കാനാകും?

വാങ്ങിയ സാധനം പതിനൊന്നിരട്ടി വിലയ്ക്ക് വിറ്റിട്ടും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനമുള്ള നാടാണ് കേരളം! എടുത്ത കടങ്ങൾക്ക് പലിശ കൊടുക്കാൻ വരുമാനമില്ലാത്ത സർക്കാർ കൂടുതൽ കടമെടുത്ത് കേരളത്തെ കടക്കണിയിലാക്കാൻ ഓടിനടക്കുന്നത് മികച്ച ഭരണത്തിന്റെ മറ്റൊരു ഫലിതം! ഇതിന്റെയെല്ലാം നടുവിലും ഭൂമിയിലെ രാജാക്കന്മാരായി വാഴുന്നവരുണ്ട്. അവർക്ക് ഒരു കുറവുമില്ല. സാധാരണക്കാരായ മറിയക്കുട്ടിമാരാണ് നീതിയുടെ ഭിക്ഷാപാത്രവുമായി അലയേണ്ടിവരുന്നത്. ജനങ്ങൾക്ക് ആവശ്യമായ നീതി നടത്തിക്കൊടുക്കാൻ മന്ത്രിമാരുടെയോ ഉദ്യോഗസ്ഥന്മാരുടെയോ എണ്ണത്തിൽ കുറവില്ല. ആവശ്യത്തിലേറെ ഉണ്ടുതാനും! എല്ലാവർക്കും നീതി ലഭ്യമാക്കി കൊടുക്കാൻ മഹാമനസ്കതയുള്ള ഭരണാധികാരികളില്ല എന്നുമാത്രം!


കാട്ടിലെ ഹിംസ്രജന്തുക്കളോടുകാണിക്കുന്ന നീതി പോലും പ്രജകളായ കർഷകരോട് സർക്കാർ കാണിക്കുന്നില്ലെന്നത് അനീതിയുടെ മറ്റൊരു ചിത്രം! വനത്തിനരികെ കന്നുകാലികളെ വളർത്തുന്നത് നിയന്ത്രിക്കുന്നതാണ് പരിഹാരമാർഗമെന്ന് കാണുന്ന മന്ത്രി തലവിവേകം വലിയതുതന്നെ! കേരളത്തിന്റെ കിഴക്കേ വനാതിർത്തിയിൽനിന്ന് പടിഞ്ഞാറേ കടൽക്കരയിലേക്കുള്ള ദൂരം 120 കിലോമീറ്ററോളം മാത്രമാണ്. കാട്ടുമൃഗങ്ങൾക്ക് കടന്നുവരാനാകാത്തത്ര അകലത്തിലാണ് കേരളത്തിലെ കാടും നാടുമെന്ന് കരുതുന്നവർ യാഥാർഥ്യങ്ങളുടെ ലോകത്തിൽനിന്ന് എത്രയോ അകലെയായിരിക്കും! അത്യാവശ്യകാര്യങ്ങൾക്ക് പണമില്ലെങ്കിലും വന്യമൃഗനിയന്ത്രണം എങ്ങനെയെന്ന് പഠിക്കുന്നതിന് സർക്കാർ ചിലവിൽ ചില വിദേശ സന്ദർശനങ്ങൾ തരപ്പെടുത്താതിരിക്കില്ല. നാട്ടിലെ സ്ഥിതി പഠിക്കാൻ മിനക്കെടാത്ത പലരും വിദേശത്ത് പഠിക്കാൻ പോകുന്നതിന്റെ ക്ഷീണവും നാടിനുതന്നെ! കർഷകരെ സംരക്ഷിക്കുന്നതിനുപകരം കുടിയൊഴിപ്പിക്കാനാണ് സർക്കാർ തന്ത്രം എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കക്ഷിരാഷ്ട്രീയത്തിന്റെ അടിമത്വത്തിന് അതീതമായി എല്ലാവർക്കും അർഹമായ നീതി ലഭ്യമാക്കാൻ സന്മനസ്സും പ്രാപ്തിയും ഉള്ളവരെ തിരഞ്ഞെടുക്കാൻ ജനങ്ങൾ പ്രാപ്തരാകുന്നതാണ് പരിഹാരത്തിന്റെ ആരംഭം.

# പുതിയ കാഴ്ചപ്പാടുകൾ നൽകുന്ന ഈശോയുടെ ഉത്ഥാനം



റവ. ഡോ. ജോസ് വട്ടക്കുഴി





ഈസ്റ്റർ– യേശുവിന്റെ ത്യാഗത്തിന്റെയും ഉത്ഥാനത്തിന്റെയും ഫലമായി നമ്മൾ പുതിയ സൃഷ്ടികളായിരിക്കുന്നുവെന്ന് ഓർമപ്പെടുത്തുന്ന തിരുനാൾ. പരിക്ഷീണിതരായ നമ്മൾ അവന്റെ കൃപയാൽ നവോന്മേഷം പ്രാപിക്കുന്നു. ഉത്ഥിതനായവന്റെ സ്നേഹത്താൽ, നമ്മുടെ പഴയ കാഴ്ചപ്പാടുകളെ മാറ്റി, പുതിയ സമീപനം സ്വീകരിക്കാൻ ഈസ്റ്റർ നമ്മെ പ്രേരിപ്പിക്കുന്നു.

### പുതിയ കാഴ്ചപ്പാടുകൾ സ്വീകരിച്ച സ്ത്രീകൾ

സാഹിത്യകൃതികൾക്ക് അന്തർദേശീയ അംഗീകാരമായ 'ബുക്കർ' സമ്മാനത്തിന് പേര് നിർദ്ദേശിക്കപ്പെട്ട ജിത് തയ്യിൽ 2021–ൽ പുറത്തിറക്കിയ 'നെയിംസ് ഓഫ് വുമൺ' എന്ന നോവൽ വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള, യേശുവിന്റെ മരണത്തിനും ഉത്ഥാനത്തിനും സാക്ഷ്യം വഹിച്ച, ഏകദേശം 15 സ്ത്രീകളുടെ അനുഭവം പങ്കുവെക്കുന്നതാണ്. യേശുവിനോടൊപ്പം നടന്ന് അത്ഭുതങ്ങളും അടയാളങ്ങളും കണ്ടറിഞ്ഞവരും അനുഭവിച്ചറിഞ്ഞവരുമായ ആ സ്ത്രീകൾ ഈസ്റ്റർ അനുഭവത്തോടെ, കാഴ്ചപ്പാടിലും മനോഭാവത്തിലും പുതിയ സമീപനം സ്വീകരിച്ചവരായി മാറുന്നു. ഉത്ഥാനത്തിന്റെ ഓർമയിൽ നിറഞ്ഞ് ഉത്ഥാനം ചെയ്ത ക്രിസ്തുവിന് സാക്ഷ്യംവഹിക്കുവാൻ ഇറങ്ങിപ്പുറപ്പെടുന്നതായിരുന്നു ആ പുതിയ സമീപനം.

ആ സ്ത്രീ സമൂഹത്തിലെ പ്രധാനികൾ മഗ്ദലനയിലെ മറിയം, യാക്കോബിന്റെയും യോഹന്നാന്റെയും അമ്മ, ക്ലോപ്പസിന്റെ ഭാര്യയായ മേരി, ലിഡിയ, അസിയ, മർത്ത, ബഥനിയിലെ മേരി, ജെറുസലേമിലെ വിധവയായിരുന്ന ജുനിയ, വന്ധ്യയായിരുന്ന സൂസൻ, കാനൻകാരി മറിയം തുടങ്ങിയവരായിരുന്നു. യേശുവിനെ കണ്ടുമുട്ടിയതിലൂടെ ജീവിതം മാറ്റിമറിക്കപ്പെട്ടവരായിരുന്നു ഇവരെല്ലാം. അവരുടെ പേരുകൾ വിശുദ്ധ ഗ്രന്ഥത്തിൽ ഇടയ്ക്കിടെ മാത്രമേ പറഞ്ഞിട്ടുള്ളൂ. ചിലരുടെ പേരുകൾ ഇല്ലതാനും. എങ്കിലും യേശുക്രിസ്തുവിന്റെ അറസ്റ്റിലും വിചാരണയിലും കുരിശിന്റെ



വഴിയിലും കുരിശുമരണത്തിലും സംസ്കാരത്തിലും ഉത്ഥാനത്തിലും അവിടുത്തോടൊപ്പം ഉണ്ടായിരുന്നവരാണ് അവർ. യേശുവിനോടൊപ്പം, പ്രത്യേകിച്ച് വിഷമസന്ധിയിൽ, ഉണ്ടായിരിക്കേണ്ട പലരും, ശിഷ്യന്മാർ പോലും, യേശുവിനെ ഉപേക്ഷിച്ചപ്പോൾ, സ്ത്രീകളായ ഇവരാണ് ധൈര്യസമേതം യേശുവിനെ വേർപിരിയാനാകാത്ത വിധം അവിടുത്തോടുകൂടെ ഉണ്ടായിരുന്നത്. യേശുവിനെ ആശ്വസിപ്പിക്കാൻ, പരിശുദ്ധ അമ്മയോടൊപ്പം കരയാൻ, യേശുവിന്റെ മുഖം തുടക്കാൻ , മാതാവിന്റെ മടിയിൽ കിടത്താൻ , ജോസഫിന്റെ കല്ലറയിൽ മറവ് ചെയ്യാൻ, കല്ലറയിൽ പോയി അതിരാവിലെ പ്രാർത്ഥിക്കാൻ... ഈ സ്ത്രീകൾ മാത്രമായിരുന്നു.

അവരെ അതിന് പ്രേരിപ്പിച്ചത് യേശുവിനോടുള്ള തീവ്രമായ ബന്ധവും സ്നേഹവും അതിലുപരി, ക്രിസ്തുവിന്റെ ജീവിതം അവരിൽ ചെലുത്തിയ സ്വാധീനവുമായിരുന്നു. ഉത്ഥാനഞായർ അതിരാവിലെ യേശുവിന്റെ കല്ലറയിലേക്ക് പോയ ഇവർക്കാണ് അവിടുത്തെ ആദ്യദർശനം അല്ലെങ്കിൽ ഈസ്റ്ററിന്റെ ആദ്യ അനുഭവം ഉണ്ടാകുന്നത്. തുടർന്നുള്ള അവരുടെ ഉത്ഥാനാനുഭവം പങ്കുവയ്ക്കലും സാക്ഷ്യവുമാണ് വിശുദ്ധ പത്രോസിനെ പോലും ഈസ്റ്റർ അനുഭവത്തിലേക്ക് നയിച്ചത്. ലോകത്തിലെ ദൈവവിശ്വാസികളിൽ 35 ശതമാനം പേരോളം ക്രൈസ്തവവിശ്വാസത്തിൽ നിലകൊള്ളാൻ കാരണമായതിൽ ഈ സ്ത്രീകളുടെ ഈസ്റ്റർ അനുഭവത്തിന്റെയും സാക്ഷ്യത്തിന്റെയും പങ്കുണ്ട്. ക്രൈസ്തവ വിശ്വാസത്തിന്റെ നൂറ്റാണ്ടുകൾ പിന്നിട്ട വളർച്ച ഇതിന്റെ വലിയ തെളിവായി ചരിത്രത്തിൽ നിലകൊള്ളുന്നു.


### ശിഷ്യന്മാരുടെ പുതിയ കാഴ്ചപ്പാടുകൾ

വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയ പ്രകാരം ഉത്ഥിതനായ ക്രിസ്തു, മഗ്ദലേന മറിയത്തിനും മറ്റു സ്ത്രീകൾക്കും പ്രത്യക്ഷപ്പെട്ടതിനുശേഷം (യോഹ 20:16–17, മത്താ 28: 8–10) ശിഷ്യർക്കും മറ്റു വ്യക്തികൾക്കുമായി വിവിധ സ്ഥലങ്ങളിലും വിവിധ സമയത്തുമായി 10 പ്രാവശ്യം പ്രത്യക്ഷപ്പെട്ടിട്ടുണ്ട് (ലൂക്കാ 24: 13–43, 24: 34, 24:36, യോഹ 20: 26–29, 21: 1–2, മത്താ 28:26, 1കൊറി 15: 6, 15:7, ലൂക്കാ 24: 50–53, അപ്പ 9:36). ഈസ്റ്റർ ഞായറിലെപോലെത്തന്നെ ഉത്ഥിതമായ ശരീരത്തോട് കൂടെയാണ് യേശു പ്രത്യക്ഷപ്പെട്ടത്. യേശുവിന്റെ കൂടെ നടന്നിരുന്നവരുടെ ജീവിതം, ഇതെത്തുടർന്ന്, പുതിയൊരു തലത്തിലേക്ക് മാറുന്നതായി കാണുന്നു. ക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ അടിസ്ഥാനത്തിലാണ് പിന്നീടവർ ജീവിതത്തെ മനസ്സിലാക്കുന്നതും കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതും. അത് അവരെ പുതിയ മനുഷ്യരാക്കുന്നു. ശിമയോൻ പത്രോസായും സാവൂൾ പൗലോസായും ദീദിമോസ് തോമസായും മാറുന്നതിന് ഉത്ഥാനാനുഭവം കാരണമാകുന്നുണ്ട്.

#### a) എമ്മാവൂസിലേക്ക് പോയ ശിഷ്യർ (ലൂക്കാ 24: 13-43).

യേശുവിന്റെ മരണശേഷം ജെറുസലെംവിട്ട് എമ്മാവൂസ് ഗ്രാമത്തിലേക്ക് പോയ രണ്ട് ശിഷ്യന്മാർ യാത്രയിൽ ഉത്ഥിതനായ ഈശോയെ അനുഭവിച്ചതോടെ അവരുടെ കാഴ്ചപ്പാടുകൾ മാറ്റുകയും എമ്മാവൂസ് യാത്ര ഉപേക്ഷിച്ച് ക്രിസ്തുവിന് സാക്ഷ്യം വഹിക്കാൻ ജെറുസലേമിലേക്ക് മടങ്ങിയതായും സുവിശേഷത്തിൽ വായിക്കുന്നു.

#### b) തോമാശ്ലീഹാ



വിശ്വസിക്കാതിരുന്ന തോമാശ്ലീഹായ്ക്ക് ഉത്ഥിനായ കർത്താവിനെ കണ്ടശേഷം യേശുവിനോടുള്ള മനോഭാവത്തിലും സമീപനത്തിലും വന്ന വ്യത്യാസത്തിനാധാരം യേശുവിനെ സ്വന്തമാക്കിയതിനുള്ള സന്തോഷമായിരുന്നു. താൻ ആഗ്രഹിച്ചതുപോലെയും യേശു അനുവദിച്ചതുപോലെയും തന്റെ കരങ്ങൾ യേശുവിന്റെ പാർശ്വത്തിൽ വയ്ക്കുകയോ, യേശുവിന്റെ കരങ്ങളിലെ ആണിപ്പഴുതുകൾ നോക്കുകയോ തോമസ്ലീഹ ചെയ്തില്ല. "എന്റെ കർത്താവേ എന്റെ ദൈവമേ" എന്ന് തന്റെ ബോധ്യവും വിശ്വാസവും തോമാശ്ലീഹാ ഏറ്റുപറയുന്നു. 'എന്റെ' എന്നുള്ള വാക്ക് നമ്മൾ ഉപയോഗിക്കുന്നത് എപ്പോഴാണ്? സ്വന്തമാക്കിയതിനെയാണ് 'എന്റെ' എന്ന് വിളിക്കുക. ഉദാഹരണത്തിന് എന്റെ ഭാര്യ, എന്റെ ഭർത്താവ്, എന്റെ മക്കൾ, എന്റെ മാതാപിതാക്കൾ, എന്റെ ഇടവക, എന്റെ മഠം, എന്റെ ജോലിസ്ഥലം, എന്റെ വാഹനം, അങ്ങനെ നീളുന്നു പ്രയോഗങ്ങൾ. ഈ പദം വച്ചാണ് തോമാശ്ലീഹാ ഉത്ഥിതനായ യേശുവിനെ സംബോധന ചെയ്യുന്നത്. യേശുവിനോടുള്ള ഗാഢമായ ബന്ധം അവിടെ വ്യക്തമാണ്. യേശുവിനെ സ്വന്തമാക്കുന്ന ബന്ധം തോമാശ്ലീഹായ്ക്ക് സാധ്യമായത്, കൂട്ടായ്മയിൽ നിന്ന് അകന്നുപോയെങ്കിലും, വീണ്ടും ശിഷ്യരുടെ കൂട്ടായ്മയിലേക്ക് കടന്നു വന്നപ്പോഴാണ് എന്നുള്ള സത്യം ഇവിടെ വിസ്മരിച്ചുകൂടാ.

#### c) അധ്വാനത്തിന്റെ കാഴ്ചപ്പാട്

യോഹ 21:22–ൽ പറയുന്നതുപോലെ, രാത്രി മുഴുവനും അധ്വാനിച്ചിട്ടും ഒന്നും ലഭിക്കാതെ നിരാശരായ ശിഷ്യന്മാർക്ക്, യേശു നിർദ്ദേശിച്ചത് പോലെ വലയിട്ടപ്പോൾ, അത്ഭുതകരമായവിധം അധ്വാനത്തിന്റെ ഫലം ലഭിച്ചു. അധ്വാനത്തിന്റെ ഫലപ്രാപ്തിക്ക് യേശുവിന്റെ സഹായം ആവശ്യമാണെന്നുള്ള ബോധ്യത്തിലേക്കും തിരിച്ചറിവിലേക്കും എത്തിച്ചേരുവാൻ ശിഷ്യർക്ക് അതുവഴി സാധിച്ചു. അതോടെ യേശുവില്ലാത്ത അധ്വാനം നിഷ്ഫലം ആണെന്ന് അവർ മനസ്സിലാക്കുന്നു.

### വിശുദ്ധ ബലിയിലെ ഈസ്റ്റർ അനുഭവം

ഈസ്റ്റർ അനുഭവം ഓർമ്മിക്കാൻ ആദിമസഭയിലെ ക്രിസ്ത്യാനികൾ ഒത്തുചേർന്നിരുന്നു(അപ്പ 2:46; 20:7). അതിന്റെ തുടർച്ചയാണ് ഇന്ന് കാണുന്ന ഞായറാഴ്ച ആചരണം. വിശുദ്ധ ബലിയിലൂടെ ആവർത്തിക്കുന്നതും ഓർമിക്കുന്നതും പങ്കുവയ്ക്കുന്നതും ഈസ്റ്റർ അനുഭവം തന്നെയാണ്. പരിശുദ്ധ കുർബാനയിൽ കൂദാശ വചനങ്ങൾക്ക് ശേഷം പുരോഹിതൻ "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" എന്ന യേശുവിന്റെ നിർദ്ദേശം ഏററുചൊല്ലിക്കൊണ്ട്, ഓരോ ക്രൈസ്തവനെയും അവിടുത്തെ ജനനവും ജീവിതവും കുരിശുമരണവും സംസ്കാരവും ഉത്ഥാനവും അടങ്ങുന്ന ക്രിസ്തുരഹസ്യം കുർബാനയിലൂടെ ഓർമ്മിക്കുവാനും തുടർന്ന് ജീവിതത്തിലൂടെ അത് പങ്കുവയ്ക്കുവാനും ഓർമപ്പെടുത്തുകയാണ്. വിശുദ്ധ കുർബാന അർപ്പിക്കപ്പെടുമ്പോഴെല്ലാം ഈസ്റ്റർ അനുഭവം പങ്കുവെക്കപ്പെടുന്നു (ടമര്യീമെിരഘോ ഈീരശഹശൗ, ടലരീറ ഢമശേരമി ഈീൗിരശഹ).

ഉത്ഥാനാനുഭവത്തിൽനിന്ന് പ്രചോദനം ഉൾക്കൊണ്ട് പുതിയ കാഴ്ചപ്പാടും സമീപനങ്ങളും, അനുദിന ജീവിതത്തിലെ സാഹചര്യങ്ങളിൽ, പ്രത്യേകിച്ചും അധ്വാനങ്ങളിൽ, സ്വീകരിക്കുവാൻ വി. കുർബാന ഓരോരുത്തരെയും പ്രേരിപ്പിക്കുന്നു. ക്രൈസ്തവന്റെ ജീവിതത്തിലെ ത്യാഗങ്ങളും അധ്വാനത്തിന്റെ ക്ലേശങ്ങളും വിശുദ്ധ കുർബാനയിലൂടെ യേശുവിന്റെ ജീവിത ബലിയോട് ചേർത്തുവച്ച് ഓരോ വ്യക്തിയും ജീവിതത്തിൽ ക്രിസ്തുവിന്റെ സാന്നിധ്യം അനുഭവിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ ക്രൈസ്തവന്റെ എല്ലാ അധ്വാനവും ഉത്തരവാദിത്വങ്ങളും ബലി അർപ്പണമാകുന്നു. ഭർത്താവ് ഭാര്യക്ക് വേണ്ടിയും ഭാര്യ ഭർത്താവിനു വേണ്ടിയും മക്കൾ മാതാപിതാക്കൾക്ക് വേണ്ടിയും മാതാപിതാക്കൾ മക്കൾക്ക് വേണ്ടിയും, സഹോദരങ്ങൾ പരസ്പരവും ബലിയാകുമ്പോൾ, യേശുവിന്റെ ജീവിതത്തിലും സഹനത്തിലും കുരിശു മരണത്തിലും സംസ്കാരത്തിലും ഉത്ഥാനത്തിലും പങ്കുപറ്റുകയാണ് അവർ ചെയ്യുന്നത്.

### ഉപസംഹാരം

ഈസ്റ്ററിന്റെ ഓർമ്മയുടെ ബാഹ്യമായ അടയാളമായി നിലകൊള്ളുന്ന ശൂന്യമായ കല്ലറയും, അതായത് ബലപീഠം, അതിന്മേൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ ബലികളും കൂട്ടായ്മയുടെ അടിസ്ഥാനമായ കുടുംബങ്ങളിൽ ഈസ്റ്റർ അനുഭവങ്ങൾ പങ്കുവയ്ക്കുവാനും പുതിയ സ്നേഹ സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ സ്വീകരിക്കാനും അവസരങ്ങൾ ഒരുക്കുന്നു. പ്രത്യേകിച്ച് സഭയ്ക്കും ക്രൈസ്തവവിശ്വാസത്തിനും അടിസ്ഥാനമിട്ട യേശുവിന്റെ കൂടെയുണ്ടായിരുന്ന സ്ത്രീകൾ ആദ്യ ഈസ്റ്റർ അനുഭവം പങ്കുവെച്ചതുപോലെ, കുടുംബത്തിൽ നിന്ന് വരുന്ന ഓരോ വ്യക്തിയെയും ഈസ്റ്റർ അനുഭവത്തിൽ വളർത്തുവാൻ അമ്മമാർക്ക് കടമയുണ്ട് എന്ന കാര്യം തിരിച്ചറിയേണ്ടതുണ്ട്. സ്നേഹമാതൃകയുടെ ഉത്തമ ഉദാഹരണമായ അമ്മമാർക്ക് ക്രിസ്തുസ്നേഹത്തിന്റെ പുതിയ സമീപനം സ്വീകരിക്കുവാൻ കുടുംബാംഗങ്ങളെ പഠിപ്പിക്കാനും സാധിക്കും.

# സ്നേഹത്തിന്റെ അടയാളങ്ങൾ പ്രാർത്ഥന



പ്രൊഫ. വി.പി. ജോൺസ്



പരമ കാരുണികനായ പ്രപഞ്ചസ്രഷ്ടാവിന്റെ പ്രഭാവത്തെ പുകഴ്ത്തുകയും പൂജിക്കുകയും ചെയ്യുന്നവൻ/ ചെയ്യുന്നവൾ തന്റെ പ്രാർത്ഥനയിൽ വിശ്വ സ്രഷ്ടാവിന്റെ മഹത്വവും പ്രഭുത്വവും അനന്യതയും സൂചിപ്പിക്കുന്ന 'കർത്താവേ' എന്ന പദത്തെ സവിശേഷകരമായ ഭക്തിയോടെ ഊന്നൽ നൽകി ഉച്ചരിക്കുകയോ, ഉദ്ഘോഷിക്കുകയോ ചെയ്യുകയാണ് അതിലൂടെ നിർവ്വഹിക്കുന്നത്. സ്വന്തം ഹൃദയത്തിനകത്ത് നിറഞ്ഞു തുളുമ്പുന്ന വിധം ദൈവരഹസ്യ പ്രേമം പകർന്നു കിട്ടിയ ഒരാൾ 'യേശു ക്രിസ്തുവേ' എന്നു ഹൃദയംഗമമായി വിളിക്കുമ്പോൾ അയാൾ സ്വയം ഒരു പ്രത്യേകതരം ആനന്ദനിർവൃതിയിൽ ആണ്ടു പോകുന്നു. സന്തോഷാധി കൃത്താൽ സ്വയം പരിവർത്തനായിത്തീരുകയും ചെയ്യുന്നു. സാധാരണ സംഭാഷണത്തിൽപ്പോലും യേശു ക്രിസ്തുവിന്റെ ധന്യ തിരുനാമം സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും സമർപ്പണത്തിന്റെയും, ആത്മീയമായ ഉണർവിന്റെയും അതിപ്രസരം കൂടാതെ ശ്രവിക്കാൻ കഴിയാതിരുന്ന ഒരു പുണ്യാത്മാവുണ്ടായിരുന്നു ഒരിടത്ത്. ഒരു കാലത്ത്, യേശു ക്രിസ്തുനാഥന്റെ ദൈവമഹത്വത്തിൽ തീർത്തും ദൃഢ വിശ്വാസമുള്ള അദ്ദേഹം 'യേശുക്രിസ്തുവേ, ദൈവത്തിന്റെ പുത്രാ' എന്നു വിളിക്കുമ്പോൾത്തന്നെ കൂടുതൽ കൂടുതൽ തീവ്രവും, അതീവ ഗാഢ സാന്ദ്രവുമായ പൂർണ വിശ്വാസം മുഖേന ഉദ്ദീപ്തനായി തീരുമായിരുന്നു. വിനയാന്വിതനും സ്വകീയമായ ദൗർബല്യാവസ്ഥയെക്കുറിച്ച് പരിപൂർണ്ണ ബോധ്യമുള്ളവനുമായ ഒരാൾ "ക്രിസ്തുനാഥാ, ദൈവപുത്രാ, പാപിയായ എന്റെമേൽ കരുണയായിരിക്കേണമേ" എന്നു താണുവീണ് കേണപേക്ഷിക്കുമ്പോൾ ആ ആൾ പശ്ചാത്താപ പരിതപ്തനും, നിർമാനവ്രതനും, ദൈവ സ്നേഹത്തോടൊപ്പം അപര പ്രിയനുമായി പരിവർത്തനം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. കൃപാമയനായ യേശു തമ്പുരാൻ അവന് പൂർണാർത്ഥത്തിൽ ഗോചരീഭവിക്കുകയത്രേ ചെയ്യുന്നത്.

യേശു പ്രാർത്ഥനയുടെ ഈ അത്യുത്തമവും അതി വിശിഷ്ടവുമായ പദാവലികളിൽക്കൂടി, അതീവ ധന്യവും ശ്രേയസ്കരവും ദിവ്യവും പരമ വിനീതവുമായ സമ്പ്രദായത്തിൽ, തന്റെ അകക്കാമ്പിലെ അത്യുൽക്കടമായ അപേക്ഷകൾ അവിടുത്തെ തിരുസമക്ഷം സമർപ്പിക്കുകയാണയാൾ. കർത്താവിന്റെ കാരുണ്യത്തിലും, കനിവൂറുന്ന ചിത്തത്തിലും അയാൾ സമ്പൂർണ്ണമായി ആശ്രയിക്കുകയും ചെയ്യുന്നു. പലരും വ്യത്യസ്ത സ്വരങ്ങളിൽ യേശു ക്രിസ്തുവിന്റെ പരിപാവന നാമം ആധാരമാക്കിയുള്ള പ്രാർത്ഥനകളിൽ മുഴുകുന്നതും, അവിടുത്തെ ആത്മശരീരങ്ങൾ കൈക്കൊണ്ട് അവിടുത്തേക്ക് സ്നേഹാഭിവാദ്യങ്ങൾ അർപ്പിച്ച് മുക്തി അടയുന്നതും ആശ്ചര്യജനകമെന്ന് കരുതിപ്പോകരുത്.


ദൈവനാമത്തിന്റെ മഹത്വത്തിനും ജ്ഞാനാർജനത്തിനും വേണ്ടി നമ്മൾ പ്രാർത്ഥനകൾ ശ്രവിക്കുമ്പോൾ, ഏതൊരുവിധ വികാരത്താലാണ് ഒരാൾ പ്രത്യേകാൽ ആർദ്രഹൃദയനാകുന്നതെന്ന് ആരായുമ്പോൾ, നാം സത്യം കണ്ടെത്തുകയും, അതു നമ്മെ ലോകമായയിൽ നിന്ന് വിമോചിപ്പിക്കുകയും ചെയ്യും. ശരിയായി നോക്കുമ്പോൾ ക്രിസ്തുനാഥന്റെ സവിശേഷമായ അനുഗ്രഹം അദ്ദേഹത്തിന്/ നമുക്ക് പ്രാപ്യമായിരിക്കുന്നു എന്നു ഗ്രഹിക്കാൻ ഒട്ടും ബുദ്ധിമുട്ടേണ്ടി വരുകയില്ല. എന്നാൽ ഈ ആദ്ധ്യാത്മികാനുഗ്രഹങ്ങളുടെ അടയാളങ്ങളെല്ലാം യോജിച്ചൊരുമിച്ച് എന്തുകൊണ്ട് പ്രകാശിച്ചുകൂടാ എന്ന് ഒരു സന്ദേഹാത്മാവിന് ചോദിക്കാം.

അങ്ങനെയാണെങ്കിൽ പ്രാർത്ഥനയിലെ ഒരു വാക്കല്ല. ഓരോ വാക്കും ഓരോ ആത്മനിർവൃതിനാദം കൊണ്ട് നിറഞ്ഞിരിക്കണമെല്ലോ?

വിശുദ്ധ ലിഖിതത്തിൽ കാണാവുന്നതു പോലെ ദൈവാനുഗ്രഹം, ദൈവത്തിന്റെ ജ്ഞാന ദാനങ്ങളെ ഓരോരുത്തന്റെയും അർഹത അനുസരിച്ച് ഓരോ തരത്തിലാണ് വിതരണം ചെയ്യപ്പെടുന്നത്. അതിനാൽ തന്റെ പരിമിതമായ ബുദ്ധികൊണ്ട് ആർക്കുകഴിയും ദൈവാനുഗ്രഹങ്ങളെ തേടിപ്പിടിക്കാനും അതിന്റെ അണിനിലകളിൽ കടന്നു കൂടാനും? കുശവന്റെ അധീനതയിലല്ലേ കളിമണ്ണു മുഴുവനും ഉള്ളത്? അതുകൊണ്ട് എന്നു വേണമെങ്കിലും മെനയാൻ അവനുമാത്രമല്ലേ കഴിയുകയുമുള്ളു. അതോ, ഇതോ, എന്തു വേണമെങ്കിലും മെനയാൻ അവനുള്ള സ്വാതന്ത്ര്യത്തെ നിയന്ത്രിക്കാൻ ആരെക്കൊണ്ടു കഴിയും? ദൈവത്തെ സ്നേഹിക്കുന്നവന് ശത്രുവില്ല. ദൈവം സ്നേഹിക്കുന്നതാകട്ടേ, അപരനെ സ്നേഹിക്കുന്നവനെയാകുന്നു. യേശു പറഞ്ഞത് തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കാനാണ്. കുമാരനാശാൻ ക്രിസ്തുതത്ത്വങ്ങൾ കവിതയിലാക്കി. 'സ്നേഹിക്കയുണ്ണി, നീ നിന്നെ ദ്രോഹിക്കുന്ന ജനത്തെയും'. ഉള്ളൂരും യേശുവിന്റെ മൊഴി മുത്തുകൾക്കു കാവ്യരൂപമൊരുക്കി. 'അടുത്തുനില്പോരനുജനെ (സഹജൻ) നോക്കാൻ അക്ഷികൾ ഇല്ലാത്തോർക്ക് രൂപനീശ്വരനദൃശ്യനായാൽ അതിലെന്താശ്ചര്യം?'

പ്രതികാരം എന്നത് പരമപിതാവിലോ, അവിടുത്തെ പുത്രനിലോ, നമുക്കു ബോധജ്ഞാനം പകർന്നു തരുന്ന പരിശുദ്ധാത്മാവിലോ അശേഷവുമില്ല. നമ്മുടെ പുനരുജ്ജീവനത്തിനും ശ്രേയസിനും ഉതകുന്ന ഏറ്റവും കരുത്തുറ്റതും ഊർജ്ജസ്വലവും ഉന്മേഷദായകവുമായ ഉപായം പ്രാർത്ഥനയല്ലാതെ മറ്റൊന്നുമില്ല.

# ക്രൈസ്തവ മിഷനറിമാരെ മാറ്റി നിർത്തണമോ?





ഫാ. വർഗീസ് വള്ളിക്കാട്ട്

'ഇന്ത്യയുടെ ആരോഗ്യ വിദ്യാഭ്യാസ രംഗങ്ങളിൽ ക്രൈസ്തവരുടെ സാന്നിധ്യം വളരെ സജ്ജീവമാണ്...' അതു സമൂഹത്തിന് നന്മയല്ലാതെ എന്തെങ്കിലും നഷ്ടമുണ്ടാക്കുന്നുണ്ടോ? ഇപ്പോൾ ഇങ്ങനെ ചിന്തിക്കാൻ കാരണം, പത്രത്തിൽ വായിക്കാനിടയായ ഒരു വാർത്തയാണ്. അതിങ്ങനെ തുടരുന്നു: 'ഇതെല്ലാം ഉടൻ അവസാനിപ്പിക്കും, ഹിന്ദുത്വം അതിന്റെ ശക്തി കാണിക്കും..' എന്നിങ്ങനെ ചില പരാമർശങ്ങൾ ഉത്തരവാദപ്പെട്ട ഭരണാധികാരികൾ നടത്തിയതായി കണ്ടു. ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ മറവിൽ ക്രിസ്ത്യാനികൾ നടത്തുന്നത് നിർബന്ധിത മത പരിവർത്തനമാണ് എന്നാണ് ഒരു സംസ്ഥാന മുഖ്യമന്ത്രി കൂടിയായ അദ്ദേഹം പറഞ്ഞുവയ്ക്കുന്നത്.

### നിർബന്ധിത മതപരിവർത്തനം നടത്തുന്നുണ്ടോ?

വടക്കേ ഇന്ത്യയിൽ ക്രിസ്ത്യൻ മിഷനറിമാർ വിദ്യാഭ്യാസ പ്രവർത്തനങ്ങളും ആരോഗ്യ രംഗത്തെ സേവനവും തുടങ്ങിയിട്ടു രണ്ടു നൂറ്റാണ്ടിലേറെയായി. അത്തരം പ്രവർത്തനങ്ങൾ സമൂഹത്തിനു നൽകുന്ന സേവനങ്ങളും ക്രിസ്ത്യൻ മിഷനറിമാരുടെ സമർപ്പണ മനോഭാവവും ഈ നാടിന്റെയും സംസ്കാരത്തിന്റെയും ഭാഗം തന്നെയാണ്. അതിനെ ആരെങ്കിലും ഭയപ്പെടേണ്ടതുണ്ടോ? ഇന്ത്യയുടെ ഐക്യത്തിനോ അഖണ്ഡതക്കോ ഭംഗം വരുത്തുന്നതോ, സമൂഹത്തിന്റെ ആരോഗ്യപരമായ വളർച്ചക്ക് ഭീഷണിയാകുന്നതോ ആയതെന്തെങ്കിലും ക്രൈസ്തവ മിഷനറിമാരുടെ പ്രവർത്തനത്തിലുണ്ടോ?

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളും തങ്ങൾക്കു സാധിക്കുന്ന വിധത്തിൽ സമൂഹത്തിനും രാഷ്ട്രത്തിനും സേവനം ചെയ്യുന്നതിനു സഹായകമായ സമീപനമാണ് ഭരണാധികാരികളുടെ ഭാഗത്തുനിന്നും എല്ലാവരും പ്രതീക്ഷിക്കുന്നത്. സഭകളുടെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവർ ഇത്തരം കാര്യങ്ങളിൽ ഭരണാധികാരികളുമായി ആവശ്യമായ ആശയവിനിമയം നടത്തി വ്യക്തത വരുത്തേണ്ടതും തെറ്റിദ്ധാരണകൾ പരിഹരിക്കേണ്ടതും അത്യന്താപേക്ഷിതമാണ്.

### എന്താണ് മിഷൻ പ്രവർത്തനം?

മറ്റുള്ളവർക്കു നന്മ ചെയ്യുക എന്നത് തങ്ങളുടെ വിശ്വാസത്തിന്റെയും ജീവിത രീതിയുടെയും ഭാഗമായതുകൊണ്ടാണ് ക്രൈസ്തവർ അത്തരം സേവന പ്രവർത്തനങ്ങളെ 'മിഷൻ പ്രവർത്തനം' എന്നു വിളിക്കുന്നത്. ജീവിതംകൊണ്ട് ഒരു ദൗത്യം പൂർത്തിയാക്കാനുണ്ട് എന്ന വിശ്വാസബോധ്യമാണ് എല്ലാത്തരം സേവന പ്രവർത്തനങ്ങൾക്കും പ്രചോദനമായി വർത്തിക്കുന്നത്. ഈ വിശ്വാസത്തിനും ജീവിത ശൈലിക്കും ക്രൈസ്തവർ മാതൃകയാക്കിയിരിക്കുന്നത് യേശു ക്രിസ്തുവിനെയാണ്. യേശുക്രിസ്തുവിന്റെ ജീവിതവും സന്ദേശവും, തങ്ങളുടെ വാക്കിലും പ്രവൃത്തിയിലും ജീവിത ശൈലിയിലും പ്രാവർത്തികമാക്കുക എന്നതാണ് ക്രൈസ്തവന്റെ ദൗത്യം അഥവാ മിഷൻ!

സ്നേഹ കൂട്ടായ്മകൾ എന്ന നിലയിലാണ് ക്രൈസ്തവ സഭകൾ സാമൂഹ്യ രംഗത്തു സേവനം ചെയ്യുന്നത്. അതിൽ ആരെയും മതം മാറ്റുന്ന പ്രവർത്തനമല്ല ഉള്ളത്. സ്നേഹിക്കാനും നന്മചെയ്യാനും ശേഷിയുള്ളവരായി പുതിയ തലമുറയെ രൂപപ്പെടുത്തുക എന്ന കർത്തവ്യമാണ് വിദ്യാഭ്യാസത്തോടൊപ്പം മൂല്യബോധവും അച്ചടക്കവും പരിശീലിപ്പിക്കുന്നതിലൂടെ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർവഹിക്കുന്നത്.

ഒരോ മനുഷ്യനിലെയും ദൈവിക ചൈതന്യം തിരിച്ചറിഞ്ഞു രോഗികളെയും അവശതയനുഭവിക്കുന്നവരെയും ശുശ്രൂഷിക്കാനാണ് ക്രൈസ്തവർ ആതുരാലയങ്ങളും ആരോഗ്യ സ്ഥാപനങ്ങളും നടത്തുന്നത്. ഇത് ഭാരതത്തിന്റെ സംസ്കാരവുമായി ഇഴുകിച്ചേർന്നു നിൽക്കുന്ന ദർശനവും സമീപനവുമാണ്. ഭരണാധികാരികൾ ഇതിനെ എന്തിനാണു ഭയക്കുന്നത്?

### മിഷൻ ക്രൈസ്തവരുടെ ജീവിത രീതിയാണ്

മിഷൻ പ്രവർത്തനം ഒരു പ്രത്യേകതരം പ്രവർത്തനമല്ല, അത് ക്രൈസ്തവരുടെ ജീവിത രീതിയാണ്. അതിൽ, ഇന്ത്യൻ ഭരണഘടനക്കോ ജനാധിപത്യത്തിനോ നിയമവാഴ്ചക്കോ വിരുദ്ധമായി യാതൊന്നുമില്ല. മാറ്റാരുടെയെങ്കിലും അവകാശങ്ങളോ ആനുകൂല്യങ്ങളോ കവർന്നെടുക്കാനുള്ള ബോധപൂർവമായ ശ്രമങ്ങളുമില്ല.

> **മിഷൻ പ്രവർത്തനം ക്രൈസ്തവരുടെ ജീവിത രീതിയാണ്. അതിൽ, ഇന്ത്യൻ ഭരണഘടനക്കോ ജനാധിപത്യത്തിനോ നിയമവാഴ്ചക്കോ വിരുദ്ധമായി യാതൊന്നുമില്ല**

'ദൈവം ഒരു സ്നേഹ കൂട്ടായ്മയാണ്' എന്ന ആദർശവുമായി ജീവിക്കാൻ പരിശ്രമിക്കുന്നവർ എന്ന നിലയിൽ, സമൂഹത്തിലും ഐക്യവും കൂട്ടായ്മയും വളർത്താൻ ക്രൈസ്തവർ പ്രതിജ്ഞാബദ്ധരാണ്. ഏതെങ്കിലും ഒരു കേവലമായ ഒന്നിലേക്കോ (മയലീഹൗലേ ീലിലലൈ) ഏകത്വത്തിലേക്കോ (ശെിഴൗഹമൃശ്യേ) എല്ലാറ്റിനെയും ചുരുക്കിക്കാണുന്ന തീവ്രനിലപാടുകൾ ക്രിസ്ത്യാനികൾക്കില്ല.

അത്തരം തീവ്രനിലപാടുകൾ ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ ലോക സമാധാനത്തിനുതന്നെ ഭീഷണിയാകുന്ന ആധുനിക ലോകത്ത്, സമൂഹത്തിൽ സ്നേഹ കൂട്ടായ്മയുടെ സന്ദേശം പകരുന്ന ക്രൈസ്തവർ യഥാർത്ഥത്തിൽ, സമാധാനത്തിന്റെ പാത തുറക്കുന്നവരാണ്.

### ഹിന്ദുത്വ രാഷ്ട്രീയവും ക്രൈസ്തവ സഭകളും

'ഹിന്ദുത്വ' എന്ന ഏകശിലയിൽ ഇന്ത്യയെ രൂപപ്പെടുത്താനുള്ള വ്യഗ്രതയിൽ, ക്രൈസ്തവർക്കും ഇതര ന്യൂനപക്ഷ സമൂഹങ്ങൾക്കും നേരേ ഹിംസാത്മകമായ സമീപനം ഭരണാധികാരികളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് നിർഭാഗ്യകരമാണ്. ക്രൈസ്തവരുടെ സാമീപ്യം കൊണ്ട് ഹിന്ദു സമൂഹത്തിനോ ഇതര സമൂഹങ്ങൾക്കോ ദോഷമുണ്ടായിട്ടുണ്ടോ എന്നു പഠിക്കാൻ ആഗ്രഹിക്കുന്നവർ യഥാർത്ഥത്തിൽ, കേരളത്തിൽ വന്നു പഠിക്കണം.

രണ്ടായിരം വർഷങ്ങൾ ഒരുമിച്ചു ജീവിച്ച സഹോദര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും പാരസ്പരികതയുടെയും ആരോഗ്യകരമായ മത്സരത്തിന്റെയുമൊക്കെ മിഴിവാർന്ന ചിത്രങ്ങൾ അവിടെ നിങ്ങൾക്കു കാണാൻ കഴിയും! ആ ദീർഘമായ പാരമ്പര്യത്തിൽ അഭിമാനിക്കുന്നവരാണ് കേരളത്തിലെ ക്രിസ്ത്യാനികൾ!

ഇതു കേവലം കേരളത്തിന്റെ മാത്രം കഥയല്ല. ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും ക്രൈസ്തവർ സമാധാനപൂർവ്വം ജീവിക്കുന്നവരും സാമൂഹ്യ രംഗത്തു തങ്ങളെക്കൊണ്ട് സാധിക്കുന്നത്ര നന്മ ചെയ്യാൻ പരിശ്രമിക്കുന്നവരുമാണ്. ഹിന്ദുത്വ രാഷ്ട്രീയത്തിന്റെ ശക്തി തെളിയിക്കാൻ ക്രിസ്ത്യാനികളെ ബലിയാടുകളാക്കാൻ എളുപ്പമാണ്. പക്ഷേ, ഹിന്ദുത്വയുടെ ശക്തിയായല്ല ദൗർബല്യവും പരാജയവുമായേ കാലം അതിനെ വിലയിരുത്തുകയുള്ളു.

ഭാരതത്തിന്റെ വൈവിദ്ധ്യത്തെ അംഗീകരിക്കുകയും ആഘോഷിക്കുകയും ചെയ്യാത്തതൊന്നും ഭാരതീയമല്ല എന്ന തിരിച്ചറിവാണ് യഥാർത്ഥത്തിൽ 'ഭാരതീയത അഥവാ ഇന്ത്യൻമനസ്സ്! നമ്മുടെ ഭരണഘടനയും സംസ്കാരവും ഉയർത്തിപ്പിടിക്കുന്നത് വൈവിധ്യവും സാഹോദര്യവുമാണ് അതിനെ തകർക്കാൻ ആരും ശ്രമിക്കരുത്.

# വിധിപറയാതെ വധശിക്ഷ



വിൻസെന്റ് കോട്ടപ്പടി

**ലോ**കചരിത്രത്തിൽ അനേകം വധശിക്ഷകൾ നടപ്പിലാക്കിയിട്ടുണ്ട്. അപരാധികൾ മാത്രമല്ല, നിരപരാധികളും വധശിക്ഷക്കർഹരായിട്ടുണ്ട്. പക്ഷേ, അപ്പോഴൊക്കെയും അവർ അപരാധികളായി ആരോപിക്കപ്പെട്ട് അഥവ വിധിക്കപ്പെട്ട ശേഷമാണ് ശിക്ഷിക്കപ്പെട്ടത്. എന്നാൽ ഒരു നിരപരാധി അതാണെന്ന് വിധിക്കപ്പെട്ടശേഷവും വധശിക്ഷ നടപ്പിലാക്കിയ ന്യായാധിപൻ പീലാത്തോസാണ്. അതേറ്റ് വാങ്ങിയത് മരണത്തെ കീഴടക്കി ലോകത്തെ രക്ഷിച്ച യേശുക്രിസ്തുവും.

ഈ സംഭവം പരിശോധിക്കുമ്പോൾ എത്തിച്ചേരുക ഏറ്റവും നിന്ദ്യവും കുത്സിതവുമായ ഒരു ഗൂഢാലോചനയിലേക്കാണ്. സംഭവബഹുലമായ ഒരു നാടകത്തെ വെല്ലുന്ന രംഗങ്ങൾ! പ്രബുദ്ധലോകം രണ്ട് സംസ്കാരങ്ങളുടെ മുഖമുദ്രയും ഈടുവെപ്പുമായി ആദരിക്കുന്ന നിയമസംഹിതകളാണ് – റോമൻ നിയമങ്ങളും യഹൂദ നിയമങ്ങളും. അവയുടെ പാരമ്പര്യത്തേയും ഉൽകൃഷ്ടതയേയും കടപുഴക്കിയെറിയുന്ന ഒരു വിചാരണയും വിധിയുമാണ് അന്ന് നടന്നത്. രണ്ടുനിയമങ്ങളിലും കുറ്റം ആരോപിക്കപ്പെടുന്നയാൾക്ക് കാതലായ ചില അവകാശങ്ങളും ജാമ്യവ്യവസ്ഥകളും ഉറപ്പുനൽകിയിട്ടുപോലും ഈശോയുടെ കാര്യത്തിൽ ആ നിയമപരിരക്ഷകളെല്ലാം നഗ്നമായി ലംഘിക്കപ്പെടുകയും വളച്ചൊടിക്കുകയും അവഗണിക്കപ്പെടുകയുമാണുണ്ടായത്.

ഒരു മനുഷ്യന്റെ ജീവനോ മരണമോ നിശ്ചയിക്കുന്ന നിയമപരമായ നടപടികൾ തുറന്ന പകൽ വെളിച്ചത്തിൽ നടക്കണം എന്നാണ് യഹൂദമത ഗ്രന്ഥമായ 'താൽമുദി'ൽ പറയുന്നത്. സെൻഹെദ്രീൻ സംഘം ആദ്യയോഗം ചേർന്നതുതന്നെ രാത്രിയിലായിരുന്നു. ഇത് നിയമവിരുദ്ധമാണ്. സുവിശേഷകാരന്മാരായ മത്തായിയുടേയും മാർക്കോസിന്റേയും വിവരണമനുസരിച്ച് രാത്രിയിൽ അനൗപചാരികവിചാരണയും പിറ്റേന്ന് വ്യവഹാരാനുരൂപവും ഔപചാരികവുമായ കുറ്റാരോപണവും ശിക്ഷാവിധിയും നടന്നുവെന്നനുമാനിക്കാം.

സെൻഹെദ്രീൻ സംഘത്തിൽ ആകെ 71 പേരാണ്. ക്വാറം തികയാൻ 23 പേർ മതിയാകും. കുറ്റം ചുമത്താനും വിട്ടയക്കാനും വോട്ടെടുപ്പ് വേണം. ഏതൊരുപൗരനും കുറ്റാരോപണവുമായി ഈ സംഘത്തെ സമീപിക്കാം. വധശിക്ഷാർഹമായ കുറ്റം ആരോപിക്കപ്പെടുന്ന വ്യക്തിക്ക് ഔപചാരികമായ മുന്നറിയിപ്പ് ആദ്യം നൽകണം. വാദിക്ക് സാക്ഷികളായി 2 പേർ വേണം. കള്ളസാക്ഷി പറയുന്നവർക്ക് പ്രതികളിൽ ആരോപിച്ച ശിക്ഷതന്നെയാണ് ലഭിക്കുക. ന്യായാധിപന്മാർ മുഖം നോക്കാതെ നിഷ്പക്ഷമായി നീതിവിചാരണ ചെയ്യണം എന്ന് നിയമം അനുശാസിക്കുന്നു. പ്രതികളുടെ മേലുള്ള ശിക്ഷാവിധി സ്ഥിരീകരിക്കപ്പെട്ടുകഴിഞ്ഞാൽ ഒരു ദിവസത്തെ പ്രാർത്ഥനക്കും ഉപവാസത്തിനുമായി യോഗം പിരിയണം. ഒരിക്കൽ വിധി പ്രഖ്യാപിച്ചുകഴിഞ്ഞാൽ വിധിതീർപ്പിൽ എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ അത് പ്രതിക്ക് അനുകൂലമായിരിക്കണം. ശിക്ഷയ്ക്കാകരുത്. ഇങ്ങനെ നിരവധി ചട്ടങ്ങളാൽ മനുഷ്യാവകാശങ്ങളെ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായിരിക്കുന്ന നിയമവ്യവസ്ഥകളാണ് അന്ന് വളച്ചൊടിക്കപ്പെട്ടത്. ഈശോയുടെ കാര്യത്തിൽ കുറ്റാരോപണവും ശിക്ഷാവിധിയും നേരത്തെതന്നെ നിർണ്ണയിക്കപ്പെട്ടിരുന്നു.

> **പീലാത്തോസിന്റെ ജീവിതത്തിനേറ്റ ആ വലിയ ദുരന്തം ക്രിസ്തുവിന് ലഭിച്ച കുരിശായിരുന്നു. ലോകരക്ഷയ്ക്ക് ബലിവസ്തുവായി തീരാൻ വന്നവൻ അതിൽ നിന്നും പിന്മാറിയില്ല.**



കുറ്റാരോപണത്തിന് സാധ്യതയേകാൻ എത്തുന്ന സാക്ഷിമൊഴികളുടെ വിശദാംശങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്യപ്പെടണമെന്ന നിയമത്തിന് വലിയ പ്രാധാന്യം കൽപ്പിച്ചിരുന്നു. സാക്ഷിമൊഴികളുടെ പൊള്ളത്തരം വെളിപ്പെട്ടപ്പോൾ ദൈവദൂഷണമായി അടുത്ത കുറ്റം. ദൈവമഹത്വത്തെ നിന്ദിക്കുക, അതാണ് ദൈവദൂഷണം. അതുപോലതന്നെ 'യാഹ്വേ' എന്ന പരിശുദ്ധനാമം ഉച്ചരിച്ചാൽ അത് ദൈവനിന്ദയാകും. എന്നാൽ ദൈവനിഷേധത്തിന് തുല്യമായ യാതൊന്നും ഈശോ പറയുകയുണ്ടായില്ല. ദൈവനിന്ദ കേട്ടാൽ പ്രധാനാചാര്യൻ മാത്രമല്ല അവിടെ സന്നിഹിതരായവർ മുഴുവനും വസ്ത്രത്തിന്റെ വിളുമ്പെങ്കിലും കീറേണ്ടതുണ്ടായിരുന്നു. ഇവിടെ കയ്യാഫാസൊഴികെ മറ്റാരുമത് ചെയ്തില്ല എന്നത് കയ്യാഫാസിന്റെ കുതന്ത്രം പൊളിക്കുന്നതായിരുന്നു. ഇതിനൊക്കെ പുറമെ ദൈവദൂഷണകുറ്റം ചുമത്താൻ ഒരു പ്രത്യേക ചടങ്ങുണ്ട്. പ്രതിയെ എല്ലാവരും കാണാവുന്ന വിധത്തിൽ ഒരു ഉയർന്ന സ്ഥലത്ത് നിർത്തും. എന്തുകൊണ്ടാണ് പരിശുദ്ധ നാമം ഉപയോഗിച്ചതെന്നും അത് പിൻവലിക്കാൻ തയ്യാറുണ്ടോയെന്നും പരസ്യമായി ചോദിക്കും. അത് കഴിഞ്ഞ് മാത്രമെ ഔപചാരികമായി അയാളിൽ ഈ കുറ്റം ചുമത്താൻ പാടുള്ളു.

വധശിക്ഷയ്ക്ക് വിധിച്ച സെൻഹെദ്രീൻ സംഘത്തിന് അത് നടപ്പിലാക്കാൻ അനുവാദമില്ലായിരുന്നു. അത് മറച്ചുവെച്ചാണ് പീലാത്തോസിന്റെ മുമ്പിൽ രാജ്യദ്രോഹകുറ്റമായി മാറ്റിയതും. എന്നാൽ പീലാത്തോസിന്റെ വിചാരണയിൽ അങ്ങനെയൊരു കുറ്റം കണ്ടെത്താനായില്ല. എന്നിട്ടും സ്വന്തം കസേരയെ പ്രതി ഒരു ഭീരുവായിപോയി പീലാത്തോസ്. നാലുതവണ പൊതുജനസമക്ഷം നിരപരാധിയാണെന്ന് പ്രഖ്യാപിച്ച ഈശോയെ, അധികാരമുണ്ടായിട്ടും അതാഗ്രഹിച്ചിട്ടുപോലും വധശിക്ഷയ്ക്കനുവദിക്കുകയായിരുന്നു.

പൊതുജനത്തിന്റെ അതിശക്തമായ സമ്മർദ്ദത്തിനും ഭീഷണിക്കും വഴങ്ങി പീലാത്തോസ് തനിക്കിതിൽ പങ്കില്ലെന്നും പറഞ്ഞു കൈകഴുകി. "കുറ്റവാളിയെ വിട്ടയക്കാനും നിരപരാധിയെ ശിക്ഷിക്കാനും മുറവിളി കൂട്ടുന്ന ജനക്കൂട്ടത്തിന്റെ അട്ടഹാസങ്ങൾ ഒരു ന്യായാധിപൻ ചെവികൊള്ളരുത്" എന്ന റോമൻ നിയമത്തിലെ ശക്തമായ അനുശാസനവും അതുവഴി കാറ്റിൽ പറത്തി.

ചരിത്രത്തിൽ ഒരിക്കൽ പോലും ആവർത്തിക്കാൻ പാടില്ലാത്ത തെറ്റ് അന്ന് പീലാത്തോസ് ചെയ്തു. വിധിപറയാതെ വധശിക്ഷ നടപ്പിലാക്കിയ ന്യായാധിപൻ – ചരിത്രത്തോടുചെയ്ത ഈ കളങ്കം ലോകം ഒരുകാലത്തും മറക്കുമെന്ന് തോന്നുന്നില്ല. പീലാത്തോസിന്റെ ജീവിതത്തിനേറ്റ ആ വലിയ ദുരന്തം ക്രിസ്തുവിന് ലഭിച്ച കുരിശായിരുന്നു. ലോകരക്ഷയ്ക്ക് ബലിവസ്തുവായി തീരാൻ വന്നവൻ അതിൽ നിന്നും പിന്മാറിയില്ല. എല്ലാം നിസ്സഹായനായി സഹിച്ചു. ജനിക്കാൻ അന്യന്റെ തൊഴുത്ത്, മരിക്കാൻ മറ്റുള്ളവരുടെ കുരിശ്, അടക്കം ചെയ്യാൻ അന്യന്റെ കല്ലറ..... കൂടെ നടന്നവർ ഒറ്റുകാരും തള്ളിപ്പറയുന്നവരുമായി. ഓശാന പാടി എതിരേറ്റവർ തന്നെ ക്രൂശിക്കാനാർത്തു. ഏത് നേതാവിനാണ് ഇതുപോലൊരു ക്രൂരമായ അവഗണനയുണ്ടാകുക?

നാലു തവണ പൊതുജനസമക്ഷം നീതിമാനാണെന്നും നിരപരാധിയാണെന്നും പ്രഖ്യാപിച്ച പീലാത്തോസ് വിധിപറയാതെ വധശിക്ഷ വിധിച്ചതുവഴി ഇന്ന് നമ്മോട് സംസാരിക്കുന്നത് എന്തായിരിക്കും? "ഈശോയിൽ വിശ്വസിക്കുകയും അംഗീകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നുവെങ്കിൽ ജീവിതത്തിൽ കള്ളസാക്ഷ്യം പറയുമ്പോൾ, സഹോദരനെ വെറുക്കുമ്പോൾ, അയൽക്കാരെ ദ്രോഹിക്കുമ്പോൾ ഓർക്കുക – നിങ്ങളും അവനെ ക്രൂശിക്കുകയാണ്" ഇതായിരിക്കില്ലേ ആ സന്ദേശം? നിന്ദ്യമായ പരിഹാസവും ദുസ്സഹമായ അവഗണനയും ക്രൂരമായ പീഡനങ്ങളും നിശബ്ദം ഏറ്റുവാങ്ങിയത് കുരിശിനെ വണങ്ങാനോ ചുംബിക്കാനോ ധരിക്കാനോ അല്ല, ചുമക്കാനാണ് എന്ന് നമ്മെ പഠിപ്പിക്കുകയായിരുന്നു. അതുവഴി നിത്യരക്ഷപ്രാപിക്കാനും. ഈസ്റ്ററിന്റെ മഹത്തായ സന്ദേശവും അതാണ്.

# മനുഷ്യജീവൻ സംരക്ഷിക്കാൻ മടിച്ച് മടിച്ച് സർക്കാർ

സ്വന്തം ലേഖകൻ

തൃശൂർ: വന്യജീവികളെ സംരക്ഷിക്കാൻ നിതാന്ത ജാഗ്രത പുലർത്തുന്ന സർക്കാർ മറന്നു പോകുന്നത് മനുഷ്യജീവൻ സംരക്ഷിക്കാൻ.

വയനാട്ടിൽ സമീപവാസിയുടെ വീട്ടുമുറ്റത്ത് അതിദാരുണമായി കാട്ടാനയുടെ ആക്രമണത്തിൽ അജീഷ് എന്ന മധ്യവയസ്കന് ജീവൻ നഷ്ടപ്പെട്ടിട്ടും മയക്കുവെടി എന്ന അശാസ്ത്രീയ നടപടിയുമായി കൂട്ടലും കിഴിക്കലും നടത്തുകയായിരുന്നു സർക്കാർ. ആനയെ വെടിവെയ്ക്കാൻ അധികാരമില്ലെന്ന് പറയുന്ന ഉദ്യോഗസ്ഥരെയും അവിടെ കണ്ടു. കർണാടക വനം വകുപ്പ് മയക്കുവെടിവച്ച് പിടിച്ച് റേഡിയോ കോളർ ഘടിപ്പിച്ച് വനത്തിൽ വിട്ട കൊലയാളി ആനയാണ് ജനവാസ കേന്ദ്രത്തിലെത്തി നിരപരാധിയെ ചവിട്ടിക്കൊന്നത്. മയക്കുവെടിയല്ല മനുഷ്യന് അപകടകരമായ വിധാനങ്ങളുണ്ട്. വന്യജീവികളുടെ പെരുകൽ നിയന്ത്രിക്കേണ്ടതില്ലേ? അതോ വന്യജീവികൾ പെരുകുന്നത് മറ്റൊരു ജനസംഖ്യാ നിയന്ത്രണോപാധിയായി സർക്കാർ പരിഗണിക്കുകയാണോ? ലോകം മുഴുവൻ വന്യജീവികളെ നിയന്ത്രിതമായി വേട്ടയാടുന്നുണ്ട്. എന്നാൽ ഇന്ത്യയിൽ വേട്ടയാടലല്ല വന്യജീവി സംരക്ഷണമാണ്. ഇതുമൂലം നിരപരാധികളായ മനുഷ്യർ മരിച്ചുവീഴേണ്ട ഗതികേടിലാണ്.

കഴിഞ്ഞ എട്ടു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ വന്യജീവി ആക്രണത്തിൽ 909 പേർ കൊല്ലപ്പെട്ടു. 55,839 ആക്രമണങ്ങളുണ്ടായി. 7492 പേർക്ക് പരിക്കേറ്റു. തെരുവുനായ്ക്കളെ താലോലിക്കുന്നതുകൊണ്ടുള്ള ഭീഷണി വേറെ. കഴിഞ്ഞ ദിവസം പാലക്കാട് പേവിഷബാധയേറ്റ് ഒരു സ്ത്രീ മരിച്ചു. ആക്രമണകാരികളായ വന്യജീവികളെ മയക്കുവെടിവച്ച് കാട്ടിൽ വിടുകയാണ് ഇപ്പോഴത്തെ



വന്യ മൃഗങ്ങളെ മുഖം നോക്കാതെ വെടിവച്ച് കൊല്ലുകയാണ് വേണ്ടതെന്ന് ഈ സംഭവം വീണ്ടും വ്യക്തമാക്കുകയാണ്. മനുഷ്യനേക്കാൾ കൂടുതൽ മൃഗങ്ങൾക്ക് വിലകല്പിക്കുന്നവർ അധികാരത്തിലിരിക്കുന്നതാണ് ഇത്തരം പ്രതിസന്ധി രൂക്ഷമാകാൻ മറ്റൊരു കാരണമെന്ന് വിമർശനമുയർത്തിയിട്ടുണ്ട്. അജീഷിന്റെ മരണത്തിനുശേഷം തൊട്ടുപിന്നാലെ കുറുവ വിനോദസഞ്ചാരകേന്ദ്രത്തിലെ ജീവനക്കാരൻ പോളിനെ കാട്ടാനെ ആക്രമിച്ചു കൊന്നതോടെ വയനാട്ടിൽ പ്രതിഷേധം അലതല്ലി.

വന്യജീവി സംരക്ഷണ നിയമം സെക്ഷൻ 11(1) എ പ്രകാരം മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും നാശമുണ്ടാക്കുന്ന ഏതു മൃഗത്തെയും വെടിവച്ചുകൊല്ലാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന് അധികാരമുണ്ട്. മജിസ്ട്രേറ്റ് എന്ന നിലയിൽ കളക്ടർക്ക് സിആർപിസി 133–1 എഫ് പ്രകാരം വെടിവച്ചുകൊല്ലാൻ ഉത്തരവിടാം. വംശനാശഭീക്ഷണി ഉള്ള മൃഗങ്ങൾക്ക് മാത്രമേ പ്രത്രേക സംരക്ഷണം നൽകേണ്ടതുള്ളു. എന്നാൽ വന്യജീവി സംരക്ഷണ നിയമമുണ്ടെന്നു പറഞ്ഞും മറ്റു 'മൃഗസ്നേഹി'കളുടെ ആക്ഷേപം ഭയന്നും മറ്റെല്ലാം മറന്ന് വന്യജീവികളെ മാത്രം സംരക്ഷിക്കാനാണ് ഉദ്യോഗസ്ഥരും സർക്കാരും പണവും സമയവും ചെലവഴിക്കുന്നതെന്ന വിരോധാഭാസവും മനുഷ്യർക്ക് ഭീഷണിയായി മാറുകയാണ്.

വന്യജീവി സംരക്ഷണ നിയമത്തിന് ഏറ്റവും വലിയ പരിഗണന നൽകുന്നതിനാൽ വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകിയിട്ടുണ്ടെന്നു പറയുന്നു. വനത്തിന് ഉൾക്കൊള്ളാനാവാത്ത രീതിയിൽ ആനകളുടെ എണ്ണവും പെരുകി. ഇന്ത്യയിൽ ആകെ 30,000 ആനകൾ ഉള്ളതായാണ് കണക്ക്. ഇതിൽ പകുതിയും കേരളം, തമിഴ്നാട്, കർണാടക വനപ്രദേശങ്ങളിലാണ്. പെറ്റുപെരുകുന്ന ഈ ജീവികളുടെ എണ്ണം കുറയ്ക്കുക മാത്രമാണ് മനുഷ്യന് സ്വസ്ഥമായി ജീവിക്കാനുള്ള ഏക മാർഗ്ഗം. ജനസംഖ്യാ നിയന്ത്രണത്തിന് സർക്കാർ സംനടപടി. കുറച്ചുകഴിഞ്ഞ് അവ വീണ്ടും നാട്ടിലിറങ്ങി മനുഷ്യരെ ആക്രമിക്കും. കർഷകരുടെ കൃഷി മുഴുവൻ നശിപ്പിക്കും. വനംവകുപ്പ് ജീവനക്കാർക്കായി ലക്ഷങ്ങൾ പാഴാക്കിയിട്ടും മനുഷ്യജീവന് സമാധാനമില്ല. ആരെങ്കിലും ചെറുമൃഗങ്ങളെ വെടിവച്ച് തിന്നുന്നുണ്ടോ എന്നു നോക്കി നടക്കുകയാണ് ഭൂരിഭാഗം വനംവകുപ്പ് ജീവനക്കാരും. പെറ്റുപെരുകിയ വന്യജീവികളെ കൊന്നൊടുക്കാനോ നിയന്ത്രിക്കാനോ നിയമനിർമാണം നടത്തി വന്യജീവിസംരക്ഷണം നിയമം പൊളിച്ചെഴുതുകയാണ് ഏറ്റവും അടിയന്തരമായി ചെയ്യേണ്ടതെന്ന് വർഷങ്ങളായി വയനാട്ടിലേയും വനാതിർത്തിയോട് ചേർന്നു കൃഷിയിറക്കുന്ന മറ്റു ജില്ലകളിലേയും കർഷകരും ആവശ്യപ്പെടുന്നുണ്ട്. നിലവിലുള്ള നിയമ പ്രകാരമാണ് കോടതികൾ വിധിപ്രസ്താവം നടത്തുന്നത്.

ജനദ്രോഹ നിയമങ്ങൾ മാറ്റിയെഴുതാനാണ് കേന്ദ്ര–സംസ്ഥാന സർക്കാരുകൾ നടപടിയെടുക്കേണ്ടതെന്ന് മനുഷ്യസ്നേഹികൾ ആവശ്യപ്പെടുന്നുണ്ട്. മൃഗസ്നേഹികളുടെ കപട വാദഗതികൾ കേട്ട് നിയമങ്ങളുടെ പൊത്തിലൊളിക്കുന്ന സർക്കാർ ഇനിയെങ്കിലും കണ്ണുതുറക്കണമെന്ന മുറവിളി ശക്തമാണ്. അജീഷിന്റെ ചേതനയറ്റ ശരീരം കണ്ട് വാവിട്ടു കരഞ്ഞ ഭാര്യയുടെയും മക്കളുടെയും നാട്ടുകാരുടെയും ചുടുകണ്ണീരിന് വിലയില്ലാതാകരുതെന്നാണ് വ്യാപകമായ ആവശ്യം.

കേരളത്തിൽ കൃഷി ചെയ്തില്ലെങ്കിലും അന്യസംസ്ഥാനങ്ങളിൽനിന്നു വാങ്ങാം എന്ന് ആശ്വസിപ്പിക്കുന്ന മന്ത്രിമാരുള്ളിടത്ത് ഇതിലധികവും സംഭവിക്കും. കേരളത്തിൽ ജീവിക്കാൻ പറ്റിയില്ലെങ്കിലും അന്യനാടുകളിൽ പോയി ജീവിക്കാം എന്നായിരിക്കും ഇനി പറയുന്നത്. ഭാഗ്യമെന്നേ പറയേണ്ടൂ. യുവജനങ്ങൾ അത് തിരിച്ചറിഞ്ഞുകഴിഞ്ഞു. കാശുമുടക്കാൻ കഴിയുന്നവർക്കേ ആ സൗഭാഗ്യം നേടാനാകൂ എന്നു മാത്രം. പാവപ്പെട്ടവരുടെ സർക്കാരിന്റെ പാവം ക്രൂരത!

# ഛത്തീസ്ഗഢിൽ മലയാളി കന്യാസ്ത്രീയെ കള്ളക്കേസിൽ കുടുക്കി

അംബികപൂർ (ഛത്തീസ്ഗഢ്): ഛത്തീസ്ഗഢിൽ മലയാളി കന്യാസ്ത്രീയെ കള്ളക്കേസിൽ കുടുക്കി ജയിലിലിലടച്ചു. യുവമോർച്ച പ്രവർത്തകരുടെ സമരത്തെ തുടർന്നാണ് അറസ്റ്റ്. അംബികപൂർ കാർമൽ സ്കൂളിലെ കന്യാസ്ത്രി മേഴ്സിയാണ് റിമാൻഡിലായത്. ഈ സ്കൂളിലെ ആറാം ക്ലാസ് വിദ്യാർത്ഥിനി വീട്ടിൽ വച്ച് ജീവനൊടുക്കിയതിനെ തുടർന്നായിരുന്നു പോലീസ് നടപടി.

വിദ്യാർത്ഥിനിയുടെ മരണത്തിൽ സിസ്റ്റർക്ക് യാതൊരു ബന്ധവുമില്ലെന്ന് സ്കൂൾ അധികൃതർ വ്യക്തമാക്കിയിട്ടും യുവമോർച്ച പ്രവർത്തകർ സ്കൂളിൽ കനത്ത പ്രതിഷേധം സംഘടിപ്പിക്കുകയായിരുന്നു. 3 വിദ്യാർഥിനികൾ ഒന്നിച്ച് ഒരു ടോയ്‌ലറ്റിൽ കയറിയതായി മറ്റൊരു വിദ്യാർഥിനി സിസ്റ്റർ മേഴ്സിയെ അറിയിച്ചിരുന്നു. ടോയ്‌ലറ്റിനു പുറത്തു കാത്തുനിന്ന സിസ്റ്റർ ഇവരിൽനിന്ന് ഐഡി കാർഡ് വാങ്ങുകയും അടുത്ത ദിവസം രക്ഷിതാക്കളെ വിളിച്ചുകൊണ്ടുവരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. വീട്ടിലെത്തിയ ഒരു വിദ്യാർത്ഥിനി ആത്മഹത്യാ കുറിപ്പ് എഴുതിവെച്ചശേഷം ജീവനൊടുക്കി. ആത്മഹത്യയ്ക്ക് മറ്റു കാരണങ്ങളാണെന്നും പറയപ്പെടുന്നു. എന്നാൽ ആത്മഹത്യയുടെ മറവിൽ സിസ്റ്റേഴ്സിനും സ്കൂളിനുമെതിരേ മതതീവ്രവാദ സംഘടന രംഗത്തിറങ്ങുകയായിരുന്നു. ഇതേ തുടർന്നാണ് പ്രവർത്തകർ സമരത്തിനെത്തിയത്.

# ചിലർ ഇങ്ങിനെയാണ്

# നൻമയുടെ സൗരഭ്യം പരത്തുന്നവർ

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**

തൃശൂർ: തൃശൂർ സെന്റ് തോമസ് കോളേജ് റോഡിനെ സംബന്ധിച്ചിടത്തോളം രാവിലെ 8.30 മണി മുതൽ 10 മണി വരെയുള്ള സമയം ഏറെ തിരക്കുള്ളതാണ്. സെന്റ് തോമസ് കോളജിലെ 3000–ത്തിലധികം വിദ്യാർത്ഥികൾ മാത്രമല്ല, സെന്റ് തോമസ് കോളേജ് ഹയർ സെക്കന്ററി സ്കൂൾ, സെന്റ് മേരീസ് കോളജ്, സേക്രഡ് ഹാർട്ട് ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലേക്കുള്ള വിദ്യാർത്ഥികളടക്കം ചുരുങ്ങിയ പക്ഷം രണ്ടായിരത്തിലധികം പേർ ബസിറങ്ങുകയും അതിലേറെ പേർ പഠിക്കുകയും ചെയ്യുന്ന കോളജിന്റെ ബസ് സ്റ്റോപ്പിൽ നിന്ന് ഇരുവശങ്ങളിലേക്കു കടക്കുകയെന്നത് ഏറെ ശ്രമകരവും പലപ്പോഴും സാഹസികവുമാണ്. ഇതുമായി ബന്ധപ്പെട്ട് സാധാരണ ഗതിയിൽ, ഒരപകടമെങ്കിലും റിപ്പോർട്ടു ചെയ്യാത്ത ദിവസങ്ങളില്ല. ഇതു കൂടാതെ, ബസുകൾ നിറുത്തുന്നതു സംബന്ധിച്ചും സ്ഥിരം തർക്കങ്ങളിവിടെയുണ്ടാകാറുണ്ട്.

ഈ അധ്യയന വർഷത്തിന്റെ ആരംഭത്തിലാണ്, യൂണിഫോമിട്ട ഒരാളെ സെന്റ് തോമസ് കോളേജിനു മുൻപിൽ സ്ഥിരമായി കണ്ടു തുടങ്ങിയത്. രാവിലെ 8.30നു വന്ന് 10.30 വരെ സീബ്രാ ലൈനിൽ സേവനം ചെയ്ത് മടങ്ങുന്ന അദ്ദേഹത്തെപ്പറ്റി ആർക്കും കൃത്യമായ ഒരു മറുപടിയുമുണ്ടായിരുന്നില്ല. സ്ഥിരമുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ, ട്രാഫിക് ഉദ്യോഗസ്ഥരോ മറ്റോ നിയമിച്ചയാളെന്നായിരുന്നു, എല്ലാവരുടേയും നിഗമനം. ഏറെ ശ്രദ്ധിക്കപ്പെട്ട കാര്യം, റോഡ് മുറച്ചു കടക്കുന്നതുമായി ബന്ധപ്പെട്ട്, രാവിലെയുള്ള തിരക്കിൽ ഉണ്ടാകാറുള്ള അപകടങ്ങളും ഇക്കാലയളവിൽ കാര്യമായി കുറഞ്ഞിരുന്നുവെന്നതാണ്.

പക്ഷേ യാഥാർത്ഥ്യമറിഞ്ഞപ്പോൾ ശരിയ്ക്കും ഞെട്ടിപ്പോയി. അദ്ദേഹത്തിന്റെ പേര്, ഷംസുദ്ദീൻ. ഷംസിക്കയെ ആരും നിയമിച്ചതൊന്നുമല്ല; സ്വയം സേവനം ചെയ്യുന്നതാണ്. ആമ്പക്കാടൻ ജംഗ്ഷനിലെ അലങ്കാർ ഹോട്ടലിലെ സെക്യൂരിറ്റി ജീവനക്കാരനാണ്. 11 മണി മുതൽ രാത്രി 10 മണി വരെയാണ്, അവിടുത്തെ ഡ്യൂട്ടി സമയം. തളിക്കുളം സ്വദേശിയാണെങ്കിലും, താമസം ഹോട്ടലുകാർ നൽകിയിട്ടുള്ള ചെമ്പൂക്കാവിലെ വീട്ടിലാണ്. കോളേജിന് മുൻവശത്ത്, കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ട് കണ്ടറിഞ്ഞ് സ്വയം തീരുമാനിച്ചതാണ് ഈ 'ട്രാഫിക് പൊലീസിന്റെ' പണി.

ഹോട്ടലുകാർ താമസസൗകര്യം ക്രമീകരിച്ചിട്ടുള്ള ചെമ്പൂക്കാവിലെ വീട്ടിൽ നിന്നു രാവിലെ എട്ടരയോടെ തന്നെ കോളേജിന് മുൻവശത്തെത്തി, ആരാലും നിയമിക്കപ്പെടാത്ത ഡ്യൂട്ടി, തൃശൂരിലെ ഭാവിതലമുറയ്ക്കു വേണ്ടി ഷംസിക്ക ചെയ്യും. രണ്ട് മണിക്കൂർ ഡ്യൂട്ടിക്കു ശേഷം, ആരോടും യാത്ര പറയാതെ അലങ്കാറിലെ നിയോഗിക്കപ്പെട്ട ഡ്യൂട്ടിക്ക് പോകും. ഒന്നു രണ്ടു വട്ടം, കാന്റീനിൽ നിന്ന് ഒരു കാപ്പി വാഗ്ദാനം ചെയ്തിരുന്നു. വന്നില്ലെന്നു മാതമല്ല; ഇതറിഞ്ഞ പലരും ഷംസിക്ക കാപ്പി കുടിക്കുന്ന സമയത്ത്, കാപ്പിയുടെ പൈസ കൊടുക്കാൻ നിന്നെങ്കിലും അദ്ദേഹം സമ്മതിച്ചില്ലെന്നത്, അദ്ദേഹത്തിന്റെ ഔന്നത്യത്തിന്റെ നേർക്കാഴ്ച കൂടിയായി.



*തൃശൂർ സെന്റ് തോമസ് കോളജിലെ അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കിനും അക്കാദമിക് ബ്ലോക്കിനും ഇടയിലുള്ള സീബ്രാലൈനിൽ നിന്നുള്ള കാഴ്ചയാണിത്. ഏറെ തിരക്കുള്ള രാവിലെകളിൽ (8.30 മുതൽ 10.30 വരെയുള്ള ) കാൽ നടയാത്രക്കാരെ സീബ്രാലൈൻ മുറിച്ചു കടക്കാൻ സഹായിക്കുന്ന ഷംസിക്കയുടെ (ഷംസുദ്ദീൻ) ചിത്രം.*

ചെയ്യാവുന്ന നൻമ പോലും ചെയ്യാൻ പലരും മടിക്കുന്ന ഇക്കാലത്ത്, നൻമ ചെയ്യാൻ എല്ലാ ദിവസങ്ങളിലും കൃത്യസമയം കണ്ടെത്തി, ആരുടേയും പ്രശംസയ്ക്കു നിൽക്കാതെ സ്വയം നിർവൃതിയടയുന്ന ഇവരേപ്പോലുള്ള നൻമമരങ്ങൾ തന്നെയാണ്, മലയാളിയുടെ നൻമപ്പെരുമയ്ക്ക് അലങ്കാരം.

പ്രകടനപരതയിൽ മാത്രം ശ്രദ്ധയൂന്നിയുള്ള യാന്ത്രിക നൻമകളുടെ ഇക്കാലത്ത്, ആരാലും ശ്രദ്ധിക്കപ്പെടാതെ, ആരുടെയും നന്ദിക്കു കാത്തു നിൽക്കാതെ നൻമചെയ്ത് കാണാമറയത്തേയ്ക്കു മായുന്ന ഷംസിക്കമാരുള്ളത് എത്ര പ്രശംസനീയം.

## കത്തോലിക്കാസഭ പത്രം മെഗാ ക്വിസ്

### സ്ക്രീനിംഗ് ടെസ്റ്റിന് തെരഞ്ഞെടുക്കപ്പെട്ടവർ

1) പി. സി. പ്രിൻസി– വില്ലടം
2) കെസി തോമസ്– നമ്പഴിക്കാട്
3) ഇ. ഐ. ബിനോയ് – പങ്ങാരപ്പള്ളി
4) ആനി കീർത്തി രാജൻ – മുല്ലശ്ശേരി
5) സി. റ്റി. മേരി – മുണ്ടൂർ
6) ഷാന്റി ജെ. അറയ്ക്കൽ – ചൂണ്ടൽ
7) എം. സി. മേരി – പാവറട്ടി
8) റീന വിൻസെന്റ് – മുല്ലശ്ശേരി
9) അലീന എസ്. ചൂണ്ടൽ – ഗുരുവായൂർ
10) അൻജു എസ്. ക്ലെയർ ചൂണ്ടൽ – ഒല്ലൂർ
11) എ. ആർ. ഡേവിസ്– മുക്കാട്ടുകര
12) ജിബി ജെയ്സൺ – അരണാട്ടുകര
13) ഷീല വർഗീസ് – അരിമ്പൂർ
14) സിജി പോൾസൺ – നെല്ലങ്കര
15) എൻ. സി. ഗ്രേസി – ഒളരിക്കര
16) മേഴ്സി ജെയ്ക്കബ് – ചിറ്റിശ്ശേരി
17) സ്റ്റീജ സെബി– ഒളരിക്കര
18) ഷീജ ഡേവിസ് – വെളപ്പായ
19) വിനു തോമസ്– തിരൂർ
20) സി. ജി. ജെസി– കോട്ടപ്പടി
21) റോസിലി ജോർജ് –അരണാട്ടുകര
22) ഷാജി ജോസഫ് – വാക

**സ്ക്രീനിംഗ് ടെസ്റ്റ് മാർച്ച് 23 2pm - 3pm**
**സ്ഥലം - പാസ്റ്ററൽ സെന്റർ, മാർ ജോസഫ് കുണ്ടുകുളം ഹാൾ**

*(ഇടവക വികാരി സാക്ഷ്യപ്പെടുത്തിയ കത്ത് സ്ക്രീനിങ് പരീക്ഷാദിവസം ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്)*

### മെഗാ ക്വിസ്

മെഗാ ക്വിസ് ഫൈനലിന്റെ നിയമാവലി ഏപ്രിൽ മാസത്തിലെ കത്തോലിക്കാസഭ പത്രത്തിൽ പ്രസിദ്ധീകരിക്കും.

2024 മെയ് / ജൂൺ മാസമായിരിക്കും ഫൈനൽ റൗണ്ട് നടക്കുക. വിശദാംശങ്ങൾ പത്രത്തിലൂടെ പിന്നീട് അറിയിക്കും

## പ്രാർത്ഥിക്കാം...പ്രവർത്തിക്കാം...

**തിരുവചനം:** "സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവപുത്രന്മാർ എന്ന് വിളിക്കപ്പെടും." (മത്തായി 5: 9)

**സുകൃതജപം:** ഈശോയെ അങ്ങേ തിരുഹിതം എന്തെന്ന് എനിക്ക് മനസ്സിലാക്കിത്തരണമേ!

**പ്രാർത്ഥനാ നിയോഗം:** പരീക്ഷയുടെ ഈ അവസരത്തിൽ പരിശുദ്ധാത്മാവിന്റെ പ്രത്യേക ആവാസത്തിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. എസ്.എസ്.എൽ.സി., +2 വിദ്യാർത്ഥികളെ പ്രത്യേകം സമർപ്പിക്കുകയും ചെയ്യാം.

**പരിചയപ്പെടുന്ന വിശുദ്ധൻ:** 802–ൽ മൂൺസ്റ്റെറിലെ മെത്രാനായ വി. ലൂഡ്ഗെർ ആണ് നാം ഈ മാസം പരിചയപ്പെടുന്ന വിശുദ്ധൻ. ഒരിക്കൽ കാർളമാൻ ചക്രവർത്തിയുടെ നിർദ്ദേശപ്രകാരം അദ്ദേഹത്തിന്റെ ദൂതന്മാർ വിശുദ്ധനെ കാണുവാൻ ചെന്നപ്പോൾ അവർക്ക് മറുപടി നല്കുവാൻ വൈകിയതിന്റെ കാരണം ചോദിച്ച ചക്രവർത്തിയോട് വിശുദ്ധന്റെ മറുപടി ഇപ്രകാരമായിരുന്നു. "ചക്രവർത്തിയോട് എനിക്ക് ബഹുമാനമുണ്ട്; എന്നാൽ ദൈവം അങ്ങേക്ക് ഉപരിയാണല്ലോ. ഞാൻ ദൈവത്തോട് സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു. ദൈവത്തോടുള്ള കടപ്പാട് നിർവഹിച്ചുവേണമല്ലോ അങ്ങയുടെ കാര്യങ്ങളിലേർപ്പെടാൻ". ഈ മറുപടി ചക്രവർത്തിയെ അത്യധികം പ്രസാദിപ്പിച്ചു. പ്രാർത്ഥനകളുടെയും തിരുക്കർമങ്ങളുടെയും സമയത്ത് പ്രത്യേക ശ്രദ്ധ വേണമെന്ന് വിശുദ്ധന് നിർബന്ധമുണ്ടായിരുന്നു. പീഡാനുഭവ ഞായറാഴ്ച പാതിരാത്രിയാണ് വിശുദ്ധൻ മരിക്കുന്നത്. മരണ സമയം അദ്ദേഹത്തിന് മുൻകൂട്ടി അറിയാമായിരുന്നു.

**പ്രവർത്തനം:** നോമ്പുകാലത്തിന്റെ പ്രാധാന്യത്തെ കുറിച്ച് സഹപാഠികളോട് സംസാരിക്കുക.

# പരീക്ഷയെഴുതാം ഈശോയോടൊപ്പം

**ഡോ. ബിനു ഐജു മുരിങ്ങത്തേരി, എരുമപ്പെട്ടി**

പ്രിയ കൂട്ടുകാരേ... പരീക്ഷാക്കാലമായില്ലേ...? പേടിയുണ്ടോ ഉള്ളിൽ...? പുറത്ത് പൊള്ളുന്ന വേനലിന്റെ ചൂടും അകത്ത് പരീക്ഷയുടെ പൊള്ളുന്ന ചൂടും. പരീക്ഷാക്കാലം ശരിക്കും പരീക്ഷണകാലം തന്നെയാണ്. എനിക്ക് പഠിച്ചാൽ കിട്ടുമോ...? കൃത്യസമയത്ത് ഓർമ്മ വരുമോ...? എത്ര പഠിച്ചിട്ടും ഓർമ്മയിൽ നിൽക്കുന്നില്ല... അങ്ങനെ പല ചിന്തകളും. അതിനിടയിൽ മാതാപിതാക്കളുടെയും സുഹൃത്തുക്കളുടെയും അയൽക്കാരുടെയും വക ചോദ്യശരങ്ങളും

പത്രോസും കൂട്ടരും മീൻപിടുത്തത്തിൽ നിപുണരായിരുന്നു. കടലിനെ വ്യക്തമായി അടുത്തറിയാവുന്നവരും. എന്നിട്ടും കാറ്റും കോളുമുണ്ടായപ്പോൾ അവർ കുറച്ചൊന്നു പരിഭ്രാന്തരായി. എങ്കിലും അവർ തക്കസമയത്തുതന്നെ അമരത്ത് ഉറങ്ങുകയായിരുന്ന കർത്താവിനെ വിളിച്ചുണർത്തി. കാറ്റിന്റെയും കടലിന്റെയും നാഥനായവൻ ഒരു വാക്കുകൊണ്ട് എല്ലാം ശാന്തമാക്കി. ഇതുപോലെ നമ്മുടെ ജീവിതത്തിലും വിവിധ പരീക്ഷകളാകുന്ന കൊടുങ്കാറ്റ് ആഞ്ഞടിക്കുമ്പോഴും അമരത്തുള്ള കർത്താവിനെ വിളിച്ചുണർത്താൻ നമുക്കായാൽ പിന്നെയെല്ലാം അവിടുന്ന് നോക്കിക്കൊള്ളും.

പരീക്ഷ ഒരുക്ക ദിനങ്ങളിലെ പേടിയേയും ആശങ്കയെയും നമുക്ക് ഈശോയോടൊപ്പം ചേർത്തു വയ്ക്കാം. കർത്താവാണ് എന്റെ അധ്യാപകൻ എനിക്കൊന്നിനും കുറവുണ്ടാവുകയില്ല എന്ന് പറഞ്ഞ് നമുക്ക് പഠനം ആരംഭിക്കാം. നമ്മുടെ പഠന വിഷയങ്ങളെ പരിശുദ്ധാരൂപിക്ക് സമർപ്പിക്കാം. കാരണം ജ്ഞാനം, ബുദ്ധി, അറിവ്, ആലോചന ഇവയെല്ലാം പരിശുദ്ധാത്മാവിന്റെ ദാനങ്ങളാണ്. പരിശുദ്ധാത്മാവിനെ കൂട്ടുപിടിച്ചാൽ ജ്ഞാനത്തിന്റെ ഉറവ തന്നെയാണ് നാം കൂട്ടുപിടിച്ചിരിക്കുന്നത്.

വിശുദ്ധ മദർ തെരേസ നമ്മെ ഓർമിപ്പിക്കുന്ന ഒരു കാര്യമിതാണ്. വിജയിയാകാനല്ല വിശ്വസ്തയാകാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. അതിനാൽ പഠനസമയത്തും പരീക്ഷ എഴുതുന്ന സമയത്തും പൂർണ്ണ വിശ്വസ്തരാകുവാൻ കൂട്ടുകാർ എന്നും ശ്രദ്ധിക്കുമല്ലോ.

നിന്റെ ദൈവമായ കർത്താവ്... വിജയം നൽകുന്ന യോദ്ധാവ്... നിന്റെ മധ്യേയുണ്ട് (സെഫാ. 3:17).

പരീക്ഷയ്ക്ക് ഒരുങ്ങുന്ന എല്ലാ കൂട്ടുകാർക്കും വിജയത്തിന്റെ മംഗളാശംസകൾ സ്നേഹപൂർവ്വം നേർന്നുകൊണ്ട്.






*അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന മത്സരങ്ങളുടെ സമ്മാനവിതരണ ചടങ്ങ് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്തും മാർ ടോണി നീലങ്കാവിലും ചേർന്ന് ഉദ്ഘാടനം ചെയ്യുന്നു*

# മത്സര വിജയികളെ അനുമോദിച്ച് ചിൽഡ്രൻസ് മിനിസ്ട്രി

തൃശൂർ: അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2023–24 അധ്യയന വർഷത്തിൽ അതിരൂപതാതലത്തിൽ നടത്തിയ എല്ലാ മത്സരങ്ങളുടേയും സമ്മാനവിതരണം നടത്തി. കലാ–സാഹിത്യ മത്സരങ്ങൾ, അതിരൂപതതല സെയിന്റ്സ് ക്വിസ്സ്, ക്രിസ്തുമസ് കാർഡ്, ക്രിബ്, ഓൺലൈൻ പ്രസംഗമത്സരങ്ങൾ എന്നിവയിൽ വിജയികളായ 1500–ഓളം കുട്ടികൾക്കാണ് അനുമോദനം നല്കിയത്. ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ബിഷപ് മാർ ടോണി നീലങ്കാവിൽ അധ്യക്ഷത വഹിച്ചു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ഫാ. സിജോ മുരിങ്ങാത്തേരി, അതിരൂപത വിശ്വാസ പരിശീലന ഡയറക്ടർ റവ. ഡോ. ഫ്രാൻസിസ് ആളൂർ, ചിൽഡ്രൻസ് മിനിസ്ട്രി കോർഡിനേറ്റർ സിസ്റ്റർ ബീന റോസ് എസ്.എസ്.പി.സി. എന്നിവർ പ്രസംഗിച്ചു.

### അമലയിൽ ഓക്സ്ഫോർഡ് നാനോപോർ സീക്വൻസിംഗ് മെഷീൻ

തൃശൂർ: അമല മെഡിക്കൽ കോളേജ്, കാൻസർ റിസേർച്ച് സെന്റർ എന്നിവ ചേർന്ന് ആർ.എൻ.എ., ഡി.എൻ.എ. സീക്വൻസിംഗ് ചെയ്യാൻ വേണ്ടി ഏറ്റവും ആധുനികമായ ഓക്സ്ഫോർഡ് നാനോപോർ മെഷീൻ സ്ഥാപിച്ചു. വെഞ്ചരിപ്പ് കർമ്മം ഡയറക്ടർ ഫാ.ജൂലിയസ് അറയ്ക്കൽ നിർവ്വഹിച്ചു. ഡെർമറ്റോളജി വിഭാഗം മേധാവി ഡോ.എസ്.ക്രൈറ്റൺ, ഇമ്മ്യൂണോളജി അസിസ്റ്റന്റ് പ്രൊഫസ്സർ ഡോ.മനു ആര്യൻ എന്നിവർ പ്രസംഗിച്ചു.

### പ്രതിഭ



ഭാരതിയാർ യൂണിവേഴ്സിറ്റി സുവോളജിയിൽ ഡോക്ടറേറ്റു നേടിയ ഡോ. നിമ്മി ക്ലിന്റോ. സെന്റ് മേരീസ് ചർച്ച്, പേരകം ഇടവകാംഗമാണ്.



*ചേറ്റുപുഴ കർമലമാത ഇടവകയിലെ എസിസി വിദ്യാർഥികളും അധ്യാപികയും ചേർന്ന് തയാറാക്കിയ സമ്പൂർണ ബൈബിളിന്റെ കയ്യെഴുത്തുപ്രതി കാർമൽ സദൻ ആശ്രമം സുപ്പീരിയർ ഫാ. തോമസ് കുന്നപ്പിള്ളിൽ, വികാരി ഫാ. സെബാസ്റ്റ്യൻ അരുച്ചേരിൽ എന്നിവർ ചേർന്ന് പ്രകാശനം ചെയ്യുന്നു*




*പുത്തൻപീടിക ഇടവകയിലെ മുറ്റിച്ചൂർ സെന്റ് പീറ്റേഴ്സ് കുരിശുപള്ളിയിൽ നടത്തിയ തണ്ണിമത്തൻ കൃഷിയുടെ വിളവെടുപ്പ് ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്നു.*

# ആമ്പല്ലൂരിൽ ബൈബിൾ കൺവൻഷൻ ആബാ-2024

പുതുക്കാട്: ഫൊറോനായുടെ നേതൃത്വത്തിൽ ഫാ. ഡാനിയേൽ പൂവ്വണ്ണത്തിൽ നയിക്കുന്ന ബൈബിൾ കൺവൻഷൻ 'ആബാ 2024' ഫെബ്രുവരി 28, 29, മാർച്ച് 1, 2, 3 തിയതികളിൽ വൈകിട്ട് 4.30 മുതൽ 9.30 വരെ ആമ്പല്ലൂർ ജോർജ്ജ് ടൗണിൽ നടക്കുന്നു. ഫൊറോന വികാരി ഫാ. പോൾ തേക്കാനത്ത് പന്തലിന്റെ കാൽനാട്ടുകർമം നടത്തി. ഫാ. ജോസ് പുന്നോലിപറമ്പിൽ, ജോർജ് നെരേപറമ്പിൽ, ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ, കൺവീനർ ബിജു പുളിക്കൻ എന്നിവർ പ്രസംഗിച്ചു.

## മനസിൽ സൂക്ഷിക്കാം



1. യഹൂദരുടെ മതപരവും സാമൂഹികവുമായ നിയമങ്ങളും ആചാരങ്ങളും അടങ്ങിയ ഗ്രന്ഥമാണ് തൽമൂദ്.
2. ക്രിസ്തുവിന്റെ അമ്മയായ മറിയം സഭയുടേയും അമ്മയാണ് എന്നു പ്രഖ്യാപിച്ച മാർപാപ്പായാണ് പോൾ 6–ാമൻ പാപ്പാ.
3. ദൈവമാതൃത്വത്തിനെതിരായ അബദ്ധസിദ്ധാന്ത(പാഷണ്ഡത)മായ നെസ്തോറിയനിസം തള്ളിപ്പറഞ്ഞ സൂനഹദോസാണ് എഫേസൂസ് സൂനഹദോസ് (എ.ഡി. 431).
4. യേശുവിന്റെ ശ്ലീഹന്മാരിൽ ഏറ്റവും പ്രായം കൂടിയ വ്യക്തിയാണ് വി. അന്ത്രയോസ്.
5. പൊന്ന്, കുന്തിരിക്കം, മീറ എന്നിവയാണ് ഈശോയുടെ ദൈവത്വവും മനുഷ്യത്വവും രാജത്വവും സൂചിപ്പിക്കുന്ന കാഴ്ച്ചവസ്തുക്കൾ.
6. ലോകചരിത്രത്തിലെ ബ്രഹത്തായ വിജ്ഞാനകോശത്തിന്റെ ഉപജ്ഞാതാവാണ് വി. ഇസിദോർ.
7. എ.ഡി. 345 ൽ കേരളത്തിലേക്ക് കുടിയേറിയ പേർഷ്യൻ വ്യാപാരിയാണ് ക്നായിത്തൊമ്മൻ.
8. കൂദാശകളുടെ എണ്ണം ഏഴായി ഉറപ്പിച്ച കൗൺസിലാണ് ഫ്ളോറൻസ് കൗൺസിൽ.
9. ആരാധനക്രമത്തിന്റെ കേന്ദ്രബിന്ദു വി. കുർബാനയാണ്.
10. വി. ബോനിഫസ് ആണ് ക്രിസ്മസ് ട്രീയുടെ ഉപജ്ഞാതാവ്.

## ENGLISH CORNER - 19

**Dr. M. J. Viju** , Assistant Professor & Research Guide, Research & PG Department of English, St.Thomas College (Autonomous), Thrissur - 1

### The Degrees of Comparison in English

In grammar, the degrees of comparison relate to adjectives and adverbs. Every adjective and adverb can be written in one of three degrees:

- The Positive Degree. This offers no comparison. It just tells us about the existence of a quality. For example:
- adjectives: slow, beautiful, happy
- adverbs: slowly, beautifully, happily

The Comparative Degree. This compares two things to show which has the lesser or greater degree of the quality. For example:

- adjectives: slower, more beautiful, happier
- adverbs: more slowly, more beautifully, more happily

The Superlative Degree. This compares more than two things to show which has the least or greatest degree of the quality.For example:

- adjectives: slowest, most beautiful, happiest
- adverbs: most slowly, most beautifully, most happily




| | | | | | | | |
|---|---|---|---|---|---|---|---|
| ണം | ഷ | ഭാ | ത്ഥ | ർ | വ്യ | ൻ | ലാ |
| ചാ | ന്ന | ല്ലെ | മ | ന | ദാ | വ | താ |
| സാ | വീ | യാ | ആ | വെ | ച്ചു | ള്ള | ഹീ |
| താ | രോ | ധി | കാ | തി | ദാ | മു | ലാ |
| ഗാ | പ | രാ | മ | സീ | ല | ര | ദെ |
| ത്യം | ന് | ത്തി | ത്വ | ഹ | മ | വ | ദൈ |
| ത | ലി | ഹെ | ചൈ | ജ | ടാ | ഷാ | ദെ |
| കൂ | ന്ന് | ഞെ | മെ | പ | പാ | ഭാ | തോ |

പേര്: ..........................................

സ്ഥലം: ..........................................

ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: മാർച്ച് 15

### പദപ്രശ്നം

1. ക്രിസ്തുവിനോടൊപ്പം പ്രപഞ്ചത്തിന്റെ മൂലഭൂതങ്ങൾക്ക് നിങ്ങൾ ............... കഴിഞ്ഞിരിക്കുന്നു
2. ജോലി ചെയ്യുന്നവന്റെ ......... കണക്കാക്കപ്പെടുന്നത് ദാനമായിട്ടല്ല പ്രസ്തുത അവകാശമായിട്ടാണ്
3. എല്ലാം ദാനമായിരിക്കെ .............. മട്ടിൽ എന്തിന് നീ അഹങ്കരിക്കുന്നു.
4. .................... മനുഷ്യരോടല്ല ദൈവത്തോടാണ് സംസാരിക്കുന്നത്
5. നിയമമില്ലായിരുന്നു എങ്കിൽ ഞാൻ ................. അറിയുമായിരുന്നില്ല
6. 'അത് ജനങ്ങളെ ഭക്തിരാഹിത്യത്തിലേക്കു നയിക്കും' ഏത്?
7. നിങ്ങളുടെ വിശ്വാസത്തിന്മേൽ ഞങ്ങൾ .................. പുലർത്തുന്നില്ല
8. കൂടുതൽ കൂടുതൽ ആളുകളിൽ കൃപ സമൃദ്ധമാകുന്നതുവഴി ................ കൂടുതൽ കൃതജ്ഞത അർപ്പിക്കപ്പെടുന്നു

### കഴിഞ്ഞ മാസത്തിലെ ശരിയുത്തരങ്ങൾ

1. പുനരുദ്ധാനത്തിൽ
2. സ്നേഹം
3. തിന്മ
4. ആറാമത്തെ
5. ദൂതന്മാർ
6. വിശുദ്ധ പൗലോസിന്റെ
7. രണ്ട് പത്രോസ് രണ്ട് 11
8. ക്രിസ്തു

**കഴിഞ്ഞമാസം ശരിയുത്തരങ്ങൾ അയച്ചവർ:** വി.ടി. സേവി, ഏയ്ഞ്ചൽ മരിയ ജോൺ, തെരേസ പോൾ, കേതറിൻ ഷിജു, ജെസ്സി ജോർജ്, ഷീല വർഗീസ്, ജീന ടിക്സൺ, സിസിലി ഈനാശു, എൻ.പി. ആൻറണി, കെ.ഒ. ആന്റോ, കെ.എ. സിന്റോ, സീന ആന്റോ, വെറോനിക്ക ജോൺസൺ, ഷാൻസി ആന്റണി, ദാവീദ് ജോബി, ലിസി ദേവസി, ലിസി ഫ്രാൻസിസ്, എറിക് ജോമോൻ, മേഴ്സി ജേക്കബ്, ഇമ്മാനുവൽ കെ. ഫ്രാൻസിസ്, എ.ജെ. ജോയൽ, ആനി ജോസ്, മീന ജോസ്, സിന്റോ സൈമൺ, ഏറ്റ്ന മേക്കളിൻ, മേരി ബേബി, മേരി വർഗീസ്, ഫാൻസി മാത്യൂ, എം.എം. ആനി, സിജി പോൾസൺ, റീന ജോൺസൺ, ജിൽബി ജോജു, വി.സി. അമൽ, എ.ജെ. ആഗ്നസ്, ബീന അഗസ്റ്റിൻ, മറിയക്കുട്ടി ആഗസ്തി

തിരഞ്ഞെടുക്കപ്പെട്ട വിജയി: **ദാവീദ് ജോബി പുതുക്കാട്**

# ആരാണ് നിയമ പണ്ഡിതൻ? ദൈവവിമർശകൻ? ഭയചകിതൻ?



റവ. ഡോ. ഡേവിസ് തെക്കേക്കര

പ്രഭാഷകന്റെ പുസ്തകത്തിലെ 39,40 അധ്യായങ്ങളിലെ ഉള്ളടക്കമാണ് ഈ ലക്കത്തിൽ ചർച്ച ചെയ്യുന്നത്. സമൂഹത്തിന്റെ അടിസ്ഥാന വിഭാഗമായ തൊഴിലാളി വർഗത്തിന്റെ അവകാശങ്ങളെക്കുറിച്ചാണ് കഴിഞ്ഞ ലക്കത്തിൽ പ്രഭാഷകൻ വിശദീകരിച്ചതെങ്കിൽ ഈ അധ്യായങ്ങളിൽ സമൂഹത്തിന്റെ മുഴുവൻ കാവൽക്കാരാകേണ്ട ന്യായാധിപന്റെയും വക്കീലിന്റെയും ഗുണഗണങ്ങൾ വിശദീകരിക്കുന്നു. തുടർന്ന് ദൈവത്തെയും ദൈവിക സംവിധാനങ്ങളെയും നിഷേധിക്കുകയും സംശയിക്കുകയും ചെയ്യുന്നവർക്ക് സംഭവിക്കുന്ന ദുര്യോഗത്തെയും ഏറ്റവും ഒടുവിലായി മനുഷ്യന്റെ അടിസ്ഥാന ദുഃഖങ്ങളിലൊന്നായ മരണഭയത്തിൽ അകപ്പെടുന്നവർക്ക് രക്ഷാമാർഗവും വിശദീകരിക്കുന്നു.

**ആരാണ് നിയമ പണ്ഡിതൻ?**

ഉന്നതമായ സ്ഥാനം അലങ്കരിക്കുന്നവരാണ് ന്യായാധിപന്മാരും വക്കീൽമാരും നിയമവിദ്യാർത്ഥികളും. രാഷ്ട്രത്തിന്റെ നിയമങ്ങൾ മാത്രമല്ല ദൈവത്തിന്റെ നിയമങ്ങളും പഠിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവരാണ് നിയമപണ്ഡിതർ. അഞ്ചു ഗുണങ്ങളാണ് പ്രധാനമായി നിയമ വിദ്യാർത്ഥിക്ക് പ്രഭാഷകർ കാണുന്നത്

1. പൗരാണിക വിജ്ഞാനങ്ങളും പ്രവചനങ്ങളും മനസിലാക്കുന്നു
2. വിശ്രുതരുടെ വചനങ്ങളും ഉപമകളിലെ പൊരുളും ആപ്തവാക്യങ്ങളുടെ ആന്തരാർത്ഥവും ഗ്രഹിക്കുന്നു
3. ഭരണാധികാരികളെ സഹായിക്കാനും വിദേശരാജ്യങ്ങൾ സന്ദർശിച്ച് പഠിക്കാനും സാധിക്കുന്നു
4. അതിരാവിലെ എഴുന്നേറ്റ് ദൈവത്തോട് പ്രാർത്ഥിക്കുകയും പാപമോചനത്തിനായി യാചിക്കുകയും ചെയ്യുന്നു
5. കർത്താവിന്റെ ഉടമ്പടികൾ അനുസരിക്കാനും ദൈവിക ചൈതന്യത്തിൽ ജീവിക്കാനും സാധിക്കണം

മേൽപ്പറഞ്ഞ ഗുണങ്ങളും കടമകളും ചെയ്യുന്ന ഒരു നിയമപണ്ഡിതന്റെ നാമം തലമുറകളിലൂടെ അറിയപ്പെടുകയും ചെയ്യും.

**ആരാണ് ദൈവവിമർശകൻ?**

പ്രഭാഷകൻ 39:12 –35 വരെയുള്ള വാക്യങ്ങളിലാണ് ദൈവവിമർശകനെയും ദൈവനിഷേധിയെയും പ്രഭാഷകൻ ചോദ്യം ചെയ്യുന്നത്. ദൈവത്തെക്കുറിച്ച് 'ഇതെന്ത്? എന്തുകൊണ്ട്?' എന്ന് ചോദിക്കുന്നവർക്കുള്ള ഉത്തരമാണ് ഈ ഭാഗത്ത് കാണുന്നത്. ദൈവത്തെയും ദൈവിക തീരുമാനങ്ങളെയും നിരന്തരമായി ചോദ്യം ചെയ്യുന്നവർക്ക് ഏഴു ഉത്തരങ്ങളാണ് പ്രഭാഷകൻ നൽകുന്നത്.



പഠനങ്ങളിലൂടെ

1. ദൈവത്തിന്റെ പ്രവൃത്തികളെല്ലാം അത്യുത്തമമാണ്
2. ദൈവം നിശ്ചയിക്കുന്നത് നിറവേറ്റപെടും
3. ദൈവിക പദ്ധതി യഥാസമയം വെളിവാക്കപ്പെടും
4. അവിടുത്തെ സൃഷ്ടശക്തിയെ ആർക്കും ചോദ്യം ചെയ്യാനാകില്ല
5. ദൈവത്തിന്റെ കാഴ്ചയെ ആർക്കും മറച്ചുവയ്ക്കാനാകില്ല
6. ദുഷ്ടനും ശിഷ്ടനും ദൈവിക ന്യായവിധിക്ക് അർഹരാകും
7. എല്ലാറ്റിനും ദൈവം ഒരു സമയം നിശ്ചയിച്ചിരിക്കുന്നു

ദൈവനിഷേധി മാത്രമല്ല യഥാർത്ഥ ഭക്തൻ പോലും ദൈവത്തെ ചോദ്യം ചെയ്യുന്ന നിമിഷങ്ങളുണ്ട്. ഏതു സാഹചര്യത്തിലായാലും ദൈവിക പദ്ധതിയിൽ അടിയുറച്ച് വിശ്വസിച്ച് മുന്നോട്ടു പോകുവാൻ പ്രഭാഷകൻ ആവശ്യപ്പെടുന്നു. ഒരേയൊരു കാര്യം മാത്രമേ ദൈവഭക്തന് ആവശ്യമുള്ളൂ... കർത്താവിന്റെ നാമം പൂർണഹൃദയത്തോടെ വാഴ്ത്തുക.

**ആരാണ് ഭയചകിതൻ?**

മനുഷ്യൻ നേരിടുന്ന അസ്ഥിത്വ ദുഃഖങ്ങളെക്കുറിച്ചാണ് ജ്ഞാന പുസ്തകങ്ങളിലുടനീളം ചർച്ച ചെയ്യപ്പെടുന്നത്. ജീവനും മരണവും സ്നേഹവും ശത്രുതയും രോഗങ്ങളും ക്ലേശങ്ങളും യൗവനവും വാർദ്ധക്യവും ഇവയെല്ലാം മനുഷ്യാസ്ഥിത്വത്തെക്കുറിച്ചുള്ള തത്ത്വദർശനങ്ങളിലെ വിഷയങ്ങളാണ്. ഈ വിഷയങ്ങൾ ഒളിഞ്ഞും തെളിഞ്ഞും വിജ്ഞാന പുസ്തകങ്ങളിൽ കാണാവുന്നതാണ്. മരണത്തെക്കുറിച്ച് ആഴമായി ധ്യാനിക്കുന്ന ജ്ഞാനിയാണ് സഭാപ്രസംഗകൻ. മനുഷ്യസഹനത്തിന്റെ ആന്തരാർത്ഥം തേടിയാണ് ജ്ഞാനിയായ ജോബ് സഞ്ചരിക്കുന്നത്. സ്നേഹത്തിന്റെ തരളീത രംഗങ്ങളാണ് ഉത്തമഗീതം ആലപിക്കുന്നത്.

പ്രഭാഷക ഗ്രന്ഥം നാല്പതാം അധ്യായത്തിൽ നാം കാണുന്നത് മരണഭയത്തിൽ ചകിതനാകുന്ന ഒരു വ്യക്തിയെയാണ്. രാജാവെന്നോ പ്രജയെന്നോ പണക്കാരനെന്നോ പാമരനെന്നോ ഒരു വ്യത്യാസവും മരണത്തിനില്ല. മരണത്തെക്കുറിച്ചുള്ള ഉത്കണ്ഠ എല്ലാവരെയും ഗ്രസിക്കുന്നു. അതിനാൽ ഉറക്കം നഷ്ടപ്പെട്ട ദുഃസ്വപ്നങ്ങളാൽ വലയം ചെയ്യപ്പെട്ട് വിഭ്രാന്തിയുടെ ദിനങ്ങളിലൂടെ നിരവധിപേർ കടന്നുപോകുന്നു. എന്നാൽ ആത്യന്തികമായി മരണഭയം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്? പ്രഭാഷകന്റെ ഉത്തരം ലളിതമാണ്. അനീതി പ്രവർത്തിക്കുന്നവരും അനീതിയിൽ ജീവിക്കുന്നവരുമാണ് ഇപ്രകാരം ഭയത്തിന് അടിമകളാകുന്നത്. ഈ ഭയത്തെ അതിജീവിക്കുവാൻ ഏഴു ഉപദേശങ്ങളാണ് പ്രഭാഷകൻ മുന്നോട്ട് വയ്ക്കുന്നത്

1. അനീതിയിൽ നിന്ന് ഓടിയകലുക
2. അധ്വാനശീലരാകുക
3. നല്ല കുടുംബ ബന്ധങ്ങൾ സൂക്ഷിക്കുക
4. വയലിലെ പച്ചപ്പ് പരിപോഷിപ്പിക്കുക
5. നല്ല സുഹൃത്തുക്കളെ സമ്പാദിക്കുക
6. ദാനധർമ്മം പരിശീലിക്കുക
7. എല്ലാറ്റിലും ഉപരി ദൈവഭക്തിയിൽ ജീവിക്കുക

യവനാധിപത്യത്തിനെതിരെ ശക്തമായ പ്രതിരോധം തീർക്കാൻ വ്യക്തിയും സമൂഹവും ഒന്നിച്ച് പ്രവർത്തിക്കണമെന്ന് പ്രഭാഷകൻ വിശ്വസിക്കുന്നു വിവേകപൂർണമായ പെരുമാറ്റവും അതിലുപരി ദൈവഭക്തിയുമാണ് ഒരു വ്യക്തിയുടെ മഹത്വത്തെ നിർണയിക്കുന്ന ഘടകം. ആർഭാടജീവിതവും സമ്പത്തിനോടുള്ള ആർത്തിയും ഒഴിവാക്കിയാൽ അനീതിയുടെ ആവശ്യമില്ല. അങ്ങനെവരുകിൽ മരണഭയത്തിന്റെ സാഹചര്യവും ഇല്ല.

## പ്രഭാഷകന്റെ പുസ്തകത്തെ ആസ്പദമാക്കിയുള്ള ചോദ്യാവലി

1. ആർക്കാണ് കർത്താവിന്റെ മാർഗങ്ങൾ പ്രതിബന്ധങ്ങൾ നിറഞ്ഞതാകുന്നത്?
2. പ്രതികാരത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടത് എന്തൊക്കെയാണെന്നാണ് പ്രഭാഷകന്റെ പുസ്തകത്തിൽ പറയുന്നത്
3. എല്ലാ പൗരാണിക ജ്ഞാനവും ആരാഞ്ഞ് അറിയുകയും പ്രവചനങ്ങളിൽ ഔത്സുക്യം പ്രദർശിപ്പിക്കുകയും ചെയ്യുന്നവൻ ആര്?
4. ആരുടെ പ്രവർത്തികൾ ഉത്തമമാണെന്നാണ് പ്രഭാഷകൻ പറയുന്നത്?
5. ദൈവഭക്തി ഏതിനേക്കാൾ അഭികാമ്യം എന്നാണ് പ്രഭാഷകന്റെ പുസ്തകത്തിൽ പറയുന്നത്
6. ഭയമില്ലാത്തവന്റെ സന്തതി ..........,...... ചൂടുകയില്ല
7. സ്വർണ്ണത്തേക്കാളും വെള്ളിയെക്കാളും ശ്രേഷ്ഠമായത് എന്താണെന്നാണ് പ്രഭാഷകൻ പറയുന്നത്
8. മരണത്തെക്കുറിച്ച് ആഴമായി ധ്യാനിക്കുന്ന ജ്ഞാനി ആരാണ്
9. പ്രഭാഷകന്റെ പുസ്തകത്തിൽ മരണഭയം ഉണ്ടാകുന്നത് ആർക്കാണ്
10. ഒരു വ്യക്തിയുടെ മഹത്വത്തെ നിർണയിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?

*മുഴുവൻ ശരിയുത്തരങ്ങളയയ്ക്കുന്നവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന വിജയിക്ക് 250/– രൂപയുടെ കാഷ് പ്രൈസ് നൽകുന്നതാണ്. ശരിയുത്തരങ്ങളയയ്ക്കേണ്ട അവസാന തീയതി മാർച്ച് 15. അഡ്രസും ഫോൺ നമ്പറും ഉത്തരത്തോടൊപ്പം അയക്കേണ്ടതാണ്. സമ്മാനം കൈപ്പറ്റേണ്ട അവസാന തീയതി മാർച്ച് 30. മുകളിൽ കൊടുത്തിട്ടുള്ള ചോദ്യങ്ങളിൽ ഏഴെണ്ണം ബൈബിൾ അടിസ്ഥാനമാക്കിയും മൂന്നെണ്ണം ലേഖനത്തെ അടിസ്ഥാനമാക്കിയുമാണ്.*

## കഴിഞ്ഞമാസം ശരിയുത്തരങ്ങൾ

1. സ്രഷ്ടാവിന്റെ മുൻപിൽ പാപം ചെയ്യുന്നവന്
2. നന്മ, തിന്മ, ജീവൻ, മരണം
3. മനുഷ്യന്റെ അത്ഭുത കൃത്യങ്ങളിൽ മഹത്വപ്പെടേണ്ടതിന്
4. നിന്റെ ഹൃദയത്തിന്റെ
5. വ്യഗ്രതകൾ
6. മരണത്തിനു തുല്യം
7. ദൈവകൽപ്പനകൾ പാലിക്കുന്നവർ, ഒരേ സ്വഭാവ ഗുണങ്ങൾ ഉള്ളവർ, പരാജയങ്ങളിൽ സഹതപിക്കുന്നവർ
8. മനഃസാക്ഷിയുടെ സ്വരത്തിന് കാതോർക്കുക, സർവ്വശക്തന്റെ സഹായത്തിനായി പ്രാർത്ഥിക്കുക
9. ചിന്ത, നാവ്, പ്രവർത്തി എന്നിവയുടെ വിവേകപൂർണമായ നിയന്ത്രണത്തിൽ
10. സന്തോഷ സുഹൃത്ത്

**കഴിഞ്ഞമാസം ശരിയുത്തരം അയച്ചവർ**

കെ.എ. സിന്റോ, കെ.ഒ. ആന്റോ, സീന ആന്റോ, സിസ്റ്റർ ജിൻസി മരിയ സിഎം സി തൊഴുപ്പാടം, കെ.ജെ. റീത്ത, കൊച്ചുത്രേസ്യ സൈമൺ, ഫിനി രാജേഷ്, റിജി ദേവസി, മേരി യോഹന്നാൻ, സാമുവൽ ജോബി, എയ്ഞ്ചൽ മരിയ ജോൺ മരത്താക്കര, മീന ജോസ്, ബേബി മാത്യു, ത്രേസ്യാമ്മ അഗസ്റ്റിൻ, മേരി വർഗീസ്, സിജി പോൾസൺ, കേതറിൻ ഷിജു, സിസി ആന്റണി, എ.ആർ. ഡേവിസ്, ജെസ്സി തോംസൺ, റീന ഫ്രാൻസിസ്, ജൊഹാൻ ജെന്റിൽ, ലൂസി ജോസ്, റിൻസി ഷാജു, പി.ആർ. ജോസ്, മേഴ്സി ജോണി, വെറോനിക്ക ജോൺസൺ, എം.എം. ആനി, ലിസി ജോസ്, ആനി ജോസ്, നേഹ ജോസഫ്, സിസിലി ഈനാശു, അനു ജോൺസൺ, വിൻസി ജോസ്, ജിസ്മി ജോജു, ഗ്രേയ്സി ചെറിയാൻ, റോസിലി ജോർജ്, ഇമ്മാനുവൽ കെ. ഫ്രാൻസിസ്

തിരഞ്ഞെടുക്കപ്പെട്ട വിജയി – **ഫിനി രാജേഷ് പുതുക്കാട്**

## കുട്ടികൾക്കുള്ള കത്ത്



*മിശിഹായിൽ സ്നേഹംനിറഞ്ഞ കുഞ്ഞുമക്കളേ,*

എല്ലാവർക്കും സുഖംതന്നെയല്ലേ? എല്ലാവർക്കും സന്തോഷമല്ലേ? നമ്മുടെ ചില സുഖങ്ങളൊക്കെ ഉപേക്ഷിക്കുന്ന കാലമാണല്ലോ ഈ നോമ്പുകാലം. ചിലരൊക്കെ ഇറച്ചിയോ മീനോ ചോക്ലേറ്റോ മറ്റോ നോമ്പുകാലത്ത് ഉപേക്ഷിച്ചിട്ടുണ്ടാകും. നമ്മുടെ ചില സുഖങ്ങളെ ഈശോയ്ക്കു വേണ്ടി വേണ്ടെന്നു വയ്ക്കുന്നതാണ് നോമ്പിലെ ത്യാഗം.

ഈശോയ്ക്കു വേണ്ടിയുള്ള ത്യാഗം എന്നു പറയുമ്പോൾ നമുക്കു തോന്നിയേക്കാം, "ഞാൻ ഇങ്ങനെ സഹിച്ചതുകൊണ്ട് ഈശോയ്ക്ക് എന്താ കിട്ടുക?" എന്ന്. നിങ്ങൾ രോഗം വന്ന് ആശുപത്രിയിൽ അഡ്മിറ്റ് ആണെന്ന് കരുതുക; അല്ലെങ്കിൽ, പനിച്ച് വീട്ടിൽ കിടക്കുകയാണെന്നു വിചാരിക്കുക. ആ ദിവസങ്ങളിൽ വീട്ടിൽ വലിയ സദ്യ നടത്തുമോ? ഇല്ലല്ലോ?! നിങ്ങൾക്കൊന്നും കഴിക്കാൻപോലും പറ്റാത്തതുകൊണ്ട് ചിലപ്പോൾ നിങ്ങളുടെ അമ്മയും ഒന്നും കഴിച്ചില്ലായെന്നുവരും. ഒന്നാലോചിച്ചു നോക്കിയേ, അവർ ആഘോഷങ്ങൾ ഒഴിവാക്കിയതു കൊണ്ടോ, അമ്മ നിങ്ങളെ ഓർത്ത് ഭക്ഷണം കഴിക്കാതിരുന്നതു കൊണ്ടോ നിങ്ങൾക്ക് എന്തെങ്കിലും മെച്ചമുണ്ടായോ? പെട്ടെന്ന് ചിന്തിച്ചാൽ ഇല്ലെന്ന് തോന്നും. പക്ഷേ അവർക്കു നിങ്ങളോടുള്ള സ്നേഹം നിങ്ങളുടെ കൂടെ നിങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ടാണ് അവർ പ്രകടിപ്പിച്ചത്. അതുപോലെതന്നെ, ഈശോയുടെ സഹനങ്ങളെയും മരണത്തെയും ഓർത്തു ധ്യാനിക്കുന്ന നോമ്പുകാലത്ത് ഈശോയുടെ സങ്കടത്തിൽ ചെറുതായെന്നു പങ്കുചേർന്നുകൊണ്ട് നമ്മളും ഈശോയോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നു.

വർഷത്തിൽ ഈശോയുടെ വേദനകളും മരണവും പ്രത്യേകവിധം ധ്യാനിക്കുന്ന കാലമാണ് നോമ്പുകാലം. അതുപോലെതന്നെ ആഴ്ചയിൽ ഒരു ദിവസം ഈശോയുടെ വേദനകളെയും മരണത്തെയും നമ്മൾ പ്രത്യേകം ധ്യാനിക്കുന്നുണ്ട്. അത് ഏതു ദിവസമാണെന്ന് നിങ്ങൾക്കറിയാമോ? വെള്ളിയാഴ്ച. കാരണം, ഈശോ നമുക്കു വേണ്ടി കുരിശിൽ മരിച്ചത് ഒരു വെള്ളിയാഴ്ചയായിരുന്നു. അതുകൊണ്ടാണു വെള്ളിയാഴ്ചകളിൽ മാംസം കഴിക്കരുതെന്ന് സഭ പഠിപ്പിക്കുന്നത്. നിങ്ങളും അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ ഉപവസിച്ചും ചില സുഖങ്ങൾ വേണ്ടെന്നുവച്ചും ഈശോടുള്ള സ്നേഹം പ്രകടിപ്പിക്കാൻ നിങ്ങൾ മറക്കരുത്. കാരണം, നമുക്കു വേണ്ടി സഹിച്ച് മരിച്ച ഈശോയുടെ വേദനയിലുള്ള നമ്മുടെ പങ്കുചേരലാണത്; നിങ്ങൾ പനിപിടിച്ചു കിടക്കുമ്പോൾ അമ്മ സുഖങ്ങൾ ഒഴിവാക്കുന്നതുപോലെ.

പ്രിയ കുഞ്ഞുങ്ങളേ, ഈശോയുടെ സഹനങ്ങളിൽ ഈശോയോടു കൂടെ പങ്കുചേരുമ്പോഴാണ് അവിടുത്തെ ഉത്ഥാനത്തിന്റെ സന്തോഷത്തിൽ പങ്കുചേരാൻ നമുക്കു പറ്റുക. വി. പൗലോസ് ശ്ലീഹ എഴുതിയതു നിങ്ങൾ വായിച്ചിട്ടില്ലേ: "ക്രിസ്തുവിന്റെ സഹനങ്ങളിൽ ഞങ്ങൾ സമൃദ്ധമായി പങ്കുചേരുന്നതു പോലെ ക്രിസ്തുവിലൂടെ സമാശ്വാസത്തിലും ഞങ്ങൾ സമൃദ്ധമായി പങ്കുചേരുന്നു" (2 കൊറി. 1:5). ഇനിയും നോമ്പെടുക്കാത്തവർ ഉണ്ടെങ്കിൽ ഇന്നുതന്നെ നിങ്ങൾക്കു വളരെ ഇഷ്ടപ്പെട്ട ഒരു കാര്യത്തിനു നോമ്പെടുക്കുക. അങ്ങനെ ഈശോയോടുള്ള സ്നേഹം നമുക്കു പ്രകടിപ്പിക്കാം. അപ്പോഴാണ് മാർച്ച് 31 നുള്ള ഈസ്റ്റർ വലിയ സന്തോഷത്തോടെ നമുക്ക് ആഘോഷിക്കാൻ സാധിക്കുക. ഈശോയുടെ ഉയിർപ്പു തിരുനാളിന്റെ മംഗളങ്ങൾ നിങ്ങൾക്കെല്ലാവർക്കും ആശംസിക്കുന്നു.

നിങ്ങളുടെ വത്സലപിതാവ്,
***മാർ ആൻഡ്രൂസ് താഴത്ത്***
*തൃശൂർ അതിരൂപത മെത്രാപ്പോലീത്ത*

## എക്സൽ അക്കാദമി, 2024 മാർച്ച്

**Excel Foundation Course**

2024 ജൂൺ 8ന് ആരംഭിക്കുന്ന Excel Foundation Course (8th std. to 12th std) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ഏപ്രിൽ 15ന് ആരംഭിക്കും. സയൻസ്, സിവിൽ സർവ്വീസ്, പബ്ലിക്ക് സ്പീക്കിംഗ്, ഡിഫൻസ് സർവ്വീസ് കോഴ്സ് മുതലായ വിഭാഗങ്ങളിൽ ക്ലാസുകൾ ഉണ്ടായിരിക്കും.

**സിവിൽ സർവ്വീസ് കോഴ്സ്**

പ്ലസ്ടു, ഡിഗ്രി, പിജി വിദ്യാർത്ഥികൾക്ക് ഡിബിസിഎൽസിയിലെ എക്സൽ അക്കാദമിയിൽ വീക്കെന്റ് ബാച്ച് നടന്നുകൊണ്ടിരിക്കുന്നു. ശനിയാഴ്ചകളിലും പൊതു അവധിദിവസങ്ങളിലും രാവിലെ 10.00 മുതൽ 3.30 വരെയാണ് ക്ലാസ്സുകൾ.

**CUET (Common University Entrance Test)**

2024 മെയ് മാസത്തിൽ അഖിലേന്ത്യ തലത്തിൽ നടക്കുന്ന CUET Exam നുള്ള കോച്ചിങ്ങ് ഏപ്രിൽ മാസം ആരംഭിക്കുന്നു.

**K-TET (Kerala Teachers eligibility Test)**

K-TET Exam നുള്ള കോച്ചിങ്ങ് ഏപ്രിൽ 15ന് തിയതി ആരംഭിക്കും.

## വിശ്വാസപരിശീലനകേന്ദ്രവാർത്തകൾ

Absentees Annual Examinations & Annual Re-examinations (in units) - March : 17

Scholarship Examination - Std. IV, VII, X ക്ലാസുകാർക്ക് സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 20

ACC, XII Re-Examination, Improvement Examination ഏപ്രിൽ 27 രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**Aptitude Rank List 2023- 24**

വിശ്വാസപരിശീലകർക്കുള്ള അതിരൂപതാതല ആപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ റാങ്ക് നേടിയവർ
Ist RANK - MAYA SANKER (VELLATTANJUR),
IInd RANK - Dr. LUCY K. M. (MANNUTHY )
IIIrd RANK - TREESA GEORGE (MUKKATTUKARA )

**റാങ്ക്, പേര്, ഇടവക ക്രമത്തിൽ**

(4) REV. SR. SHERLY THEKKEKARA, OLARIKKARA (5) MR. JOLLY C F, PADAVARAD (5) MISS. JISMY FRANCIS, PALLIKKUNNU (6.) MR. JOE KIZHAKOODEN, OLARIKKARA (7.) MRS. SHAIBY FRANCIS, VARAKKARA SOUTH (8.) SINOSHA PRINCE, AMALANAGAR (9.) MRS. LALY PAUL, OLLUR MARYMATHA, (10.) MRS. TENNIS LOUIS, KARAMUCK NORTH (10.) MRS. VANDANA VARGHESE, NELLIKKUNNU

# ദൈവവിളി സിദ്ധിയും സാധനയും

നമ്മുടെ ജീവിതത്തിലെ ദൈവത്തിന്റെ ഓരോ ഇടപെടലും ദൈവവിളിയാണ്. എന്നാൽ സവിശേഷമായ അർത്ഥത്തിൽ ജീവിതാന്തസ്സ് എന്ന അർത്ഥത്തിലാണ് ദൈവവിളി എന്ന പദം ഉപയോഗിച്ചുവരുന്നത്.

### പഴയ നിയമത്തിൽ

ദൈവം തന്റെ ദൗത്യം തുടരാൻ ചിലരെ പ്രത്യേകമായി വിളിക്കുന്നു. നോഹ, അബ്രാഹം, മോശ, ജോഷ്വാ എന്നിവരെയും ന്യായാധിപന്മാരെയും രാജാക്കന്മാരെയും പ്രവാചകന്മാരെയും പ്രത്യേകമായി ദൈവം വിളിക്കുന്നതായി കാണാം. യേശുവിന് വഴിയൊരുക്കാൻ വന്ന സ്നാപകയോഹന്നാൻവരെ എത്തിനിൽക്കുന്ന ദൈവിക തെരഞ്ഞെടുപ്പിന്റെ ഒരു ശൃംഖലതന്നെ പഴയ നിയമത്തിൽ കാണാൻ കഴിയും. ദൈവത്തിന്റെ വിളിയുടെ മാനദണ്ഡം മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാണ്. ദൈവം വിളിക്കുന്നത് തനിക്ക് ഇഷ്ടമുള്ളവരെയാണ്. താൻ ഉദ്ദേശിച്ച ദൗത്യം തുടരാനാകും എന്ന് ദൈവത്തിന് ബോധ്യമാകുന്നവരെ അവിടുന്ന് വിളിക്കുന്നു.

ദൈവത്തിന്റെ വിളികളിലെല്ലാം നാല് പ്രധാന ഘടകങ്ങൾ കാണാൻ കഴിയും.

1. ലൗകിക മാനദണ്ഡങ്ങളൊന്നും നോക്കാതെ ദൈവം ചിലരെ വിളിക്കുന്നു.
2. വിളിച്ചവരെ അവിടുന്ന് വിശുദ്ധീകരിക്കുന്നു.
3. വിശുദ്ധീകരിച്ചവരെ അവിടുന്ന് തന്റെ ദൗത്യം ഭരമേല്പിക്കുന്നു.
4. ദൗത്യനിർവ്വഹണത്തിന് പരിശുദ്ധാത്മാവിനാൽ അഭിഷേചിച്ച് ശക്തിപ്പെടുത്തുന്നു.

ദൈവത്തിന്റെ വിളികളിലും തെരഞ്ഞെടുപ്പുകളിലും കാണുന്ന സവിശേഷതകളാണിവ.

### പുതിയ നിയമത്തിൽ

യേശു, തന്റെ ദൗത്യം പരസ്യമായി പ്രഖ്യാപിക്കുന്നതായി ലൂക്കാ സുവിശേഷകൻ വ്യക്തമാക്കുന്നു. "കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്, ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്ന് അയച്ചിരിക്കുന്നു" (ലൂക്കാ. 4: 18–19). ഈ ദൗത്യത്തിന്റെ പൂർത്തീകരണമാണ് യേശുവിന്റെ പ്രവർത്തനത്തിലുടനീളം നമുക്ക് കാണാൻ കഴിയുക. യേശുവിന്റെ സൗഖ്യശുശ്രൂഷകൾ ശാരീരിക–മാനസിക തലങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നായിരുന്നില്ല, മറിച്ച് എല്ലാവരെയും ദൈവരാജ്യാനുഭവത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാൻവിധം ആത്മീയവും വിശാലവുമായിരുന്നു. കുരിശിൽ ആത്മബലിയർപ്പിച്ച് തന്റെ ദൗത്യം പൂർത്തീകരിച്ച യേശു, യുഗാന്ത്യംവരെ തുടർന്നുപോകേണ്ട പ്രേഷിതദൗത്യം ശിഷ്യന്മാരെ ഭരമേല്പിച്ചുകൊണ്ടാണ് വിടവാങ്ങിയത്.

### തിരുസഭയിൽ

യേശുവിൽനിന്ന് പ്രേഷിതദൗത്യം സ്വീകരിച്ച അപ്പസ്തോലന്മാർ, പരിശുദ്ധാത്മാവിന്റെ സവിശേഷമായ ആവാസത്താൽ ശക്തരായി, ജീവൻ ത്യജിച്ചുപോലും ദൗത്യനിർവഹണത്തിനായി തങ്ങളെത്തന്നെ സജ്ജരാക്കുന്ന ചിത്രമാണ് അപ്പസ്തോലപ്രവർത്തനങ്ങളിലുടനീളം കാണാൻ കഴിയുക. വിളിച്ചവനോടുള്ള വിശ്വസ്തതയാൽ തങ്ങളുടെ പ്രേഷിതദൗത്യം തുടർന്നുകൊണ്ടുപോകുന്ന അപ്പസ്തോലസമൂഹത്തെ നമുക്കിവിടെ കാണാൻ കഴിയും. തിരുസഭയിലൂടെ പ്രത്യേകിച്ച്, ശുശ്രൂഷാപൗരോഹിത്യത്തിലൂടെ യേശു തന്റെ ദൗത്യം തുടർന്നുകൊണ്ടിരിക്കുന്നു. ഈ അത്യന്താധുനിക കാലഘട്ടത്തിലും യേശുവിന്റെ രക്ഷാകരദൗത്യം ഈ ഭൂമിയിൽ തുടരാൻ പൗരോഹിത്യത്തിലേക്കും സമർപ്പിത ജീവിതത്തിലേക്കും അവിടുന്ന് അനേകരെ വിളിക്കുന്നു.




ഇംഗ്ലണ്ടിലെ ആഗോളപ്രശസ്തമായ വാർത്താചാനലായ ബി.ബി.സി. യിലെ പത്രപ്രവർത്തകയായിരുന്ന മർട്ടീന പേഡി അയർലണ്ടിലെ ആരാധനാമഠത്തിൽ അർത്ഥിനിയായി ചേർന്നപ്പോൾ ലോകം അമ്പരന്നു. ഫാ. ആന്റണി നരികുളം 2016 ഒക്ടോബർ 21ന് അവരുമായി നടത്തിയ അഭിമുഖത്തിൽ ഈ തെരഞ്ഞെടുപ്പിന്റെ കാരണത്തെക്കുറിച്ച് അവർ പറഞ്ഞത് ഇപ്രകാരമാണ്: "ഞാൻ വളരെ പ്രശസ്തയായ പത്രപ്രവർത്തകയായിരുന്നപ്പോഴും എന്റെ മനസ്സ് അസ്വസ്ഥമായിരുന്നു. ആരോ എന്റെ ഉള്ളിൽ ഇപ്രകാരം മന്ത്രിച്ചുകൊണ്ടിരുന്നു. Feed my sheep ഞാൻ അതിനെക്കുറിച്ച് പലരോടും ചോദിച്ചപ്പോൾ, അത് നിന്റെ വെറും തോന്നലായിരിക്കും, അതിനെക്കുറിച്ച് മറന്നുകളയുക എന്നെല്ലാമാണ് പറഞ്ഞത്. എന്നാൽ, ഈ ഉത്തരങ്ങളൊന്നും എന്നെ തൃപ്തയാക്കിയില്ല. ഞാനെന്റെ അന്വേഷണം തുടർന്നു. അതെന്നെ ഈ മഠത്തിലെത്തിച്ചു". ഇതുപറഞ്ഞ് മറ്റു രണ്ട് അർത്ഥിനികളെക്കൂടി പരിചയപ്പെടുത്തി. ഒരു കോളജ് അദ്ധ്യാപികയെയും ഒരു വക്കീലിനെയും.

ദൈവത്തിന്റെ വിളിയും തെരഞ്ഞെടുപ്പും ആർക്കും നിരാകരിക്കാനാവില്ല. ദൈവവിളി ലോകത്തിന്റെ ദൃഷ്ടിയിൽ ഭോഷത്തമായി തോന്നുമെങ്കിലും യഥാർത്ഥത്തിൽ അതൊരു നിധി കണ്ടെത്തലാണ്. അതു കണ്ടെത്താൻ ഇറങ്ങിത്തിരിക്കുന്നവർക്ക് ഇപ്രകാരം പ്രാർത്ഥിക്കാൻ കഴിയും. "ഒരു കാര്യം ഞാൻ കർത്താവിനോട് അപേക്ഷിക്കുന്നു. ഒരു കാര്യം മാത്രം ഞാൻ തേടുന്നു. കർത്താവിന്റെ മാധുര്യം ആസ്വദിക്കാനും കർത്താവിന്റെ ആലയത്തിൽ അവിടുത്തെ ഹിതം ആരായാനുംവേണ്ടി ജീവിതകാലം മുഴുവൻ അവിടുത്തെ ആലയത്തിൽ വസിക്കാൻതന്നെ" (സങ്കീ. 27; 4).

### യോഗ്യത

തന്നെ അനുഗമിക്കാൻ അടിസ്ഥാനയോഗ്യതയായി യേശു പറയുന്നത്, സ്വന്തം കുരിശെടുത്ത് തന്നെ അനുഗമിക്കാനുള്ള മനസാണ്. ദൈവം വിളിക്കുന്നവരുടെ അടിസ്ഥാന യോഗ്യതകളൊന്നും ലൗകിക മാനദണ്ഡങ്ങളല്ല. മീൻ പിടിക്കാൻ മാത്രമറിയാവുന്ന പത്രോസിനെ സഭയുടെ തലവനാക്കി. തൊട്ടറിഞ്ഞാൽ മാത്രം വിശ്വസിക്കാമെന്നു പറഞ്ഞ തോമായ്ക്ക് രക്തസാക്ഷിയുടെ കരളുറപ്പ് നൽകി. യുവഹൃദയങ്ങളെ കോൾമയിർകൊള്ളിച്ച അസ്സീസിയിലെ ഫ്രാൻസിസിൽ രണ്ടാം ക്രിസ്തുവിനെയും കൽക്കട്ടായിലെ മദർ തെരേസായിൽ പാവങ്ങളെ നെഞ്ചിലേറ്റുന്ന അമ്മ സാന്നിധ്യത്തെയും അവിടുന്ന് രൂപപ്പെടുത്തി.

### വെല്ലുവിളികൾ

ദൈവത്തിനായി ജീവിതം സമർപ്പിക്കാനൊരുങ്ങുന്നവരെ ചൂഴ്ന്നുനിൽക്കുന്ന വെല്ലുവിളികളെക്കുറിച്ച് അറിയണം. ചോരയും നീരും മജ്ജയും മാംസവുമുള്ള ഈ പച്ച മനുഷ്യരെ, വിളിയിൽ നിന്ന് പിന്തിപ്പിക്കാനുള്ള പ്രലോഭനങ്ങൾ ചുറ്റുമുണ്ട്. വിളിയോടൊപ്പം നൽകപ്പെടുന്ന പരിശുദ്ധാത്മശക്തിലാശ്രയിച്ച്, ദൈവത്തെ മുറുകെപിടിച്ച് മുന്നേറിയാൽ പിതാവിനോട് സമ്പൂർണ്ണ സമർപ്പണം ചെയ്ത യേശുവിന്റെ മാധ്യസ്ഥം സമർപ്പിതരെ കാത്തുകൊള്ളും.

### സാധ്യതകൾ

വ്യക്തമായ പ്രതിഫലവാഗ്ദാനം നൽകുന്ന ഒന്നാണ് ദൈവവിളി – ഉപേക്ഷിച്ചതിനെല്ലാം നൂറിരട്ടിയും സ്വർഗ്ഗീയസിംഹാസനവും. "എന്റെ നാമത്തെപ്രതി ഭവനത്തെയോ സഹോദരന്മാരെയോ, സഹോദിരകളെയോ, പിതാവിനെയോ, മാതാവിനെയോ, മക്കളെയോ, വയലുകളെയോ പരിത്യജിക്കുന്ന ഏതൊരുവനും നൂറിരട്ടി ലഭിക്കും; അവൻ നിത്യജീവൻ അവകാശമാക്കുകയും ചെയ്യും" (മത്താ. 19: 28–29).

## ദൈവവിളി തിരിച്ചറിയാനുള്ള 10 ലക്ഷണങ്ങൾ

യേശു പറഞ്ഞു."നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്"(യോഹ. 15:16) ഓരോ വ്യക്തിക്കും ഒരോ ദൈവവിളിയുണ്ട്. നമ്മുടെ ജീവിതംകൊണ്ട് ദൈവം എന്താണ് ആഗ്രഹിക്കുന്നതെന്ന് നമ്മെ സൃഷ്ടിച്ച ദൈവത്തോടുതന്നെ ചോദിക്കുക എന്നതാണ് ദൈവവിളി തിരിച്ചറിയുവാനുള്ള പ്രഥമ മാർഗ്ഗം. വ്യക്തിപരമായ പ്രാർത്ഥനകളിൽ, കുടുംബപ്രാർത്ഥനയിൽ, ബലിയർപ്പണത്തിൽ ഈ ആവശ്യം സമർപ്പിക്കുമ്പോൾ പരിശുദ്ധാത്മാവ് അത് വെളിപ്പെടുത്തിത്തരും. ചില പ്രേരണകളിലൂടെയായിരിക്കും ഇത് തിരിച്ചറിയുക.

**ദൈവവിളി തിരിച്ചറിയുവാനുള്ള 10 അടയാളങ്ങൾ**

**താഴെ പറയുന്നവയാണ്.**

1. ദൈവനിയോഗത്തിനുള്ള അന്തർലീനമായ ഒരാഗ്രഹം ഉണ്ടാകും.
2. ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നു എന്ന തോന്നലിനെ പിഴുതുമാറ്റാൻ കഴിയില്ല.
3. നമ്മോട് വിശ്വസ്തരായവർക്കും നമ്മിലെ ദൈവവിളിയെക്കുറിച്ചു ബോധ്യമുണ്ടാകാൻ തുടങ്ങും.
4. ദൈവനിയോഗം നമുക്കുവേണ്ടി മാത്രം ജീവിക്കുവാനുള്ളതായി നമുക്ക് തോന്നുകയില്ല.
5. ദൈവവിളിയെക്കുറിച്ചു ചിന്തിക്കുമ്പോൾത്തന്നെ വലിയ അസ്വസ്ഥത അനുഭവപ്പെടുവാൻ തുടങ്ങും.
6. അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ക്രമേണ ആശ്വാസം ലഭിച്ചു തുടങ്ങും.
7. സ്വന്തം നിയന്ത്രണത്തിനപ്പുറമുള്ള ചില പ്രവർത്തനങ്ങൾ ദൈവവിളിയിലേക്ക് നയിച്ചുകൊണ്ടിരിക്കും.
8. ദൈവവിളിക്ക് പ്രത്യുത്തരം കൊടുക്കണമെന്ന ചിന്ത കൂടുതൽ കൂടുതൽ ശക്തി പ്രാപിക്കും.
9. ദൈവവിളിയിൽനിന്നും വേർപ്പെട്ട കാര്യങ്ങളിൽ വ്യാപൃതരാവുമ്പോൾ ഹൃദയം അസ്വസ്ഥമാകുന്നത് തിരിച്ചറിയുവാൻ കഴിയും.
10. 'നമ്മുടെ നിയന്ത്രണം ദൈവത്തിനേൽപ്പിക്കുന്നത് തടവറയല്ല, യഥാർത്ഥ സ്വാതന്ത്ര്യമാണെന്ന ബോധ്യം നമ്മളിൽ പ്രബലപ്പെടാൻ തുടങ്ങും.

ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ കൂടുതൽ പ്രാർത്ഥിക്കാനും കൗദാശികജീവിതത്തിൽ ആഴപ്പെടാനും ആഴ്ചയിൽ ഒരു തവണയെങ്കിലും നമ്മുടെ ലഘുവായ പാപങ്ങൾപോലും ഏറ്റുപറഞ്ഞു കുമ്പസാരിക്കാനും ദിവ്യകാരുണ്യ ഈശോയുടെ മുമ്പിൽ ശാന്തമായി പ്രാർത്ഥിക്കാനും സമയം കണ്ടെത്തണം. അപ്പോൾ തന്റെ വിളിയിലേക്ക് അവിടുന്ന് നമ്മെ നയിക്കും. ദൈവവിളിയിൽ വലുപ്പ ചെറുപ്പങ്ങൾക്ക് ഒരിക്കലും പ്രസക്തിയില്ല. എല്ലാവരും ദൈവത്തിന്റെ ദൃഷ്ടിയിൽ ഒരുപോലെ വിലയുള്ളവരാണ്. ദൈവവിളി എന്താണെന്നതിനെ ആശ്രയിച്ചല്ല, പിന്നെയോ ആ വിളി എത്രമാത്രം വിശ്വസ്തതയോടെ ഏറ്റെടുക്കുന്നു എന്നതിനെ ആശ്രയിച്ചായിരിക്കും സ്വർഗീയ സമ്മാനം നിശ്ചയിക്കപ്പെടുക.

**ചർച്ച ചെയ്യാം**


1. പൗരോഹിത്യ–സന്യാസ ദൈവവിളികൾ പ്രോത്സാഹിപ്പിക്കാൻ നമുക്ക് എന്ത് ചെയ്യാൻ കഴിയും?
2. ഈ കാലഘട്ടത്തിൽ പൗരോഹിത്യ–സന്യാസ ദൈവവിളികൾ കുറയുന്നതിനുള്ള കാരണങ്ങളെന്താണ്?
3. ആധുനിക കാലഘട്ടത്തിൽ വൈദികരുടെയും സന്യസ്തരുടെയും പ്രസക്തിയെന്ത്?

**നമുക്ക് പ്രവർത്തിക്കാം**

- നമ്മുടെ കുടുംബകൂട്ടായ്മയിൽനിന്ന് പൗരോഹിത്യവും സന്യാസവും സ്വീകരിച്ചവരെ വ്യക്തിപരമായി തിരിച്ചറിഞ്ഞ് അവർക്കുവേണ്ടി പ്രാർത്ഥിക്കുക.
- നമ്മുടെ കുടുംബകൂട്ടായ്മയിലേക്ക് സമർപ്പിതരെ ക്ഷണിച്ച് അവരുടെ പൗരോഹിത്യ സന്യാസ ജീവിതാനുഭവങ്ങൾ പങ്കുവെക്കാൻ അവസരം നൽകുക.
- നമ്മുടെ കുടുംബ കൂട്ടായ്മകളിലെ നല്ല കുഞ്ഞുങ്ങളെ പൗരോഹിത്യ–സന്യാസ ജീവിതങ്ങളിലേക്ക് പ്രോത്സാഹിപ്പിക്കുക.
- ദൈവവിളിയുടെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന നമ്മുടെ മക്കളെ നമ്മുടെ വാക്കുകളും സത്പ്രേരണകളുംവഴി പ്രോത്സാഹിപ്പിക്കുക.

തയ്യാറാക്കിയത് : തൃശൂർ അതിരൂപത വൊക്കേഷൻ ബ്യൂറോ

# നേതൃത്വം പദവിയല്ല; പ്രവർത്തനമാണ്


അഡ്വ. ചാർളി പോൾ

സമഗ്രത, ഉൾക്കാഴ്ച, ഉൾക്കൊള്ളൽ എന്നീ മൂന്ന് കാര്യങ്ങൾ മാറിയ കാലഘട്ട ത്തിലെ നേതാക്കളിൽ ഉണ്ടാകണം. വിലയിരുത്താനും വീണ്ടെടുക്കാനും വിഭാവനം ചെയ്യാനും എന്നാലെ സാധിക്കൂ. രാഷ്ട്രീയരംഗത്ത് നിന്ന് വലിയൊരു വിഭാഗം മിടുക്കരും സമർഥരും മാറിനിൽക്കുകയാണ് കേരളത്തിൽ. ഒരു നിലവാരത്തകർച്ച രാഷ്ട്രീയരംഗത്തുണ്ട്. പലരും അവരുടെ പദവികളും സ്ഥാനവും നിലനിർത്താനുള്ള തത്രപ്പാടിൽ പ്രതിഭയും പ്രതിബദ്ധതയും ഉള്ള മിടുക്കർ രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നതിനെ എതിർക്കുകയോ ഒഴിവാക്കുകയോ അവഗണിക്കുകയോ ചെയ്യുന്നു. അവഗണന കാണുമ്പോൾ മിടുക്കരായവർ പരിഗണിക്കപ്പെടുന്ന മറ്റ് മേഖലകളിലേക്ക് തിരികെ പോകും. പ്രതിഭാശാലികളെ ജനം ഉൾക്കൊള്ളും. പക്ഷെ മറ്റ് നേതാക്കൾ ഒതുക്കും. അത്തരം ഒരു പ്രവണത കേരളത്തിലുണ്ട്. എന്റെ താൽപര്യമല്ല, മറിച്ച് സമൂഹനന്മയാണ് വലുതെന്ന് ചിന്തിച്ചാലേ അതിൽ മാറ്റം വരൂ.

ആദർശധീരതയും നിലപാടുമുള്ള വ്യക്തിത്വങ്ങളെയാണ് ജനം ആഗ്രഹിക്കുന്നത്. പഴയ തലമുറ രാഷ്ട്രീയക്കാരിൽ അത്തരക്കാർ കൂടുതലുണ്ടായിരുന്നു. ആരെയും ഭയപ്പെടാതെ നട്ടെല്ലുയർത്തി സംസാരിക്കാനുള്ള ഉൾബലം ആദർശധീരർക്കുണ്ടാകും. ആരോഗ്യകരമായ ഒരു ജീവിത ദർശനം അക്കൂട്ടർക്ക് ഉണ്ട്. തെറ്റുകുറ്റങ്ങളിൽ നിന്ന് അകന്നു നിൽക്കുന്നവർക്കാണ് ധാർമിക ശക്തിയുണ്ടാവുക. അത് കരുത്താണ്. വിശ്വാസ്യതയാണ്. ധാർമികതയുടെ ഉൾബലവും വിശ്വാസ്യതയും ഒരുവനെ നട്ടെല്ലുള്ള, കരുത്തനായ നേതാവാക്കും. സ്വ ജീവിതമാകണം സന്ദേശവും. കപടവാഗ്മിത്വത്തെ ജനം ഉൾക്കൊള്ളുകയില്ല. ഉന്നത വ്യക്തിത്വമുള്ളവരെയാണ് ജനം എളുപ്പം അംഗീകരിക്കുക. അടിമകളെപോലെ എന്ത് പറഞ്ഞാലും ഏറ്റു പറയുന്ന അണികൾ ഉള്ളതുകൊണ്ടാണ് പലരും ഇവിടെ നിലകൊള്ളുന്നത്. അരനൂറ്റാണ്ടോളം ഒക്കെ ഒരു പ്രസ്ഥാനത്തിൽ നിന്നിട്ട് അതിനെ തള്ളിപ്പറഞ്ഞ് എതിർചേരിയിൽ അഭയം തേടുന്നവർക്ക് എന്തു വിശ്വാസ്യതയാണ് ഉണ്ടാവുക. ഇത്തരം ചേരിമാറ്റങ്ങൾ രാഷ്ട്രീയ നിലവാരത്തകർച്ചയാണ്.

നേതൃത്വം പദവിയല്ല; പ്രവർത്തനമാണ്" എന്ന വാക്യം ശ്രദ്ധേയമാണ്. പലർക്കും നേതൃസ്ഥാനത്ത് ഏത് വിധേനയും എത്തിച്ചേരണമെന്നേയുള്ളൂ. ആ രംഗത്ത് ശോഭിക്കാനുള്ള കഴിവോ പ്രാപ്തിയോ അറിവോ ഉണ്ടാകണമെന്നില്ല. സമൂഹത്തിന്റെ നന്മയ്ക്കും പുരോഗതിക്കും വേണ്ടി ബോധപൂർവം പ്രവർത്തിക്കാനുള്ള മനോഭാവമാണ് സാമൂഹിക പ്രതിബദ്ധത. സാമൂഹിക പ്രതിബദ്ധതയും നിശ്ചയ ദാർഢ്യത്തോടെയുള്ള പ്രവർത്തനവുമാണ് സമൂഹത്തിന് ഗുണവും വ്യക്തിക്ക് സ്വീകാര്യതയും നൽകുന്നത്. ഞാൻ' എന്ന വാക്കിനെ മറന്നുകളഞ്ഞ് നമ്മൾ' എന്നതിനെ കൂടെ കൂട്ടണം. ക്ഷമ, സ്ഥിരോത്സാഹം, വിയർപ്പ് എന്നിവ വിജയത്തിന് അജയ്യമായ സംയോജനമാണ്. ഉമ്മൻ ചാണ്ടിയെ പോലെയുള്ളവരെ ജനം ഹൃദയത്തിലേറ്റിയത് പ്രവർത്തനത്തിലെ പ്രതിബദ്ധതയാലാണ്.

മനസൊരുക്കമുള്ള ഹൃദയം, പോസിറ്റീവ് മനോഭാവം, മാറ്റം വരുത്തുവാനുള്ള ആഗ്രഹം എന്നിവ നേതൃത്വത്തിൽ പ്രധാനമാണ്. അറിവിനോടൊപ്പം തന്നെ കഴിവും പ്രധാനമാണ്. ദർശനം യാഥാർത്ഥത്തിലേക്ക് വിവർത്തനം ചെയ്യാൻ കഴിവ് കൂടിവേണം. ജനങ്ങളുടെ വളർച്ചയും വികാസവുമാണ് നേതൃത്വത്തിന്റെ ഏറ്റവും ഉയർന്ന വിളി. അതിന് ശ്രദ്ധേയമായ കാഴ്ചപ്പാടും സമഗ്രമായ പദ്ധതിയും അശ്രാന്തമായ നടപ്പാക്കലും വേണം. കഴിവുകളുള്ള ആളുകളെ ചേർത്തുനിർത്തി അവ സാധിതമാക്കണം. വാക്കുകളിലല്ല, മനോഭാവത്തിലും പ്രവർത്തിയിലുമാണ് നേതൃത്വം പ്രായോഗികമാക്കേണ്ടത്.

പറയുന്നതിനേക്കാൾ ചെയ്യുന്ന കാര്യങ്ങളാണ് വേഗത്തിൽ സ്വാധീനം ചെലുത്തുന്നത്. അതിനാൽ വാക്കും പ്രവൃത്തിയും സമന്വയിക്കുന്ന നേതൃത്വമാണ് കേരളം ആഗ്രഹിക്കുന്നത്. അത് പേശീബലത്തിന്റെതല്ല, ആളുകളുമായി ഇണങ്ങി നടപ്പാക്കേണ്ട പ്രക്രിയയാണ്. നേതാവ് ഒരു സേവകനാണെന്ന് മറക്കരുത്. മറ്റുള്ളവരെ വിലമതിക്കണം. നേതാവ് നന്നായാൽ നാട്ടിൽ പരക്കെ ഗുണമുണ്ടാകും. ന്യായങ്ങൾ കാട്ടിയും നേരിനെ കാട്ടിയും നെറികേടില്ലാതെയും നേതൃത്വം നൽകുന്ന, നാടിനെ കാക്കുന്ന നേതാവാണ് നേട്ടം.

(8075789768 – അഭിഭാഷകൻ, ട്രെയ്നർ, മെന്റർ)

# ഇനിയും കടമെടുക്കുന്നത് പലിശകൊടുത്തു മുടിയാനോ?

സ്വന്തം ലേഖകൻ

തൃശൂർ: കടമെടുപ്പ് പരിധി വെട്ടിക്കുറച്ച് കേന്ദ്രം ദ്രോഹിക്കുന്നു എന്ന ആരോപണം കടുപ്പിച്ച് സമരത്തിനിറങ്ങിയ സംസ്ഥാന സർക്കാർ പ്രതിസന്ധി മറികടക്കാൻ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിൽ ബഹുദൂരം പിന്നിലാണെന്ന് കണക്കുകൾ പറയുന്നു. കൂടുതൽ കടമെടുക്കുന്നത് സംസ്ഥാനത്തിന് താങ്ങാനാകാത്ത പലിശഭാരമാണ് സൃഷ്ടിക്കുകയെന്ന മുന്നറിയിപ്പ് അവഗണിക്കുകയാണ് സർക്കാർ.

സംസ്ഥാനം ഇപ്പോൾ കൂടുതൽ തുക ചെലവഴിക്കുന്നത് ശമ്പളത്തിനും പലിശയ്ക്കുമാണ്. അതുകൊണ്ടുതന്നെ മറ്റു അത്യാവശ്യ ചെലവുകൾക്ക് പണമില്ലാതെ നട്ടംതിരിയുകയാണ്. ക്ഷേമ പെൻഷനും ചികിത്സാ സഹായവും നൽകാനാകാത്തതിന്റെ ഒരു കാരണം ഈ കൊള്ളപ്പലിശയും ഒരു നിയന്ത്രണവുമില്ലാത്ത ധൂർത്തും അനാവശ്യ ചെലവുകളുമാണെന്ന വിമർശനമുണ്ട്. കടമെടുത്തു പഴയ കടം തിരിച്ചടയ്ക്കുന്ന സർക്കാറിന് നികുതി പിരിച്ചെടുക്കാനോ വ്യവസായങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാനോ സാധിക്കാത്തതും വലിയ തിരിച്ചടിയായി.

ഇപ്പോൾ സംസ്ഥാനം പലിശ അടയ്ക്കാൻ ചെലവഴിക്കുന്ന തുക 26,843കോടിയാണെന്ന് ബജറ്റിനൊപ്പം സമർപ്പിച്ച രേഖയിൽ പറയുന്നു. ശമ്പളത്തിനായി 40,678.47കോടി വേണം. ഇനിയും കടമെടുക്കാൻ ഓടി നടക്കുകയാണ് സർക്കാർ. കടമെടുക്കാൻ കേന്ദ്രം അനുവദിക്കണം എന്നാണ് മുറവിളി. കടമെടുത്താൽ എല്ലാ പ്രശ്നവും തീരുമെന്നമട്ടിലാണ് സർക്കാരിന്റെ വിശദീകരണം. പലിശകൊടുത്ത് കേരളം മുടിയുകയാണെന്ന ആരോപണത്തിനു മുന്നിൽ മുഖം തിരിച്ചു നിൽക്കുകയും ചെയ്യുന്നു.

സംസ്ഥാനത്തിന് ഇപ്പോൾ 3,82,412 കോടി രൂപയാണ് പൊതുകടം. കഴിഞ്ഞവർഷം പലിശ ച്ചെലവ് 25,176കോടിയായിരുന്നു. ഇത് നടപ്പ് സാമ്പത്തിക വർഷം 26,843 കോടിയായി. അടുത്ത വർഷം 28,694.24 കോടിയായി ഉയരും. അടുത്തവർഷം വേണ്ടിവരുന്ന പെൻഷൻ ചെലവ് 28,609.04കോടിയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതായത് പെൻഷനു വേണ്ടിവരുന്ന തുകയേക്കാൾ കൂടുതൽ പലിശയ്ക്ക് വേണ്ടി വരും.



യഥാർത്ഥത്തിൽ പലിശഭാരം കുറയ്ക്കാനും റവന്യൂ വരുമാനം കൂട്ടാനുമാണ് സർക്കാർ മുൻഗണന നൽകേണ്ടത് എന്ന് സാമ്പത്തിക വിദഗ്ധർ ആവർത്തിച്ച് ആവശ്യപ്പെടുന്നുണ്ട്. കടമാണ് സംസ്ഥാനത്തിന്റെ വലിയ പ്രശ്നം. കടമെടുക്കുമ്പോൾ തിരിച്ചടയ്ക്കാനുള്ള ശേഷിയുണ്ടെന്നോ മറ്റു മാർഗങ്ങളിലൂടെ വരുമാനമുണ്ടെന്നോ സർക്കാർ നോക്കാറില്ല. ഏറ്റവും കടബാധ്യതയുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ റിസർവ് ബാങ്ക് കേരളത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷനും ഇക്കാര്യം എടുത്തു പറഞ്ഞിരിക്കുന്നു.

സംസ്ഥാനത്തിന്റെ ഒരു നിയന്ത്രണങ്ങളും ഇല്ലാത്ത അനാവശ്യ ചെലവുകളും ഇപ്പോൾ ദേശീയതലത്തിൽ പോലും ചർച്ചയാണ്. ഇത് കുറയ്ക്കാൻ പാവങ്ങളുടെ സർക്കാർ എന്നറിയപ്പെടുന്ന ഇടതു സർക്കാരിന് കഴിയാത്തത് വലിയ വിരോധാഭാസമാണെന്ന് പറയുന്നു. പ്രധാനമന്ത്രിക്ക് പോലും 15 പേഴ്സണൽ സ്റ്റാഫ് ഉള്ളപ്പോൾ കേരളത്തിൽ മന്ത്രിമാർക്ക് 25–ഓളം പേരാണ് പോരാത്തതിന് പെൻഷനും. ഈ പാർട്ടി പ്രേമം ഒഴിവാക്കാൻ എന്തുകൊണ്ട് കേരളത്തിനാകുന്നില്ല എന്ന ചോദ്യം ഇടതു വലതു സർക്കാരുകൾ കാലങ്ങളായി അവഗണിക്കുന്നു. കേന്ദ്രമന്ത്രിമാർ പത്തോ പതിനൊന്നോ ലക്ഷം രൂപയുടെ കാർ ഉപയോഗിക്കുമ്പോൾ കേരളത്തിലെ മന്ത്രിമാർ 35 ലക്ഷത്തിന്റെ ആഡംബര കാറിൽ മതിമറന്നു നടക്കാൻ ഒരു വിഷമവും പ്രകടിപ്പിക്കുന്നില്ല. ഇടയ്ക്കിടെ പുതിയ കാറുകൾ വാങ്ങി ആഡംബരം പൊടിപൊടിക്കുകയും ചെയ്യുന്നു. ഈയിടെ മന്ത്രിസഭയിലെ ഒരു ഉന്നതൻ ആഡംബര കാറായ കിയ വാങ്ങാൻ 35 ലക്ഷത്തിലേറെ രൂപയാണ് ചെലവാക്കിയത്. ഡൽഹിയിൽ സർക്കാർ പ്രതിനിധിയെ വച്ചിട്ടും കേരളത്തിന് അർഹമായ ഗ്രാന്റും വിഹിതവും ലഭിക്കുന്നില്ല എന്നു വിലപിക്കുന്നു. രാഷ്ട്രീയ പോരിന്റെ പേരിൽ മാത്രം ഒരു കോൺഗ്രസ് വിമതനെ ഡൽഹിയിൽ കുടിയിരുത്തി ലക്ഷങ്ങൾ പാഴാക്കുന്നു. പ്രതിനിധിക്ക് വേറെ വരുമാനമുള്ളതുകൊണ്ട് ഓണറേറിയമായും ബത്തയായും പേഴ്സണൽ സ്റ്റാഫായും വാഹനമായും പൊടിപൊടിക്കുന്നത് ലക്ഷങ്ങൾ. എന്നിട്ടും ഇതുകൊണ്ട് കേരളത്തിന് ഒരു പ്രയോജനവും ലഭിക്കുന്നില്ല എന്നതിന്റെ തെളിവാണ് ഡൽഹിയിൽ നടന്ന കേരള സമരം.

അനാവശ്യമായ നിയമനങ്ങൾ, ഉപദേശകന്മാർ, സർക്കാർ വിരുന്ന്, മറ്റ് ആഘോഷങ്ങൾ എല്ലാം കേരളത്തിന്റെ ധൂർത്തിൽ പെടുന്നതാണ്. കരിമണൽ കമ്പനിയിലെ മാസപ്പടി കേസിൽ രണ്ടു ദിവസത്തിന് കെഎസ്ഐഡിസിക്ക് വേണ്ടി സുപ്രീംകോടതി അഭാഷകർക്കായി അരക്കോടി രൂപ ചെലവാക്കിയത് എന്തു മാത്രം അനീതിയാണെന്ന് ആരും പറയുന്നില്ല എന്നത് കൗതുകകരം. ഒരു ദിവസത്തിന് 25 ലക്ഷം വാങ്ങുന്ന അഭിഭാഷകനെ ഇറക്കാൻ ഒരു മടിയും കാണിക്കാത്തത് സാമ്പത്തിക അച്ചടക്കമില്ലായ്മക്ക് ഒരു ഉദാഹരണംമാത്രം. കേസുകൾ വാദിക്കാൻ സർക്കാർ അഭിഭാഷകരുടെ ഒരു നിര കേരളത്തിനുണ്ട്. മാസം 1.55 കോടി ഇവർക്ക് ശമ്പളം നൽകുന്നു. രണ്ടാം പിണറായി സർക്കാർ അധികാരമേറ്റ ശേഷം പുറമെ നിന്നുള്ള അഭിഭാഷകർക്കായി കഴിഞ്ഞ ഓഗസ്റ്റ് വരെ സംസ്ഥാനം ചെലവഴിച്ചത് 7.25 കോടിയാണെന്ന് രേഖകൾ പറയുന്നു. ജയദീപ് ഗുപ്ത എന്ന അഭിഭാഷകന് മാത്രമായി നൽകിയത് 1.29 കോടിയാണ്. ഇങ്ങനെയൊക്കെയാണ് ഒരു മടിയുമില്ലാതെ സർക്കാർ പണം ചെലവഴിക്കുന്നത്. ഇതിനു വേണ്ടി കടമെടുത്തു മുടിയുകയാണ് സംസ്ഥാന സർക്കാർ.

കഴിഞ്ഞ മാസം ചേർന്ന സിപിഐ സംസ്ഥാന കൗൺസിൽ യോഗത്തിൽ ചില വിമർശനങ്ങൾ ഉയർന്നിരുന്നു. സാമ്പത്തിക പ്രതിസന്ധി രൂക്ഷമെന്ന് പറയുമ്പോഴും ധൂർത്തിനും ആഡംബരത്തിനും ഒരു കുറവുമില്ലെന്നായിരുന്നു അംഗങ്ങളുടെ വിമർശനം. കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാന പ്രശ്നങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ് ഈ അഭിപ്രായ പ്രകടനം.

# ഇടവകകളിൽ തിരുനാളാഘോഷങ്ങൾ


കുണ്ടന്നൂർ ഇടവകയിലെ തിരുനാൾ പ്രദക്ഷിണത്തിന് ഫാ. സെബി കവലക്കാട്ട് നേതൃത്വം നൽകുന്നു.

### കുണ്ടന്നൂർ

ഇടവകയിൽ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിച്ചു തിരുനാൾ കുർബാനയ്ക്ക് നവവൈദികൻ ഫാ. ബിജോയ് പൊൻപറമ്പിൽ മുഖ്യ കാർമികനായി. റവ.ഡോ. ദേവസി പന്തല്ലൂക്കാരൻ തിരുനാൾ സന്ദേശം നൽകി. വൈകിട്ട് ദിവ്യബലിക്ക് ഫാ. സിജോ കുറ്റിക്കാട്ടിൽ കാർമികനായി. മേജർ സെമിനാരി റെക്ടർ റവ.ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ തിരുനാൾ പ്രദക്ഷിണത്തിന് നേതൃത്വം നൽകി. തിരുനാൾ ആഘോഷങ്ങൾക്ക് വികാരി ഫാ. സെബി കവലക്കാട്ട് നേതൃത്വം നൽകി.


നടത്തറ ഇടവകയിലെ തിരുനാൾ പ്രദക്ഷിണത്തിൽ നിന്ന്

### നടത്തറ

തിരുഹൃദയ ദൈവാലയത്തിൽ കാരുണ്യ പ്രവർത്തനങ്ങളോടെ വിശുദ്ധരുടെ സംയുക്ത തിരുനാൾ ആഘോഷിച്ചു. തിരുനാൾ പാട്ടുകുർബാനയ്ക്ക് ഫാ. സെബി പുത്തൂർ മുഖ്യകാർമികത്വം വഹിച്ചു. ഇടവകയിലെ നിർധനർക്കും ജൂബിലി മിഷനിൽ ഡയാലിസിനായി വരുന്നവർക്കും ഇടവക തിരുനാൾ വിഹിതത്തിൽ നിന്ന് ധനസഹായം നൽകി. വികാരി ഫാ. ജോജു പൊറുത്തൂർ, സഹവികാരി ഫാ. ജോമോൻ മങ്ങാട്ടിളയൻ, ജനറൽ കൺവീനർ ബിനു പാലോക്കാരൻ, ജോ.കൺവീനർ ലാസർ കവലക്കാട്ട്, കൈക്കാരന്മാരായ ഡേവീസ് തെക്കേക്കര, ദേവസി തെക്കേക്കര, ജോയ്സൻ ആച്ചാണ്ടി, റോയ് ചക്കാലയ്ക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.


എരുമപ്പെട്ടി തിരുഹൃദയ ഫൊറോനാ പള്ളിയിലെ തിരുനാൾ പ്രദക്ഷിണം. വികാരി ഫാ. ജോഷി ആളൂർ, സഹവികാരി ഫാ. എഡ്വിൻ അയ്നിക്കൽ, ഇടവക വൈദികരായ ഫാ. ജോസഫ് മുരിങ്ങാത്തേരി, ഫാ. ബെന്നി ചിറ്റിലപ്പിള്ളി, കൈക്കാരന്മാരായ എം.പി. ഫ്രാൻസിസ്, സി.കെ. ജോർജ്, കെ.പി. ഫ്രിന്റോ, ബിജോയ് ജോസ്, എം.വി. തോമസ്, ടി.ടി. ഷാജു, വി.പി. ഡേവിസ് എന്നിവർ നേതൃത്വം നൽകി.


പുതുശ്ശേരി ഇടവകയിലെ തിരുനാൾ പ്രദക്ഷിണം വികാരി ഫാ. റോജോ എലുവത്തിങ്കലിന്റെ നേതൃത്വത്തിൽ

### വലപ്പാട്

സെന്റ് സെബാസ്ത്യൻസ് ദൈവാലയത്തിൽ വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിച്ചു. തിരുനാൾ പാട്ടുകുർബാനക്ക് ഫാ. പോൾ പൂവ്വത്തിങ്കൽ സി.എം.ഐ. മുഖ്യകാർമികനായി. ഫാ. ജോബ് പടയാട്ടിൽ തിരുനാൾ സന്ദേശം നൽകി. ഫാ. ആന്റോ അക്കര സഹകാർമികനായി. വൈകീട്ട് നടന്ന പ്രദക്ഷിണത്തിന് വികാരി ഫാ. ബാബു അപ്പാടൻ നേതൃത്വം നൽകി.

ചാരിറ്റി കമ്മറ്റിയുടെ നേതൃത്വത്തിൽ തിരുനാൾ ദിവസം ആൽഫ പാലിയേറ്റീവ് കെയിറിലെ അന്തേവാസികൾക്ക് അന്നദാനം നടത്തി. കൈക്കാരൻമാരായ ഷാജി ചാലിശേരി, എ.എൻ. ജി ജെയ്ക്കോ, ഫെന്നി ഫ്രാൻസിസ്, കുടുംബ കൂട്ടായ്മ കൺവീനർ ജെയിംസ് എലുവത്തിങ്കൽ, ജോൺസൻ ചെറുവത്തൂർ, എബി ഫ്രാൻസിസ്, സെബി ജോർജ്, കുടുംബ കൂട്ടായ്മ, ഭക്തസംഘടന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.


വലപ്പാട് ദൈവാലയത്തിലെ തിരുനാളിനോടനുബന്ധിച്ച് നടന്ന പ്രദക്ഷിണത്തിൽനിന്ന്.


ചോറ്റുപാറ ഇടവകയിലെ തിരുനാൾ കുർബാനയ്ക്ക് വികാരി ജനറാൾ മോൺ. ജോസ് കോനിക്കര മുഖ്യകാർമികത്വം വഹിച്ചപ്പോൾ.

### ചോറ്റുപാറ

സെന്റ് ജോസഫ് ദൈവാലയത്തിൽ ഇടവക മധ്യസ്ഥനായ വിശുദ്ധ ഔസേപ്പിതാവിന്റെയും വിശുദ്ധ സെബസ്ത്യാനോസിന്റെയും 51 സംയുക്ത തിരുനാൾ ആഘോഷിച്ചു വികാരി ഫാ. ആന്റണി അമ്മുത്തൻ,ഫാ. ട്രജിൻ തട്ടിൽ, ഫാ. ജെറിൻ അരിമ്പൂർ, കൈക്കാരന്മാരായ ജോസ് കൊണ്ടിയാരത്ത്, ജോബി കുരുവിനാംതൊട്ടിയിൽ, ജനറൽ കൺവീനർ സോബിൻ ജോസഫ് എന്നിവർ നേതൃത്വം നൽകി.


കോടന്നൂർ ഇടവകയിലെ തിരുനാൾ പ്രദക്ഷിണത്തിൽ നിന്ന്


നടത്തറ ഇടവകയിലെ വാഴകൃഷിയുടെ വിളവെടുപ്പ് ടി.എൻ. പ്രതാപൻ എംപി ഉദ്ഘാടനം ചെയ്യുന്നു

## നടത്തറയിൽ വിളവെടുപ്പ് മഹോത്സവം

നടത്തറ: തിരുഹൃദയ ദൈവാലയത്തിൽ വാഴകൃഷിയുടെ വിളവെടുപ്പ് മഹോത്സവം ടി.എൻ. പ്രതാപൻ എംപി ഉദ്ഘാടനം ചെയ്തു. പതിനായിരം രൂപക്ക് ഒരു കുല ചങ്ങാലിക്കോടൻ കായ അദ്ദേഹം സ്വന്തമാക്കി. വികാരി ഫാ. ജോജു പൊറുത്തൂർ അദ്ധ്യക്ഷത വഹിച്ചു. അസി.വികാരി ഫാ. ജോമോൻ മങ്ങാട്ടിളയൻ, ബ്രദർ സ്നോവിൻ, പഞ്ചായത്ത് പ്രസിഡന്റ് ശ്രീവിദ്യ രാജേഷ്, വാർഡ് മെമ്പർ ബിന്ദു കാട്ടുങ്ങൽ എന്നിവരും സന്നിഹിതരായിരുന്നു. കൈകാരന്മാരും, ഇടവകാംഗങ്ങളും പങ്കെടുത്തു.

## യാമ പ്രാർത്ഥന ഒരു പഠനം

രചന: റവ. ഡോ. ജോൺ മൂലൻ



തിരുസഭയുടെ പൗരാണിക കാലം മുതലുള്ള ഔദ്യോഗിക പ്രാർത്ഥനയാണ് യാമ പ്രാർത്ഥനകൾ. ഈശോമിശിഹായിൽ നിന്ന് ശ്ലീഹന്മാർ പഠിക്കുകയും സ്വീകരിക്കുകയും ചെയ്ത പ്രാർത്ഥനാ പാരമ്പര്യം തിരുസഭ ഇന്നും ഔദ്യോഗികമായി വരും തലമുറയ്ക്ക് കൈമാറുന്നത് എല്ലാ വിശ്വാസികളുടെയും പ്രാർത്ഥനയായ യാമപ്രാർത്ഥനകളിലൂടെയാണ്. യാമ പ്രാർത്ഥനയെക്കുറിച്ച് ലളിതമായ ഭാഷാശൈലിയിലും പണ്ഡിതോചിതമായ അവതരണരീതിയിലും അനുവാചകർക്ക് സമർപ്പിക്കുന്ന ഗ്രന്ഥമാണ് റവ. ഡോ. ജോൺ മൂലൻ രചിച്ച 'യാമപ്രാർത്ഥന ഒരു പഠനം: സീറോ മലബാർ സഭ'. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ വേരൂന്നിയ സീറോ മലബാർ സഭയുടെ യാമപ്രാർത്ഥനകളെ കുറിച്ചുള്ള അറിവും അവബോധവും പകരുന്ന ഈ ഗ്രന്ഥം ഓരോ വിശ്വാസിയുടെയും പ്രാർത്ഥനാ ജീവിതത്തെ സമ്പന്നമാക്കും. അനുദിനം വിശുദ്ധ കുർബാനയുടെ ഒരുക്കത്തിനും അതിന്റെ ചൈതന്യത്തിൽ ജീവിക്കുന്നതിനും പ്രാർത്ഥനകൾ എങ്ങനെ സഹായിക്കും എന്ന് ആരാധനക്രമ പണ്ഡിതനായ ബഹു. മൂലനച്ചന്റെ ഈ ഗ്രന്ഥം പഠിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് റവ. ഡോ. ജോൺ മൂലൻ 98 46 02 39 46.














# യുപിയിൽ വീണ്ടും ക്രൈസ്തവ വേട്ട: വൈദികൻ അറസ്റ്റിൽ



ഫാ. ഡൊമിനിക് പിന്റോ

ലക്നോ: മതപരിവർത്തനം ആരോപിച്ച് യുപിയിൽ വീണ്ടും ക്രൈസ്തവ വേട്ട. ലക്നോ രൂപത വൈദികൻ ഉൾപ്പെടെ 7 പേരെയാണ് അറസ്റ്റ് ചെയ്തു ജയിലിൽ അടച്ചത്. ലക്നോ രൂപതയുടെ നവീന്ത പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. ഡൊമിനിക് പിന്റോ ഉൾപ്പടെയുള്ള 15 പേർക്കെതിരെ പോലീസ് എഫ്ഐആർ രജിസ്റ്റർ ചെയ്തിരുന്നു.

പാവപ്പെട്ടവരെ ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്യുന്നു എന്ന് ആരോപിച്ച് രംഗത്തുവന്നത് ഹൈന്ദവ സംഘടനകളാണ്. ഇവർ പാസ്റ്ററൽ സെന്ററിനു മുന്നിൽ പ്രതിഷേധവും നടത്തി. പ്രാർത്ഥനാ ശുശ്രൂഷകളെ തെറ്റിദ്ധരിച്ചാണ് ഇവർ മതപരിവർത്തന പൂജയാണെന്നാരോപിച്ച് സമരത്തിന് ഇറങ്ങിയത്. ഇതേ തുടർന്ന് ഉത്തർപ്രദേശിലെ പുതിയ മതപരിവർത്തന നിയമപ്രകാരമുള്ള വകുപ്പുകൾ ചുമത്തി കേസ് രജിസ്റ്റർ ചെയ്തു. പ്രതികൾ കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ പത്തുവർഷം വരെ തടവ് ലഭിക്കുന്ന നിയമമാണ് യുപിയിലുള്ളത്. പാവപ്പെട്ടവരെയും ദളിതരെയും മതപരിവർത്തനം നടത്തുന്നതായി ആരോപിച്ച് ഹൈന്ദവ സംഘടനാ നേതാവ് ബ്രിജേഷ് കുമാറാണ് പോലീസിൽ പരാതി നൽകിയത്.

നേരത്തെ അറസ്റ്റിലായ മലയാളി വൈദികൻ സെബാസ്റ്റ്യൻ ഫ്രാൻസീസിന് ഹൈക്കോടതി ജാമ്യം നൽകിയത് രണ്ടുമാസത്തിനുശേഷമാണ്. അലഹബാദ് രൂപതാ സാമൂഹിക സേവന വിഭാഗം ഡയറക്ടറായി സേവനം ചെയ്യുന്നതിനിടേയാണ് മതപരിവർത്തനം ആരോപിച്ച് യുപി പോലീസ് അച്ചനെ അറസ്റ്റ് ചെയ്തത്. ക്രൈസ്തവ മിഷനറിമാരുടെ പ്രവർത്തനങ്ങളിൽ അസൂയയുള്ളവർ കള്ളക്കേസിൽ കുടുക്കി അറസ്റ്റിന് കളമൊരുക്കുന്നതിന്റെ ഒടുവിലത്തെ ഉദാഹരണമാണ് ഫാ. ഡൊമിനിക് പിന്റോയുടെ അറസ്റ്റ്.

## ആവശ്യങ്ങളുമായി സഭ

(ഒന്നാം പേജ് തുടർച്ച)

ദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കാൻ അടിയന്തരമായി മുഖ്യമന്ത്രി നിർദ്ദേശങ്ങൾ നൽകണമെന്ന് സീറോ മലബാർ സഭ ആവശ്യപ്പെട്ടു.

വന്യമൃഗങ്ങൾ മനുഷ്യജീവന് ഭീഷണിയായിരിക്കുന്നു. ഈ സാഹചര്യത്തിൽ വന്യമൃഗങ്ങളെ വനാതിർത്തിയിൽ തന്നെ തടയുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. നിലവിലെ വനം– വന്യജീവി നിയമങ്ങൾ മനുഷ്യ പക്ഷത്തുനിന്ന് മാത്രമേ നടപ്പിലാക്കാവൂ എന്ന നിർദ്ദേശം സംസ്ഥാന സർക്കാർ വനപാലകർക്ക് നൽകണം. കേന്ദ്രസർക്കാരും വനം–വന്യജീവി നിയമങ്ങളിലെ മനുഷ്യവിരുദ്ധ വകുപ്പുകൾ പൂർണമായി ഒഴിവാക്കി ഭേദഗതികൾ കൊണ്ടുവരണമെന്നും സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ആവശ്യപ്പെട്ടു.

# കയറിൻ തുമ്പത്താണ് സത്യം!






**ക**ഥ ഇങ്ങനെയായിരുന്നു. ഒരിക്കൽ ഒരു വയോധികൻ (പേര് വെളിപ്പെടുത്തുന്നില്ല) റോഡിൽ നിന്ന് ഉറക്കെ വിളിച്ചു പറഞ്ഞു. ഒരു കയർ കിട്ടിയിട്ടുണ്ടേ, കയർ. പിന്നെ സ്വരം താഴ്ത്തി പതുക്കെ വിളിച്ചുപറഞ്ഞു. കയറിൻ തുമ്പത്തൊരു പശുവും. സത്യം വദ, ധർമം ചര എന്നാണല്ലോ പ്രമാണം. ആ വയോധികൻ സത്യമാണ് ചൊല്ലിയത്. പക്ഷേ, സത്യം കയറിൻ തുമ്പത്തായി എന്ന് മാത്രം. ഈ കഥയ്ക്ക് ഇന്നും തനിയാവർത്തനങ്ങൾ ഏറെയാണ്. ഏറ്റവും ഒടുവിൽ കേട്ടത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭനഷ്ട കണക്കുകളാണ്. സംസ്ഥാനത്ത് ആകെ 131 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ ഭൂരിഭാഗവും നഷ്ടത്തിലാണെന്ന് അവലോകന റിപ്പോർട്ടിൽ പറയുന്നുണ്ട്. ഇവയൊക്കെ ലാഭത്തിലാക്കാൻ എന്താണ് തടസ്സം? ജീവനക്കാരുണ്ട്, സൗകര്യങ്ങളുണ്ട്, വിദഗ്ധരുണ്ട്. ഇല്ലാത്തത് ഒന്നുമാത്രം– സത്യസന്ധത. പാർട്ടിക്കാരെ കുടിയിരുത്താനുള്ള താവളമായി അധഃപതിക്കുന്നത് കൊണ്ടാണ് ഈ സ്ഥാപനങ്ങൾ നഷ്ടത്തിലാകുന്നതെന്ന് പകൽപോലെ സത്യം. ആവശ്യമില്ലാത്ത നിയമനങ്ങൾ. ധൂർത്തിന്റെ കേളീരംഗം. മുഴുത്ത ശമ്പളം, ബത്ത. ബിസിനസുമായി ഒരു ബന്ധവുമില്ലാത്ത നേതാക്കൾക്ക് നിരങ്ങാൻ ചെയർമാൻ, എംഡി പദവികൾ. വല്ലപ്പോഴും ഓഫീസിൽ വന്ന് ഫയൽ നോക്കും. ഏറിയ പങ്കും രാഷ്ട്രീയ പ്രവർത്തനം. സർക്കാർ വാഹനത്തിൽ ഊരു ചുറ്റൽ. പരിവാരങ്ങളുമായി ഓഫീസിൽ വന്നാൽ സൽക്കാരത്തിനു വരെ വൻചിലവ്. സ്വന്തക്കാർക്ക്, പാർട്ടിക്കാർക്ക് രാപ്പാർക്കാനുള്ള മുന്തിരിത്തോപ്പുകളായി ചില പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിന് നഷ്ട കണക്കുണ്ടാക്കുന്നു. കേരളത്തിന്റെ ഖജനാവ് എങ്ങനെ മുടിയാതിരിക്കും? ഇപ്പോൾ നഷ്ടം കുമിഞ്ഞുകൂടിയ 18 പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടാനാണ് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ശിപാർശ ചെയ്തിരിക്കുന്നത്. അത്രയും നല്ലത്. ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന് പറയുന്നത് നവ കേരളത്തിന് ഭൂഷണമല്ലല്ലോ.

ഈ നഷ്ടക്കണക്ക് വിളിച്ചു പറഞ്ഞാൽ ജനങ്ങൾ എന്തു വിചാരിക്കും? ലാഭക്കണക്ക് പറഞ്ഞ് ജനങ്ങളുടെ കണ്ണിൽ പൊടിയിടാനും ഇവിടെ ആളുകളുണ്ട്. വയോധികൻ കയർ കിട്ടിയിട്ടുണ്ട് എന്ന് വിളിച്ചു പറഞ്ഞ പോലെ തന്നെ. കയറിന്റെ തുമ്പത്ത് നഷ്ടം മുഴച്ചു നിൽക്കും. അത് സ്വരം താഴ്ത്തിയേ പറയൂ.

131 പൊതുമേഖലാ സ്ഥാപനങ്ങളിൽ 57 സ്ഥാപനങ്ങൾ ലാഭത്തിലാണ്. 12 സ്ഥാപനങ്ങൾ ലാഭത്തിലാവുകയും ചെയ്തു. 57 സ്ഥാപനങ്ങൾ ലാഭത്തിൽ, 12 സ്ഥാപനം ലാഭത്തിലായി എന്ന് പുരപ്പുറത്തു നിന്ന് ഭരണക്കാർ വിളിച്ചുകൂവുമ്പോൾ നാം ഓർക്കുക, ഒരു കയർ കിട്ടിയിട്ടുണ്ട് എന്ന വയോധികന്റെ കൂവലാണ്. കയറിന്റെ തുമ്പത്ത് 59 സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്നും ബാക്കി സ്ഥാപനങ്ങൾ കണക്കു നൽകിയിട്ടില്ലെന്നും പൊതുമേഖല സ്ഥാപനങ്ങൾ 5700 കോടി നഷ്ടമുണ്ടാക്കിയെന്നും മുൻ വർഷത്തേക്കാൾ 86 കോടി അധികം നഷ്ടമുണ്ടാക്കിയിരിക്കുകയാണെന്നും പതുക്കെ സ്വരം താഴ്ത്തിയേ പറയൂ. മറ്റൊരു തമാശ കൂടിയുണ്ട്. 35 സ്ഥാപനങ്ങളിൽ കൃത്യമായി ഓഡിറ്റ് പോലും നടത്താറില്ലത്രേ. ഇനി തമാശ നിറഞ്ഞ മറ്റൊരു അവകാശവാദവുമുണ്ട്. കഴിഞ്ഞവർഷം ഈ സ്ഥാപനങ്ങളിൽ തൊഴിലെടുക്കുന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായത്രേ. അതായത്, 1,29,982പേർ തൊഴിലാളികളായെന്ന്. ഇവരൊക്കെ തൊഴിലെടുത്തിട്ടും നഷ്ടം, നഷ്ടം, നഷ്ടം. അങ്ങനെ വോട്ട് ഉറപ്പിക്കാനുള്ള തന്ത്രങ്ങളിൽ ഒന്ന് ഇത്തരം അധികം നിയമനങ്ങളാണെന്ന് പറയാതെ പറയാം.



കൂടുതൽ നഷ്ടം വരുത്തിയ സ്ഥാപനത്തിൽ വമ്പൻ കെഎസ്ആർടിസിയാണ്. ഏറ്റവും ലാഭത്തിൽ ഓടിക്കാവുന്ന സ്ഥാപനത്തിനാണ് ഈ ഗതികേട്. തൊഴിലാളി യൂണിയനുകളുടെ തള്ളിക്കയറ്റത്തിന് അവിടെ ഒരു ക്ഷാമവുമില്ല. സത്യസന്ധമായ വർക്ക്ഷോപ്പ് മാനേജ്മെന്റ്, ബസ് സർവീസിന്റെ കൃത്യനിഷ്ഠ എന്നിവയൊക്കെ വേണ്ടേ എന്ന് ചോദിച്ചാൽ ഉത്തരംമുട്ടരുത്. 100 ടയർ മാറി എന്ന് പറഞ്ഞാൽ അത് കണക്കിൽ ഉണ്ടായാൽ മതിയോ? അതുപോലെ പെയിന്റടിക്കൽ, സ്പെയർപാർട്സ് ഇതെല്ലാം നോക്കേണ്ടയാൾക്ക് 100% സത്യസന്ധത വേണ്ടേയെന്ന് ചോദിച്ചാൽ കാട്ടിലെ തടി എന്ന് ഉത്തരം പറഞ്ഞാൽ പോരല്ലോ. സർക്കാരിനും കാര്യങ്ങളൊക്കെ അറിയാം. ശമ്പളത്തിന്റെ കാര്യത്തിൽ സർക്കാർ ഉരുണ്ടുകളിക്കുന്നത് എന്തുകൊണ്ടാണെന്ന് ഇപ്പോൾ ചിന്തിക്കാം. ഇനി ആരെങ്കിലും ഈ സ്ഥാപനം ലാഭത്തിലാക്കാൻ വന്നാൽ അദ്ദേഹത്തെ ചുട്ട കോഴിയെ പറപ്പിക്കുന്ന പോലെ പറപ്പിക്കാൻ ഇങ്കിലാബ് വിളിക്കുന്നവരുണ്ട്.

നഷ്ടത്തിലായ മറ്റൊരു സ്ഥാപനമാണ് കെഎസ്ഇബി. കഴിഞ്ഞവർഷം നഷ്ടം 1023.62കോടി. വൈദ്യുതിബോർഡിലെ ധൂർത്തിന്റെയും ദൂർവ്യയത്തിന്റെയും കഥകൾ കഴിഞ്ഞവർഷം തന്നെ അങ്ങാടിപ്പാട്ടാണ്. വൈദ്യുതി ചാർജിന്റെ പേരിൽ പകൽ കൊള്ളയാണ്. തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങളിൽ കേരളത്തിന്റെ നേർപകുതിയാണ് ഗാർഹിക വൈദ്യുതി ചാർജ്. ജലവൈദ്യുത പദ്ധതികളുണ്ടായിട്ടും കേരളത്തിൽ നഷ്ടം. തമിഴ്നാട്ടിൽ മാസാന്ത്യ ബില്ല്. കേരളത്തിൽ ദ്വൈമാസ ബില്ല്. യൂണിറ്റ് കൂടിയാൽ സ്ലാബ് വഴി കൊള്ള. ബസ് ഗതാഗതത്തിലെ ഫെയർസ്റ്റേജ് കൊള്ളപോലെ. ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ പരിശോധിക്കുമ്പോൾ സാധാരണക്കാർ ഞെട്ടും. സംസ്ഥാന ജീവനക്കാരുടെ ഇരട്ടിയിൽ കൂടുതൽ ശമ്പളം. ലൈൻമാൻമാർക്ക് വരെ ലക്ഷത്തിൽ കൂടുതൽ ശമ്പളം. കുറഞ്ഞ ശമ്പളത്തിൽ കയറും. പെട്ടെന്ന് വലിയ ശമ്പളത്തിലെത്തും. ഒരു സ്ഥാപനത്തിലും ഇല്ലാത്ത ഇൻക്രിമെന്റ് റേറ്റാണ് ഇവിടെ. 113% വരെയാണ് ശമ്പള വർധന. 2021ലെ ശമ്പള പരിഷ്കരണം വഴി ബോർഡിന് ഉണ്ടായ ബാധ്യത 500 കോടി. പെൻഷൻ ബാധ്യത 750 കോടി. ശമ്പള കുടിശ്ശികയ്ക്ക് 1000കോടി. 2021ലെ ബോർഡിന്റെ സഞ്ചിതനഷ്ടം 14,000 കോടി. കടബാധ്യത 9,000 കോടി. ബാധ്യതകൾ തീർക്കാൻ വർഷാവർഷം ചാർജ് വർദ്ധന നടത്തി ജനങ്ങളെ ഷോക്കടിപ്പിക്കും. ഇതൊന്നും ഉറക്കെ വിളിച്ചു പറയില്ല, സ്വരം താഴ്ത്തിയേ പറയൂ. തൊഴിലാളി യൂണിയനുകൾ കുടുകുടാ ചിരിക്കും.

ബജറ്റ് പ്രഖ്യാപനത്തിൽ കേട്ട ഒരു വാഗ്ദാനമിതാണ്. കെ–റെയിൽ പദ്ധതി നടപ്പാക്കാനുള്ള ശ്രമം തുടരുമത്രേ. കെ–റെയിൽ വന്നാൽ കേരളം സ്വർഗമാകുമായിരുന്നു എന്നു വരെ പ്രസംഗിക്കുന്ന നേതാക്കളുണ്ട്. ഓരോ പദ്ധതിയും പ്രഖ്യാപിക്കുമ്പോൾ സാധാരണക്കാരുടെ നെഞ്ചിടിക്കും. കാരണം ലൈഫ് മിഷനിലെ കോഴ അപ്പോൾ അവർക്ക് ഓർമ്മവരുമത്രേ. എന്തായാലും സ്വപ്ന പദ്ധതിക്ക് സർക്കാർ ഇതുവരെ 53.5 കോടി പൊടിച്ചു എന്നത് പദ്ധതിക്കായി ശ്രമം തുടരുമെന്ന് ഉറക്കെ പറയുന്നതുപോലെ പറയില്ല. 30 കോടി തുലച്ചത് കൺസൾട്ടൻസിക്കാണ്. മാസപ്പടി കേസ് വാദിക്കാൻ വക്കീലിന് ഒരു ദിവസത്തേക്ക് 25 ലക്ഷം കൊടുക്കാമെങ്കിൽ ഈ 30 കോടി അധികമല്ല. പ്രതിഷേധക്കാർ വലിച്ചെറിഞ്ഞ മഞ്ഞക്കുറ്റിക്ക് ചെലവാക്കിയത് 1.60 കോടി. കരാറ് കിട്ടിയവർ ഭാഗ്യവാന്മാർ. അനാമത്ത് ചെലവുകൾക്ക് 13.71 കോടി. സ്വപ്ന പദ്ധതിയാകുമ്പോൾ അനാമത്ത് കൂടും. പദ്ധതി നടപ്പായില്ലെങ്കിലും സ്വപ്ന പദ്ധതി എന്ന് ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കും. നടക്കാത്ത പദ്ധതിയെന്ന് പതുക്കെ പറഞ്ഞാൽ മതിയല്ലോ, കയറിൻ തുമ്പത്ത് ഒരു പശു എന്നു പറഞ്ഞപോലെ.

അനുബന്ധം: പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിന് 279 കോടി എന്ന് ബജറ്റ് പ്രഖ്യാപനം. കടലിൽ കായം കലക്കിയാൽ എന്ത് സംഭവിക്കും എന്ന ചോദ്യത്തിന് ഒരു ഉത്തരമായി, **ശുഭം.**

# ദൂരെ ദൂരെയായി കൂടുകൂട്ടുന്നവർ



**'സ്വപ്നങ്ങൾക്ക് അർത്ഥങ്ങൾ ഉണ്ടായിരുന്നെങ്കിൽ**
**സ്വർഗങ്ങളെല്ലാം നമുക്കു സ്വന്തം,**
**മോഹങ്ങൾക്കെങ്ങാനും ചിറക് മുളച്ചെങ്കിൽ**
**ലോകം മുഴുവൻ നമുക്ക് സ്വന്തം'.**

ചൂണ്ടുവിരൽ...
പാവുണ്ണി കാരമുക്ക്

**പ**ഴയ ഗാനത്തിന്റെ ഈരടികൾ പോലെ സ്വപ്നങ്ങളുടെ അർത്ഥങ്ങളും മോഹങ്ങളുടെ ചിറകുകളും തേടി പറന്നകലുകയാണ് ഇന്നത്തെ യുവതലമുറ. ലക്ഷക്കണക്കിന് യുവാക്കളാണ് ഈ ഹരിത കോമള കേരളം വിട്ട് വിദേശരാജ്യങ്ങളിലേക്ക് ചേക്കേറുന്നത്. പഠനം എന്ന നൂൽപ്പാലത്തിലൂടെ വിദേശ പൗരത്വം എന്നതാണ് അവരുടെ ലക്ഷ്യം. എന്തിനും ഏതിനും വിവാദങ്ങളും സ്വാർത്ഥ രാഷ്ട്രീയ താൽപര്യങ്ങളും വിളയുന്ന ജന്മനാട്ടിൽ നിന്നാൽ ഒരിക്കലും രക്ഷപ്പെടുകയില്ല എന്ന അവബോധം യുവതകളിൽ രൂഢമൂലമാണ്. രാഷ്ട്രീയംമൂലം കഴിവുള്ളവർ പോലും തള്ളപ്പെടുന്ന കേരള സാഹചര്യത്തിൽ തങ്ങളുടെ സ്വപ്നങ്ങൾക്കും മോഹങ്ങൾക്കും രക്ഷയില്ലെന്ന് അവർ തിരിച്ചറിയുന്നുണ്ട്. എങ്ങനെയെങ്കിലും, കുറച്ചു കഷ്ടപ്പെട്ടിട്ടായാലും മക്കളുടെ ഭാവി ഭദ്രമാക്കാൻ മാതാപിതാക്കളും തയ്യാറായി നിൽക്കുന്നു. നാട്ടിലെ പഠനം കൊണ്ടോ, ഒരു ജോലി ലഭിച്ചതുകൊണ്ടോ, മാത്രം സാമ്പത്തിക പുരോഗതി ഉണ്ടാകില്ല എന്ന ചിന്തയ്ക്ക് ആഴത്തിലുള്ള വേരുകളുണ്ട്. നാളികേരത്തിന്റെ നാട്ടിലൊരു നാലു കാലുള്ള ഓലപ്പുരയല്ല അവരുടെ സ്വപ്നം. പുതിയ ലോകത്തിന്റെ പെരുമയുള്ള ജീവിതം തന്നെയാണ് ലക്ഷ്യം. കിട്ടിയാൽ ഊട്ടി പൊട്ടിയാൽ ചട്ടി എന്ന് വ്യക്തമായി ഇവരുടെ ഉള്ളിന്റെയുള്ളിലുണ്ട്. കാരണം, വിദേശ ഉപരിപഠനം എന്ന നൂൽപാലം പൊട്ടിത്തകർന്നു പോയവരുടെ വാർത്തകളും അവരറിയുന്നുണ്ട്. ഇതൊക്കെ സംഭവിക്കുമ്പോഴും നാട്ടിൽ നിന്നിട്ട് കാര്യമില്ലെന്ന തിരിച്ചറിവ് അവരെ നാടുവിടാൻ പ്രേരിപ്പിക്കുന്നു. സംശയിച്ചുനിൽക്കുന്നവർക്ക് വിശ്വാസങ്ങളും സ്വപ്നങ്ങളും നൽകി ഒരുപാട് ഏജൻസികൾ കേരളത്തിൽ ധാരാളമായി ഉണ്ട്. ഈ ഏജൻസികളിൽ പലതും കള്ളനാണയങ്ങളാണെന്നുള്ള അറിവു കൂടി കൂടുവിട്ട് കൂടുമാറുന്നവർ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

'ഒന്നാണ് നാം ഒന്നാമതാണ് നാം' എന്ന പാടിപ്പതിഞ്ഞ പല്ലവിയിൽ കൂടുമാറ്റവും ചേർക്കാവുന്നതാണ്. അവിടെയും നമ്മൾ ഒന്നാം സ്ഥാനത്ത് തന്നെ. 2019 കാലത്ത് 11,37,853 പേരാണ് ഉപരിപഠനത്തിനായി കടൽ കടന്നത്. കോവിഡിന് ശേഷം 2021–2022 ൽ 18,64,836 പേർ കടൽകടന്നു. പുതിയ കണക്ക് വന്നിട്ടില്ല. ലക്ഷക്കണക്കിന് രൂപ ചെലവ് വരുന്നതാണ് വിദേശ പഠനം. അതിനായി കിടപ്പാടം പോലും വിൽക്കാനോ പണയം വയ്ക്കാനോ മാതാപിതാക്കൾ മടിക്കുന്നില്ല. നാട്ടിൽ നിന്നാൽ രക്ഷയില്ലെന്ന ബോധ്യം അവർക്കുള്ളിലും വേരൂന്നിക്കഴിഞ്ഞു. ഇതിനൊക്കെ ആവശ്യം വരുന്ന ലോൺ കൊടുക്കാൻ ബാങ്കുകളും മത്സരിക്കുന്നു. പത്തനംതിട്ട, കൊല്ലം കോട്ടയം തൃശൂർ ജില്ലകളിൽ നിന്നാണ് ഏറ്റവും കൂടുതൽ പേർ വിദേശ ഉപരിപഠനത്തിനായി പോയിട്ടുള്ളത്. ഈ നാട്ടിൽ സർക്കാർ ജോലിയുള്ളവർ പോലും ലീവെഴുതി പണം സമ്പാദിക്കാനായി വിദേശങ്ങളിലേക്ക് കടക്കുന്നുണ്ടെന്നത് ഒരു സത്യമാണ്. ഉപരിപഠനത്തിനായി വിദേശരാജ്യങ്ങളിൽ പോകുന്നവർ ഭാവിയിൽ കേരളത്തിലേക്ക് മടങ്ങി വരാൻ ആഗ്രഹിക്കുന്നില്ല എന്നതാണ് മറ്റൊരു സത്യം. അവിടെ ജോലി ലഭിച്ചാൽ അവർ അവിടുത്തെ പൗരനാകുന്ന നടപടികളിലേക്ക് കടക്കുകയാണ്. അത് തരപ്പെട്ടാൽ പിന്നെ വീട്ടിലുള്ളവരെ അങ്ങോട്ട് കടത്തുന്നു. അല്ലെങ്കിൽ വൃദ്ധരായ മാതാക്കളെ വൃദ്ധസദനങ്ങളിലോ അല്ലെങ്കിൽ സ്വന്തം വീട്ടിലോ ആക്കി സ്ഥലം വിടുകയാണ്. വീട്ടുകാരെ കൊണ്ടുപോകുന്നവരുമുണ്ട്. ഈ കൂടുമാറ്റം കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക രംഗങ്ങളിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ വളരെ വലുതാണ്. വീട്ടുകാരെ വിദേശത്തേക്ക് കൊണ്ടുപോയാൽ പിന്നെ നാട്ടിലേക്ക് പണം അയക്കേണ്ട ആവശ്യം അവർക്കില്ല. ആ നീക്കം സർക്കാരിന്റെ സാമ്പത്തിക അവസ്ഥയുടെ നട്ടെല്ല് തകർക്കുന്ന നടപടിയാണ്.

ഈ കൂടുമാറ്റത്തിന്റെ കാരണം തേടി പോകുമ്പോഴാണ് ഒരു കാര്യം ബോധ്യമാകുന്നത്. ഉന്നത വിദ്യാഭ്യാസം നേടുന്നതിനും നൈപുണ്യ വികസനത്തിനും ജോലി സാധ്യതകൾക്കും കേരളം ഒരു അനുയോജ്യ സ്ഥലമല്ല എന്ന തിരിച്ചറിവാണ് പ്രധാനം. ഇക്കാര്യത്തിൽ കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം രാഷ്ട്രീയവും അതിന്റെ ആഭാസത്തരങ്ങളും കൊണ്ട് സമ്പന്നമാണ്. കോളേജ് അങ്കണങ്ങളിൽ നടമാടുന്ന അരക്ഷിതാവസ്ഥ പലരെയും ഭയപ്പെടുത്തുന്നുണ്ട്, മനം മടുപ്പിക്കുന്നുണ്ട്. ഇത്തരം ഒരു അവസ്ഥയിൽ പഠനം എങ്ങനെയെങ്കിലും പൂർത്തിയാക്കിയാൽ പോലും അർഹതപ്പെട്ടവർക്ക് ജോലി ലഭിക്കണമെങ്കിൽ രാഷ്ട്രീയക്കാരുടെ തിണ്ണ നിരങ്ങേണ്ട അവസ്ഥയാണ്. കേരളീയ വിദ്യാഭ്യാസരംഗത്തെ പുറകോട്ടടിച്ചതിൽ വിദ്യാർത്ഥി രാഷ്ട്രീയത്തിനുള്ള പങ്ക് ചെറുതല്ല. ആ രാഷ്ട്രീയത്തിന്റെ കരാള ഹസ്തങ്ങളിൽപ്പെട്ടുപോയാൽ തങ്ങളുടെ സ്വപ്നങ്ങളും മോഹങ്ങളും തകർന്നു തരിപ്പണമാകുമെന്ന് അവർ കരുതുന്നു. അതുകൊണ്ടുതന്നെയാണ് രക്ഷപ്പെടലിന്റെ മാർഗംതേടി അവർ യാത്രയാകുന്നത്.

ഉപരിപഠനത്തിനായി വിദേശങ്ങളിൽ പോകുന്നവർക്ക് നിയന്ത്രണം കൊണ്ടുവരുമെന്ന് നമ്മുടെ ഉന്നത വിദ്യാഭ്യാസ മന്ത്രി പറയുന്നത് കേട്ടു. ഈ വിഷയത്തിൽ എന്തെങ്കിലും ചെയ്യാൻ സർക്കാരും രാഷ്ട്രീയ പാർട്ടികളും മനസുവയ്ക്കണം. വിദ്യാഭ്യാസ രംഗത്ത് നിഷ്പക്ഷതയും നിലവാരവും തിരിച്ചുവന്നാൽ കുറെയൊക്കെ മാറ്റങ്ങൾ ഉണ്ടാകും. ഇതിനോടൊപ്പം തൊഴിൽ അവസരങ്ങളും വർദ്ധിക്കണം. മതസംഘടനകൾക്കോ മറ്റുള്ളവർക്കോ 'നാടുവിട്ട് പോകല്ലേ മക്കളെ' എന്ന് ഉപദേശിക്കാൻ മാത്രമേ കഴിയൂ. ഭാവിയുടെ ഭദ്രത സ്വപ്നം കാണുന്നവരോടുള്ള ഉപദേശത്തിന് എന്തു പ്രസക്തിയാണുള്ളത്. ഈ നില തുടർന്നാൽ കേരള സമൂഹത്തെ മുന്നോട്ടു നയിക്കേണ്ട മനുഷ്യവിഭവശേഷിയിൽ മസ്തിഷ്ക ശോഷണവും സാമ്പത്തിക ചോർച്ചയും ആയിരിക്കും സംഭവിക്കുക. പഠനത്തിനായി പുറത്തു പോകുന്നവർ തിരിച്ചുവരാത്ത സാഹചര്യമുണ്ടായാൽ, ഇങ്ങോട്ടുള്ള പണമയയ്ക്കലിന് കോട്ടം സംഭവിച്ചാൽ അത് കേരളത്തിന് കനത്ത തിരിച്ചടിയാകും. ബിബിസി പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ 'ഭാവിയിൽ കേരളം ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യത്തെ പ്രേത നഗരമാകും' എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്'. ഈ ആശങ്കയ്ക്ക് ഇന്നത്തെ സാഹചര്യത്തിൽ അടിസ്ഥാനമുണ്ടെന്ന് തന്നെയാണ് വ്യക്തമാകുന്നത്.

# ഇടവകതോറും മെഡിക്കൽ സെല്ലുകൾ

## (മുൻകരുതലുകൾ, ലളിതമായ മെഡിക്കൽ ടെസ്റ്റുകൾ, ഇൻഷുറൻസ്, - ആരോഗ്യ ബജറ്റ് മിനിമം)



ഫാ. ഡോ. ഫ്രാൻസിസ് ആലപ്പാട്ട്

**വെ**ള്ളിടിപോലെയായിരിക്കും ചില രോഗങ്ങൾ മറനീക്കി ഭീഭത്സരൂപം കാണിക്കുക; പക്ഷേ, ഇതിന്റെ കാരണങ്ങൾ ശരീരത്തിനുള്ളിൽ വളരെ നേരത്തെത്തന്നെ ചെറിയതോതിൽ ആരംഭിച്ചിട്ടുണ്ടാകും. ബാഹ്യലക്ഷണങ്ങൾ ഒന്നും ഉണ്ടാവുകയുമില്ല. നിശബ്ദ കൊലയാളികൾ എന്ന പേരിൽ അറിയപ്പെടുന്ന പ്രമേഹം, രക്താതിസമ്മർദ്ദം, മദ്യപാനാനന്തര സിറോസിസ് എന്നിവ യാതൊരു ബാഹ്യലക്ഷണവുമില്ലാതെ ആരോഗ്യത്തെ കാർന്നുതിന്നുന്നത് നാം അറിഞ്ഞെന്നുവരില്ല. രോഗം വന്ന് ചികിത്സിക്കുമ്പോൾ ഇരട്ടിചിലവ് വരും. ചെറിയ തോതിൽ ആരംഭിക്കുന്ന ഘട്ടത്തിൽ ചികിത്സാച്ചെലവും കുറയും.

മുൻകാലങ്ങളിൽ നാൽപത്തിയഞ്ച് വയസുമുതൽ ഓരോ ആറുമാസത്തിലും പ്രധാന മെഡിക്കൽ പാരാമീറ്ററുകൾ പരിശോധിക്കണമെന്നാണ് വിദഗ്ധർ നിർദ്ദേശിച്ചിരുന്നത്. എന്നാൽ, ജീവിതശൈലി രോഗലക്ഷണങ്ങൾ നേരത്തെ പ്രത്യക്ഷപ്പെടുന്നതിനാൽ മുപ്പത്തിയഞ്ചു വയസുമുതൽ ആദ്യ വൈദ്യപിശോധന ആരംഭിക്കാവുന്നതാണ്. ഏതെങ്കിലും രോഗസൂചനകൾ കാണുമോ എന്ന ഭയത്തിൽ പലരും ഈ പരിശോധനകളിൽ നിന്ന് ഒഴിഞ്ഞു മാറുന്നു. കോവിഡിനു ശേഷം പലരോഗങ്ങളുടേയും ആക്രമണം അതിവേഗത്തിലും ശക്തിയിലുമാണ്. അതുകൊണ്ട് മുൻകൂർ പരിശോധനകൾ ഇക്കാലത്ത് അനിവാര്യമാണ്.

ആരെങ്കിലും ആരോഗ്യ പരിശോധനയിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നുണ്ടെങ്കിൽ കുടുംബക്കൂട്ടായ്മയിലെ എല്ലാം അംഗങ്ങളും സമ്മർദ്ദം ചെലുത്തിത്തന്നെ പരിശോധനയ്ക്ക് കൊണ്ടുപോകണം. ഇതെല്ലാം കുടുംബ മെഡിക്കൽ രജിസ്റ്ററിൽ ഡേറ്റു സഹിതം രേഖപ്പെടുത്തുകയും വേണം. ഫാമിലി ഡോക്ടർ എന്ന മുൻകാല സങ്കല്പം മാതൃകാപരമായിരുന്നു. സ്ഥിരപരിചിതനായ ഡോക്ടർക്ക് കുടുംബാരോഗ്യത്തിൽ ഇടപെടാൻ വളരെ എളുപ്പം സാധിക്കും.

ഇടവക തലത്തിലും കുടുംബക്കൂട്ടായ്മാ തലത്തിലും വികാരിയുടെ അനുമതിയോടെ അനുദിന ജീവിതത്തിൽ പ്രധാനപ്പെട്ട ടെസ്റ്റുകൾ നടത്തിക്കൊടുക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ഓരോ ഇടവകയിലും ഒന്നോ രണ്ടോ നേഴ്സുമാർ കാണാതിരിക്കില്ല. ഇടവക, കുടുംബകൂട്ടായ്മ എന്നിവയുടെ ചെലവിൽ ബി.പി (ബ്ലഡ് പ്രഷർ) നോക്കാനുള്ള യന്ത്രം വാങ്ങാൻ വലിയ ചെലവുവരില്ല. ഏകദേശം രണ്ടായിരം രൂപയോളം. പല യൂണിറ്റുകളിലേയും സാമ്പത്തികമായി മെച്ചപ്പെട്ടവർ ഇതെല്ലാം സസന്തോഷം സ്പോൺസർ ചെയ്യാനും മുമ്പോട്ട് വരാറുണ്ട്. ബി.പി. ചെക്ക് ചെയ്തശേഷം 200 പേജുള്ള പുസ്തകത്തിൽ രേഖപ്പെടുത്തി വയ്ക്കണം. സാധാരണയായി പ്രായപൂർത്തിയായ മനുഷ്യന് ബി.പി. 120/80എം.എം. ആയിരിക്കും. ചെറിയ വ്യതിയാനങ്ങൾ സ്വാഭാവികമാണെങ്കിലും അതും രേഖപ്പെടുന്നു. ബി.പി. നോർമലായി കണ്ടാൽ എല്ലാ ആഴ്ചയും പരിശോധിക്കണമെന്നില്ല. പക്ഷേ, ആറുമാസം കഴിയുമ്പോൾ വീണ്ടും പരിശോധിക്കണം. പിന്നെ കഠിന തലവേദന, തലകറക്കം, ക്ഷീണം എന്നിവയുള്ളവർ ഒട്ടും വൈകാതെ പരിശോധനയ്ക്ക് വിധേയമാകണം. ഞായറാഴ്ച അവസരത്തിൽ ഇടവകാംഗങ്ങളായ മെഡിക്കൽ ഡോക്ടർമാരിലൊരാൾ മാറി മാറി രോഗികളെ പരിശോധിക്കുന്നത് വളരെ ഉപകാരപ്രദമായിരിക്കും. ഒരു ജീവൻ രക്ഷിക്കുന്നതിനേക്കാൾ വലിയ പുണ്യമുണ്ടോ? ഇക്കൂട്ടത്തിൽ ശരീരഭാരം കൂടുതലാവുകയോ കുറയുകയോ ചെയ്യുന്നുണ്ടെന്ന് പരിശോധിക്കാൻ ഏതെങ്കിലും വീടുകളിൽനിന്ന് തൂക്കം നോക്കാനുള്ള വെയിങ്ങ് മെഷിൻ ലഭ്യമാക്കാവുന്നതേയുള്ളു. ഒരു നിശ്ചിത ഉയരം, പ്രായം എന്നിവയ്ക്ക് അനുവദനിയമായ തൂക്കം നോക്കാനും ലളിതമായ ഒരു ഫോർമുലയുണ്ട്.

മനുഷ്യ ശരീരത്തിലെ പഞ്ചസാരയുടെ അളവ് നിർണയിക്കാനും ലാബ് ജീവനക്കാർക്ക് കഴിയും. ഇതിന് അല്പം ചെലവ് വരും. പ്രമേഹത്തെക്കുറിച്ച് അറിവുള്ളവരും തിക്താനുഭവമുള്ളവരും ഇതിനു സഹായിക്കും. അല്ലെങ്കിൽത്തന്നെ പള്ളിയുടെ സഹായം തേടാവുന്നതുമാണല്ലൊ. നാമറിയാതെ പഞ്ചസാരയുടെ അളവ് വർദ്ധിച്ചും കുറഞ്ഞും ബോധരഹിതരായി വീണ് തലയിലും മറ്റും ആന്തരീക രക്തസ്രാവമുണ്ടായി മരിക്കേണ്ടിവരുന്നവർ ഏറെയാണ്. ഇതെല്ലാം അല്പം ശ്രദ്ധിച്ചാൽ തടയാവുന്ന രോഗങ്ങളാണ്. രോഗബാധയുണ്ടെന്നറിഞ്ഞാൽ മാത്രമല്ലേ ചികിത്സ (മിക്കവാറും ഇൻസുലിൻ) ഉപയോഗിക്കാനാവൂ. രക്താതി സമ്മർദ്ദത്തിനും പ്രമേഹത്തിനും ഒരു കാരണവശാലും നാടൻ ചികിത്സ, സ്വയം ചികിത്സ എന്നിവയെ ആശ്രയിക്കരുത്. ഇക്കാര്യത്തിൽ സാക്ഷരകേരളത്തിലും അന്ധവിശ്വാസങ്ങൾ ധാരാളമായിട്ടുണ്ട്. വർഷത്തിൽ രണ്ട് പ്രാവശ്യമെങ്കിലും ഇടവകയിലെ ഡോക്ടർമാരെ ഉൾപ്പെടുത്തി, സംശയനിവാരണക്ലാസുകൾ നടത്താവുന്നതാണ്.

ഈ കാലഘട്ടത്തിന്റെ മറ്റൊരു പ്രത്യേകതയാണ് മാനസീക ഉൽക്കണ്ഠ തുടങ്ങിയ അവസ്ഥകൾ. ചെറിയ സംശയങ്ങൾ, പരീക്ഷപ്പേടി, വിഷാദ രോഗം എന്നിവയെല്ലാം ഈ വിഭാഗത്തിൽപ്പെടും. ഇതിനും വിദഗ്ധരായ കൗൺസിലർമാരും ഡോക്ടർമാരും നമ്മുടെ ഇടവകയിൽ തന്നെക്കാണും. വികാരിയച്ചൻ, കൈക്കാരന്മാർ, ഏതെങ്കിലും ഭക്തസംഘടനയുടെ ഭാരവാഹി എന്നിവരുടെ ഏകോപനം വളരെ ഗുണം ചെയ്യും. വിവാഹാനന്തരം അഞ്ച്, പത്ത്, ഇരുപത് വർഷങ്ങൾ കഴിഞ്ഞവർക്ക് കൗൺസിലിങ്ങ് അത്യാവശ്യമാണ്.

വൃദ്ധരുടെയും കിടപ്പ് രോഗികളുടെയും കാര്യത്തിലും മെഡിക്കൽ സെല്ലിന് കാര്യമായി ഇടപെടാനാകും. രോഗവിമുക്തി ലഭിക്കാൻ സാധ്യതയില്ലാത്തവർക്കും തീവ്രവേദനയനുഭവിക്കുന്നവർക്കും പാലിയേറ്റീവ് ചികിത്സ സഹായം ലഭ്യമാക്കുന്ന കണ്ണികളായി പ്രവർത്തിക്കാനും മെഡിക്കൽ സെല്ലിനാകും. ഇത്തരം സെന്ററുകളിൽ സൗജന്യ ചികിത്സയാണല്ലോ നൽകുന്നത്. ഈ പ്രവർത്തകരെ അറിയിച്ചാൽ പണം കൈപ്പറ്റാതെ സന്നദ്ധസേവനം നടത്തുന്ന റിട്ട. ഡോക്ടർമാർ, നഴ്സുമാർ, മറ്റ് സാമൂഹിക പ്രവർത്തകർ ആവശ്യാനുസരണം രോഗിയെ സന്ദർശിച്ച് വേദന വിമുക്ത സാന്ത്വന ചികിത്സ നൽകും. ജില്ലാ ആശുപത്രിയിലും താലൂക്ക് ആശുപത്രികളിലും ഇവ അർദ്ധസർക്കാർ വിഭാഗമായി പ്രവർത്തിക്കുന്നു. സ്വകാര്യമേഖലയിലും ഇവരുടെ സാന്നിധ്യമുണ്ട്.

മദ്യപാനം നിയന്ത്രിക്കാനാകാതെ വ്യക്തികളും കുടുംബങ്ങളും തകരുന്നത് പലപ്പോഴും കണ്ടുനിൽക്കാനേ ആകുന്നുള്ളു. കുടുംബാംഗങ്ങൾക്കുമാത്രം നേരിടാനാവാത്ത ഈ വിപത്തിനെ ചികിത്സക്കു വിധേയമാക്കാൻ മെഡിക്കൽ സെൽ അംഗങ്ങൾക്കു കഴിയും. തൃശൂർ ചേറൂരിലെ 'നെസ്റ്റ്', ഇരിങ്ങാലക്കുട രൂപതയിലെ ആളൂർ 'ബെറ്റർ ലൈഫ്' സ്ഥാപനങ്ങൾ മാതൃകാപരമായ സേവനമാണ് അനുഷ്ഠിക്കുന്നത്. മദ്യപാനികളുടെ വീട്ടുകാരുടെ സഹകരണത്തോടെ അല്പം നിർബന്ധത്തോടെത്തന്നെ അവിടെ എത്തിക്കാൻ മെഡിക്കൽ സെല്ലിന് കഴിയും. മാനസിക രോഗികളെ സർക്കാർ മാനസീകാരോഗ്യകേന്ദ്രത്തിലൊ പെരിങ്ങണ്ടൂരിലെ 'ടിംഹാൻസിലോ' കൊണ്ടു ചെന്നാക്കാം. ഇവിടെ ചികിത്സയും ഭക്ഷണവും സൗജന്യവുമാണ്.

ഇടവക അജപാലന പ്രവർത്തനത്തിന് മെഡിക്കൽ സെൽ ഇടവക വികാരിക്ക് സഹായകരമാണ്. വിശുദ്ധ കർമ്മങ്ങളുടെ അനുഷ്ഠാനം മാത്രമല്ലല്ലോ അജപാലനം. വൻചെലവിൽ തിരുനാളുകൾ നടത്തുമ്പോൾ ഇടവക ഗാത്രത്തിന്റെ ദുർബലാംഗങ്ങളെ പരിഗണിച്ച് അവർക്കൊരു ഫണ്ട് വർഷംതോറും മാറ്റിവയ്ക്കുമ്പോഴാണ് തിരുനാൾ പൂർണമാകുന്നത്. ദുർബലമായ അവയവങ്ങൾക്കാണല്ലോ കൂടുതൽ പരിരക്ഷ സ്രഷ്ടാവ് ശരീരത്തിൽ സജ്ജീകരിച്ചിരിക്കുന്നത്. ഇത്തരം സഹായസഹകരണങ്ങൾ മറ്റ് മതസ്ഥർക്കും സംലഭ്യമാക്കിയാൽ മെഡിക്കൽ സെല്ല് ഒരു മിഷനറി പ്രവർത്തനം കൂടിയായി മാറും. മതസൗഹാർദ്ദം പുലരുകയും ചെയ്യും.

വേളാങ്കണ്ണി തീർത്ഥയാത്ര
MATHA TOURS & TRAVELS
KALLUR, MAVINCHUVADU
www.matha tours and travels.in
വേളാങ്കണ്ണി തീർത്ഥയാത്ര
A/c Push Back Seat
Non A/c Push Back Seat
Volvo A/c 2200 രൂപ
Biju Pulikan 9447650728 9846404301
Rinu Kunnan 9995242628 7034382628 7034775522

വേളാങ്കണ്ണി തീർത്ഥയാത്ര
SHINS TRAVELS
AINIKKAL WEIGH BRIDGE, OLLUR
(New Industrial Estate)
VOLVO A/c - 2200/-
3+2 A/c - 1800/-
Night Meals, Break Fast
Lunch
For Booking : Dinner
9645990990, 9447201850

